# അമ്മേ! പ്രഭാമയീ...

ജസീ പി. കാസിം


അമ്മേ തവദ്രൂപമെന്റെ മിഴികളിൽ
ഉണ്മയായ് വന്നു തെളിയുമെല്ലായ്പ്പൊഴും
നിൻമൊഴി മന്ത്രമെൻ കണ്ണുപുടങ്ങളിൽ
നിർവൃതി തൻകണം തൂകുന്നു നിത്യവും.
നിൻ മൃദുമന്ദഹാസം ചൊരിയുന്നിതെൻ
നെഞ്ചിൽ നറും നിലാവിന്റെ കുളിരല
നിൻപല്ലവാംഗുലി തൻ മൃദുസ്പർശമെൻ
ചേതനയെപ്പുണരുന്നുഷസ്സന്ധ്യയായ്.
എന്റെ ഭയാലസ്യമാർന്ന മനസ്സിനെ–
നിന്റെ സാന്നിദ്ധ്യം സുരക്ഷിതബോധമായ്
വന്നു പുണർന്നീടുകെന്റെ സുഷുപ്തിയിൽ–
സ്വപ്നമായ് നീ വന്നലിഞ്ഞു ചേർന്നീടുക:
നിന്റെ മൗനത്താൽ വ്രണിതമാമെൻ ദുഃഖ–
ചിന്തയിൽ സാന്ത്വനഗീതം പൊഴിയുക.
അമ്മേ! പ്രഭാമയി, നിൻ മൃദുപാണിയാൽ
എന്നെപ്പുണരുക, നിന്നധരങ്ങളാൽ–
എന്നെ മുകരുക, നിൻ സ്നിഗ്ദ്ധകോമള–
മായ മിഴികളാൽ എന്നെത്തഴുകുക–
നിൻ ദുഗ്ദ്ധധാര – അമൃതമായ് വർഷിച്ചി—
തെന്റെ ബോധത്തെയുണർത്താൻ കനിയുക!
നീയുഷസ്സായെന്റെ വാനിലുദിക്കുക!
നീനിലാവായെന്റെ രാവിൽ നിറയുക!

മടുപ്പിന്റെ സാന്ധ്യവെട്ടത്തിൽ തുരുമ്പെടുത്ത ജനലഴികൾക്കപ്പുറകിൽ സ്വപ്നങ്ങളിലേ
തുറന്നുവെച്ചകണ്ണുകൾ ആകുലമാകുന്നു. നമ്മുടെ അവസ്ഥയിൽ ഏതു കാമ്പസിലും ഈ കണ്ണുക
കാണാം. സ്വപ്നം കവിത സമരം പഠനം സംശയം എല്ലാററിനുമിടയ്ക്ക് സ്വകാര്യമായി കിട്ടു
ഏതാനും നിമിഷങ്ങൾ. ഗതികിട്ടാത്ത അത്തരം നിമിഷങ്ങളുടെ ആത്മാവ് തിരയുകയാ
പ്രദീപ് തന്റെ ഏതാനും ഡയറിക്കുറിപ്പുകളിലൂടെ. — എഡിറ്റ

# അരളിക്കാടുകളിലെ സന്ധ്യകൾ

പ്രദീപ് ടി.

കോളേജ് ഗേററിനുമുമ്പിൽ ബസ്സിറങ്ങുമ്പോൾ സന്ധ്യയായി തുടങ്ങിയിരുന്നു. പുതുമഴയുടെ ഗന്ധം മൂക്കിലേക്കടിച്ചു കയറി. എല്ലാം പഴയതുപോലെ തന്നെ പുതുവർഷം ഒരു മാററവും വരുത്തിയിട്ടില്ല.



ഡ്രൂപിംഗ് അശോക് മരങ്ങൾക്കുകീഴെ കരിയിലകൾ ചിതറികിടക്കുന്നു. ഇനിയും വെള്ളത്തുള്ളികൾ വററിത്തീരാത്ത പഴുത്തിലകൾക്കിടയിൽ ഒരു മൈന പുഴുക്കളെ തിരയുകയാണ്.

ഇതാ തിരിച്ചെത്തിയിരിക്കുന്നു. ഡിസംബറവധിക്കുശേഷം ഹോസ്റ്റലിൽ ഒരാൾ പോലും തിരിച്ചെത്തിയിട്ടില്ല.

പണിക്കർ ഉമ്മറത്ത് കിടന്നുറങ്ങുകയാണ്. പാവം ക്ഷീണിച്ചിരിക്കുന്നു ചിലപ്പോൾ ഉച്ചക്ക് ഒന്നും കഴിച്ചിട്ടില്ലായിരിക്കണം.

മുറിതുറക്കെ, ഒരുകൂട്ടം കൊതുകുകളാണ് ആദ്യം സ്വാഗതമോതിയത് ഭാഗ്യം — ആരും മറന്നിട്ടില്ല.

○

ഹോസ്റ്റലിടനാഴികയുടെ മൂലക്കിട്ട കട്ടിലൊഴിഞ്ഞു കിടക്കുന്നു പണിക്കരിനിയും ഉറങ്ങിയിട്ടുണ്ടാവില്ല. അവസാന ബീഡിത്തുണ്ടും വലിച്ചുതീർന്നിരിക്കുന്നു ബീഡിവലിക്കാനാകാത്ത പ്രഭാതത്തെയോർത്തു പനി പിടിച്ചവന്റെ നിഷ്ക്രിയതപോലെ ചാരുകസേരയിലേക്ക് ചുരുണ്ടുകൂടി. മയക്കത്തിന്റെ ഒരുകോണിൽ വാതിൽപ്പാളി മെല്ലെത്തുറന്ന് പണിക്കർചോദിച്ചു.

“മാഷാണ്ട്യോ? ലേററാകുമെന്നുപറഞ്ഞ് ഹാഷീറും ഗഫൂറും പോയി. പന്ത്രണ്ടരയായിട്ടും വന്നിട്ടില്ല.”

ഉറക്കംതൂങ്ങുന്ന കണ്ണുമായി പണിക്കർ പരിഭവം പറഞ്ഞു.

“ബീഡിണ്ടോ പണിക്കരേ–?”

എണീററ് പണിക്കരുടെ മടിക്കുത്തിൽ തപ്പി.

വൈകീട്ട് സ്റ്റാൻറിൽ പോയില്ല നിപ്പും എ
ചെയ്യാ? ഹാഷീറ് വന്ന്ട്ട് ചോയ്ക്കാം.

“നിങ്ങള്പോയി കെടന്നോ പണിക്കരേ –
അവന്മാര് മെസ്സീട്ടത്ത് കഴിച്ചോളും ബുദ്ധിമുട്ടണ്ട”

വിളർത്തകണ്ണുകൾ തിരുമ്മി പണിക്കർ നടന്നു പോയി.

ഹോസ്റ്റലിനെ കുറിച്ച് ചിന്തിക്കുമ്പോഴൊക്കെയും പണിക്കർകടന്നുവരുന്നു എന്തോഒരനിവാര്യത പോലെ ഹോസ്റ്റലും പണിക്കരും ഊടും പാവും പോലെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഞാനോർത്തു.

പല്ലുതേച്ചുകൊണ്ട് പത്രം വരുന്നതും കാത്തിരിക്കവെ, ജാഫറാണ് പറഞ്ഞത്; ''പണിക്കരെ മാത്രം മറക്കാനാവില്ല. അയാളിവിടമാകെ നിറഞ്ഞുനില്ക്കുന്നു. അമ്മൂമ്മക്കഥയിലെ നിധിസൂക്ഷിപ്പുകാരനെപ്പോലെ.''

○

പെട്ടെന്ന്മനസ്സിലേക്ക് ഒരീറനണിഞ്ഞ പ്രഭാതം കടന്നുവന്നു. വേനലവധിയിൽ കോളേജ് ശൂന്യമായിരുന്നു. ഹോസ്റ്റൽ മുററത്ത് കടലാസു കഷ്ണങ്ങൾ പാറിക്കളിക്കുന്നു. പഠിച്ചതെല്ലാം തലച്ചോറിലുറപ്പിക്കാൻ എഴുതിയെഴുതിത്തീർത്ത കടലാസുതുണ്ടുകൾ. പിന്നെ പരീക്ഷക്കുശേഷം എല്ലാം വലിച്ചെറിയുന്നു. എല്ലാം മറക്കാനെന്നതുപോലെ.

ഹോസ്റ്റലുമ്മറത്തിട്ട ബെഞ്ചിൽ പണിക്കർ കുനിക്കൂടിയിരിക്കുന്നു. ഏറെക്കാലമായി ഷേവുചെയ്യാത്ത താടിതടവി എന്തോ ആലോചനയിലാണ്. പിന്നെ മുഖമുയർത്തവെ, ഒരു തെളിഞ്ഞ ചിരി പരക്കുന്നു.

''പണിക്കരെന്താ വീട്ടിൽ പോയില്ലേ'' ബാഗു തോളത്തു നിന്നെടുത്ത് ബെഞ്ചിൽവെച്ച് ഞാൻ ചോദിച്ചു.

നിഷേധാത്മകമായി പണിക്കർ തലകുലുക്കി. പിന്നെ മുഖത്തെ പുഞ്ചിരി മാഞ്ഞുപോയി. എന്തോ, ഇയാൾക്കിവിടുന്ന് പോകാനൊക്കില്ലെന്ന് തോന്നുന്നു. ശമ്പളം കിട്ടിയാൽ മാത്രം പണിക്കർ വീട്ടിൽ പോകും. അപ്പോൾതന്നെ തിരിച്ചുവരികയും ചെയ്യും. ഹോസ്റ്റലിൽ മാത്രമാണ് പണിക്കർക്ക് ബന്ധങ്ങളുള്ളതെന്ന് തോന്നുന്നു.

''എന്താ പണിക്കരു പോകാത്തേ?'' ഞാനൊരു ചോദ്യമിട്ടു.

''ഇവിടെ പിന്നാരാ — ഇതൊക്കെ നോക്കാൻ—''
വിശാലമായ ഹോസ്ററൽവളപ്പിലേക്ക് കൈചൂണ്ടി പണിക്കർ ചോദിച്ചു.

സ്വന്തം വീടുപോലും പണിക്കരിത്ര സ്നേഹിക്കുന്നുണ്ടാവില്ല.

○

നിൻെറ മനസ്സിൻെറ കണ്ണാടിച്ചില്ലിൽ എൻെറ നിശ്വാസത്തിൽനിന്നും നീർക്കണങ്ങൾ പററിച്ചേരുന്നു. ആർദ്രമായ ഭൂമിപോലെ എല്ലാം ഉൾക്കൊള്ളുന്ന നിൻെറ ജീവൻ. ഇവിടെ എനിക്കെന്താണ് പ്രസക്തി?

നിന്നെക്കുറിച്ചുള്ള ഓർമ്മകൾക്കു മുന്നിൽ പോലും ഞാനിങ്ങനെ വികാരാധീനനാവുന്നല്ലോ — ഉഷസ്സും സന്ധ്യയും ഋതുഭേദങ്ങളുമൊക്കെ നിന്നെക്കുറിച്ചുള്ള ഓർമ്മകളുമായി എനിക്കു മുന്നിലൂടെ കടന്നുപോകുന്ന പ്രണയോന്മാദം എത്ര മഹത്തരവും ഊഷ്മളവുമാണെന്ന് ഞാനിപ്പോഴറിയുന്നു. പ്രപഞ്ചരഹസ്യങ്ങളുടെതാളങ്ങൾ നിൻെറ കൃഷ്ണമണികളിൽ ദർശിച്ച നിമിഷത്തേയാണ് ഞാനിപ്പോൾ ഏററവും കൂടുതൽ സ്നേഹിച്ചുപോവുന്നത്.

വഴിക്കാഴ്ചകളൊക്കെയും ദുഃസഹവും ഭീതിദവുമാകുന്ന പീഢിതൻെറ ഹതാശമായ മനസ്സിൻെറ കൈവഴികളിലേക്ക് ഒരു കൊച്ചുമുഖം. ഓർമ്മിക്കാനും താലോലിക്കാനുമായി ഒരു നിമിഷത്തിൻെറ തണൽ— പ്രണയോപാസനയുടെ കയങ്ങളിലേക്ക് സന്ധ്യകൾ മറഞ്ഞുപോകുന്നു. കാല്പനിക പ്രണയ സങ്കല്പങ്ങളെ ഒരു നിമിഷംപോലും താലോലിക്കുവാനാകാതെ വിങ്ങിക്കരഞ്ഞുപോയ സന്ദർഭങ്ങൾ ജീവിതത്തിലേറെയുണ്ട്. എന്നിട്ടും മനസ്സിപ്പോൾ പിടികിട്ടാൻ പററാത്ത എന്തൊക്കെയോ ആയി രൂപാന്തരംകൊള്ളുകയാണ്.

ദിവാസ്വപ്നങ്ങളിൽ പോലും ഒരു കരിയെഴുതിയ കണ്ണ് തെളിഞ്ഞിരുന്നില്ലല്ലൊ.

നിമിഷങ്ങളിലെസൗഹൃദം പേരാലിൻെറവലിപ്പം കൈക്കൊള്ളുമ്പോൾ ഇങ്ങനെയൊക്കെയാണ് സംഭവിക്കുകയെന്ന് നീയറിഞ്ഞിരിക്കുന്നോ?

''ബിന്ദൂ കരയാതെ, കരഞ്ഞ് കരഞ്ഞ് കണ്ണീർ ചാലിന് നീളം കൂടുമ്പോൾ ഉറക്കെയൊന്ന് ചിരിക്കണം ചിരിച്ച് ചിരിച്ച് —

''എന്തിനാ ഇതൊക്കെ പറ്യേണേ – വേണ്ടാട്ടോ''—

നിൻെറ കണ്ണുകളിൽനിന്നും എന്നെക്കാണാനാവുന്ന കാലമെത്ര ദൂരെയാണ് — ?

○

റൗണ്ട്ബോട്ടം ഫ്ളാസ്കിൽ ഈതൈൽ റസോർസിനോൾ ജന്മമെടുക്കുകയാണ്. എന്തൊക്കെയോ കൂട്ടിക്കലക്കി ഫ്ളാസ്കിലൊഴിച്ച് ബർണറിനുമുകളിൽ വെച്ചതുമാത്രം ഓർമ്മയുണ്ട്. ഇതുവരെ ഫ്ളാസ്കിൽ ദ്രാവകം തിളച്ചുമറിയുന്നതും നോക്കി നില്ക്കുകയായിരുന്നവല്ലോ.

രൂപപ്പെടുന്ന ഈതൈൽ റസോൾസിനൊക്കെയും ഫ്ളാസ്കിൻെറ വശങ്ങളിൽ പററിപ്പിടിക്കുന്നു. പിന്നെ താഴേക്ക് ഉരുകിയൊലിച്ച് വിവിധരൂപങ്ങളായി മാറിപോകുന്നു. ചെറിയചെറിയ കഷ്ണങ്ങളായിപൊട്ടിപൊട്ടിപ്പടരുന്നു.

''ജുബൈറാ, നോക്ക്....എന്തൊരു ഭംഗിയാണെന്നോ?'' ഫ്ളാസ്കനികത്തേക്ക് വിരൽചൂണ്ടി ഞാൻ പറഞ്ഞു പൊട്ടിപ്പടരുന്ന കഷ്ണങ്ങളിലേക്ക് ഒരുനിമിഷം നോക്കി, അവൾ ചിരിച്ചു.

''ഇതൊക്കെ നോക്കിനില്ലാ – ചെന്ന് വെയ്ററ്റുക്കാൻ നോക്ക്.''

അതെ, ക്ലാസ്മുറികളുടെ സ്വപ്നങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുന്നു.

"കുറെയൊക്കെ പ്രാക്ടിക്കലാവാൻ നോക്കണം" ആൻറണിമാസ്റ്റർ പറഞ്ഞതാണ്.

"ദാ, ഞാനും വരുന്നു. പതുക്കെ വെയിറ്റിംഗ് റൂമിലേക്ക് നടന്നു

○

നാരായണൻനായരുടെ അഭയംകിട്ടാത്ത ആത്മാവ് മനസ്സിൽ മൂളിനടക്കുകയായിരുന്നു താടിക്ക് കൈകൊടുത്ത് നിശ്ചലനായിരിക്കെ കുട്ടപ്പൻ ചോദിച്ചു.

"നിങ്ങളെന്തിനാ ഇതൊക്കെ ചോയ്ക്ക്ണെ"

"വെറുതെ" ഒന്നിനുമല്ല. അറിയാൻ അഭയംകിട്ടാത്ത ആത്മാക്കളുടെ പ്രേതഭൂമികളിൽനിന്നും തിരിച്ചു പോകുമ്പോൾ ഇത്തിരിഓർമ്മകൾ ഒന്ന് താലോലിക്കാനും, ഇടക്കൊന്ന് വിചാരം കൊള്ളാനും.

കുട്ടപ്പേട്ടൻ പറഞ്ഞു കൊണ്ടിരുന്നു. "അന്ന് ഒരു വെള്ളിയാഴ്ചയായിരുന്നു. നാരായണൻനായര് ഊണു കഴിക്കാൻ അന്നുവന്നില്ല. ഇടക്കൊക്കെ അങ്ങനെയാണ്. ചോറു ഞാനവിടെ കൊണ്ടുകൊടുക്കും. ആ ഹൈസ്കൂളിനു മുന്നിലെ ഒഴിഞ്ഞവീട്ടിലായിരുന്നു അയാളന്ന് താമസിച്ചിരുന്നത്. ഞാൻ അവിടെ ചെല്ലുമ്പോൾ അയാൾ വെറുതെ ഇരിപ്പായിരുന്നു. ചോറു കൊടുത്ത് തിരിച്ചുപോരുമ്പോൾ അയാളങ്ങിനെ ചെയ്യുമെന്ന് ഞാൻ സ്വപ്നേപി കരുതിയില്ല. പിന്നെ എന്തു പറയാന – ശവം കെട്ടിതാഴെയിറക്കിയത് ഞാനായിരുന്നു."

ചെയ്തുപോയ കൃത്യത്തെക്കുറിച്ചോർത്തായിരിക്കാം, കുട്ടപ്പേട്ടൻ തൻെറ കൈപ്പത്തിയിലേക്ക് ചുഴിഞ്ഞു നോക്കി.

ചായക്കടയിൽ പതിവുപററുകാരെല്ലാം വന്നുപോയിരുന്നു. കുട്ടപ്പേട്ടൻ എണീററ് അടുപ്പിൽ വെള്ളം തളിച്ച് തീ കെടുത്തി. കടപൂട്ടാൻഒരുങ്ങുകയായിരുന്നു.

"നാരായണൻനായർ ഇവിടമാകെ പറന്നുനടക്കായിരിക്കും"

ഒരു സംഭാഷണത്തിനുള്ള തുടക്കമെന്നതുപോലെ ഞാൻ പറഞ്ഞു.

"അങ്ങനെ എന്തൊക്കെ, എത്ര കാഴ്ചകൾ കണ്ട കണ്ണാണിത്."

സംഭവങ്ങളുടെ കുത്തൊഴുക്കുകളിൽ എന്തൊക്കെയോ ഓർമ്മകളെ പിടിച്ചുലക്കുന്നു ചിലതൊക്കെ മനസ്സിൻെറ ഉള്ളറകളിൽ ജീവിക്കുന്നു:

ഉച്ചച്ചോറിൻെറ ബാക്കി ബക്കററിലേക്ക് പകർന്നു വെളിച്ചമണച്ച് കുട്ടപ്പേട്ടൻ പറഞ്ഞു;

"നേരം കൊറ്യയി. നിങ്ങള് പൊയ്ക്കൊ"

പിന്നെയും കേൾവിക്കാരനാകാൻ കൊതിച്ച് മനസ്സില്ലാ മനസ്സോടെ ഇറങ്ങി നടന്നു

ഇടവഴിയിൽ ഇരുട്ട് തളംകെട്ടികിടക്കുകയാണ്. ഇവിടെവെച്ചാണ് അബ്ദുറഹിമാൻ മരണത്തെ മുഖത്തോടുമുഖം കണ്ടത്. പതിനാറാം വയസ്സിൻെറ സ്വപ്നങ്ങളൊക്കെയും ഒരു നിമിഷം കൊണ്ട് പറന്നുപോയി. നീലിച്ചകാലടി മനോമുകുരത്തിൽ തെളിഞ്ഞു പെട്ടെന്ന് പോക്കററിൽതപ്പി. തീപ്പെട്ടിക്കമ്പിൻെറ വെളിച്ചത്തിൽ ഓരോ ചുവടുവെച്ചു. ഹോസ്റ്റലിലെത്തിപ്പെട്ടപ്പോഴാണ് ശ്വാസം നേരെ വീണത്.

ഇന്ന് എന്തൊക്കെയനുഭവങ്ങളാണ് മനസ്സിലേക്കെത്തിപ്പെട്ടത്. ഉറക്കം ഒരിക്കലും ശരിയാവില്ല.

വാതില്ക്കൽ ഒരു നിമിഷം ശങ്കിച്ചുനിന്നു. തുറക്കണോ, വേണ്ട. മുറിതുറന്നാൽ പുസ്തകങ്ങളുടെ പരിഹാസച്ചിരിയിൽനിന്നും രക്ഷപ്പെടനാവില്ല അക്ഷരങ്ങൾ മുഖത്തേക്കു നോക്കി പല്ലിളിക്കുന്നതുപോലെ. എല്ലാം മനസ്സിലേക്ക് കനൽകോരിയിടുന്നു. ഞാനോർത്തു ഇന്നലെയും ഇങ്ങനെയായിരുന്നു. ഉറക്കംപോലും നിഷേധിക്കപ്പെടുകയാണ്.

പോർട്ടിക്കോയിൽ മലർന്നുകിടന്നു ആകാശത്തിലേക്ക് മിഴിയുയർത്തി മനസ്സ് ശാന്തമാക്കാൻ ശ്രമിച്ചു.

രാത്രി. നക്ഷത്രങ്ങളുടെ വിശുദ്ധി നിറഞ്ഞൊഴുകുന്ന ഒരുമുഖം മനസ്സിൽ കത്തിനില്ക്കുന്നു. നിദ്രയുടെ ആഴങ്ങളിൽ നനുത്ത വിരൽത്തുമ്പ് മുഖത്താകെ ഇഴഞ്ഞു നടക്കുന്നു പെട്ടെന്ന് ഞെട്ടിയെണീററു.

"അമ്മേ"

"എന്തുപററി മോനെ, എന്തുപൊള്ളുന്ന പനിയാണീശ്വരാ – പേടിക്കണ്ടല്ലോ – അമ്മ അടുത്തുണ്ട്."

നെററിയിൽ അമ്മയുടെ തണുത്ത കരസ്പർശം

അമ്മയോട് പറയണോ, വേണ്ട – പിന്നൊരിക്കലാവാം.

○

വയ്യ, പാരവശ്യങ്ങളുടെ ഈ ഭാണ്ഡം ഇറക്കിവെച്ചേ പററൂ. ഇടക്കൊക്കെ നിലാവിൻെറ സാന്ത്വനംപോലെ ആനന്ദിപ്പിക്കുകയും പിന്നെ നുള്ളിനോവിപ്പിക്കുകയും. ഇതെന്തൊരൊഴിയാബാധയാണ്?

പ്രണയമേ, എൻെറ പ്രണയമേ, ഞാൻ അസ്വസ്ഥനാവുന്നുവല്ലോ.

○

അക്കാദമിക് വർഷത്തിലെ അവസാനക്ലാസ്സും കഴിഞ്ഞ് പുറത്തിറങ്ങി. അടഞ്ഞുകിടക്കുന്ന വാതിലുകളും ജനാലകളും. വിദ്യാർത്ഥിസാഹസങ്ങളെ കണ്ടു മറന്ന കാംപസ്. അവരുടെ ഗദ്ഗദങ്ങൾ ഈ അന്തരീ

ക്ഷത്തിലാകമാനം വിതുമ്പി നില്ക്കുന്ന അവരുടെ കണ്ണീരിന്റെ ചൂടുമാറാത്ത മണൽത്തരികൾ.

മൗനത്തിന്റെ ആഴങ്ങളിൽ കുളിച്ചുനില്ക്കുന്ന വരാന്തയിലൂടെ നടന്നു പൊടുന്നനെ ഒരു വാതിൽപ്പാളി ചോദിച്ചു:.

"ഏയ് നമ്പർ ഒമ്പതു്, താനെവിടെപ്പോകുന്നു?"

ഞെട്ടിത്തിരിഞ്ഞു നോക്കി. അതേ, കാംപസ്സുകളിൽവെച്ച് നനവുകളായി മാറിപ്പോയ തന്നോടുതന്നെയാണ്. എന്റെ മൗനത്തെയോർത്ത് വാതിൽപ്പാളി പിന്നെയും പറഞ്ഞു:

"തനിക്കെവിടെയും പോകാനൊക്കില്ല. തന്റെ പാതകൾ ഇവിടെവെച്ച് അവസാനിക്കുന്നു".

ഭീതിദമായ നിശ്ശബ്ദതയിൽ മനസ്സുപിടയ്ക്കുന്നു. തൂണും ചാരിനിന്ന് കിതച്ചു.

"പോട്ടെ, പിന്നെക്കാണാം" കണ്ണീരിൽ രാജപ്പന്റെ മുഖമാകെ ചുവന്നുതുടുത്തു. ഗദ്ഗദങ്ങളിൽവാക്കുകൾ മുറിഞ്ഞുപോയി. ഹോസ്റ്റലിന്റെ പടിയിറങ്ങുമ്പോൾ കരച്ചിലടക്കാൻ രാജപ്പൻ പാടുപ്പെടുന്നതുകണ്ടു.

വിശ്വസിക്കാനാവുന്നില്ല എത്ര ഗാഢമായ ബന്ധങ്ങളാണ് ഹോസ്റ്റൽമുറിയിൽ രൂപമെടുക്കുന്നത്.

○

ഇന്ന് പരീക്ഷകളവസാനിക്കുകയാണ്. ഹോസ്റ്റൽ മുററത്ത് ബഹളങ്ങളൊടുങ്ങിയിരിക്കുന്നു.

എല്ലാവരും തിരിച്ചുപോവുകയാണ്. ഓരോമുറിയിൽനിന്നും ഒഴിഞ്ഞുപോകാൻ തുടങ്ങുന്നവർ. പെട്ടിയൊതുക്കുകയും, കിടക്ക കെട്ടിവെക്കുകയും ചെയ്യുന്നതിന്റെ ബഹളത്തിൽ ഹോസ്റ്റൽ മുങ്ങിപ്പോകുന്നു. പണിക്കർ ഓരോ പെട്ടിയുമെടുത്ത് ഹോസ്റ്റൽമുററത്ത് അടുക്കിവെക്കുകയാണ്.

"പോട്ടെ, പിന്നെകാണാം"

"എഴുതെഴുതു്"

"മറക്കരുതു്, വീട്ടിൽ വരണം"

"നോക്കട്ടെ"

"അഡ്രസ്സ് കയ്യിലുണ്ടല്ലോ"

"ഉണ്ടു്"

"എന്നാൽ ശരി, പോട്ടെ"

"പിന്നെകാണാം"

കാണാം, കാണാം, കാണാം....

അനന്തമായ കാലദൈർഘ്യങ്ങൾക്കുമപ്പുറത്തുവെച്ച് ഒരു കൂടിക്കാഴ്ച. തിരിച്ചറിയാൻ പോലുമാവാതെ ശങ്കിച്ചുനില്ക്കെ, ഒരുപചാരവാക്ക്.

"പോട്ടെ, സമയമില്ല. എന്തൊരു തിരക്കാണെന്നോ, പിന്നെ കാണാം."

അതേ, തിരക്കാണ് എല്ലാവർക്കും.

ഈ ദുസ്സഹമായ ജീവിതപ്രശ്നങ്ങളിൽ നിന്നൊഴിഞ്ഞു ഒന്നുചിരിക്കാൻ, ഒന്നുകരയാൻ, പിന്നെ രണ്ടു കൈകളിലും പിടിച്ച് കണ്ണുകളിലേക്കുറ്റുനോക്കി, എന്തെങ്കിലും പറയാൻ ഇനി നമുക്കെന്നാണ് കഴിയുക.

"സലാമേ, പോട്ടെ, എവിടെയെങ്കിലും വെച്ച് കാണാം"

ഹാഷിറിന്റെമുഖത്ത് തെളിഞ്ഞശാന്തത നിറഞ്ഞുനിന്നിരുന്നു.

"ഹോസ്ററലിൽ നിന്നിറങ്ങിപ്പോകുമ്പോഴാണ് ഏററവും വിഷമം തോന്നുന്നതു്. ക്ലാസിലെ സോഷ്യലിനുപോകുമ്പോൾ ഒന്നും തോന്നിയിരുന്നില്ല ഇവിടെ എന്തിനേയും നേരിടാൻ ഒരു സമാനഹൃദയന്റെ താങ്ങുണ്ടായിരുന്നു. ഇതാ ഇനി ഒററക്കാണ്".

തോളത്ത് കൈവെച്ച് ഹാഷിറ് പറഞ്ഞു

ആശംസകളൊന്നും സമ്മാനിക്കാനില്ലാത്ത ഈ വിടവാങ്ങൽ.

ഗഫൂർ, ആൻറണി, ചന്ദ്രു, റസാക്ക് .... എല്ലാവരും ഒഴിഞ്ഞുപോകുകയാണ്.

"പോകാം"

"ശരി"

എല്ലാവരും പെട്ടിയും കിടക്കയുമെടുത്ത് നടന്നു ചെരുപ്പിന്റെ ശബ്ദം മാത്രം കേൾക്കാം.

ബസ്സിൽ പെട്ടിയെടുത്തുവെച്ച് ചന്ദ്രു താഴെക്കിറങ്ങി.

"പോട്ടെ"

ബസ്സ് നീങ്ങിത്തുടങ്ങിയിരുന്നു ഉയരത്തിൽ കൈ വീശി.

ഒരു കൂട്ടം കൈകൾ ബാക്ക്സീററിൽ ഇളകികൊണ്ടിരുന്നു.

ഹോസ്റ്റലിലേക്ക് തിരിച്ചുനടക്കെ ഒരുകൂട്ടം കൈകൾ മനസ്സിൽ നിറഞ്ഞുനിന്നു ഘനീഭവിച്ച മനസ്സുമായി കസേരയിലേക്ക് ചാഞ്ഞു.

പണിക്കർ ഒഴിഞ്ഞമുറികളൊക്കെയും അടിച്ചുവാരുകയാണ്. എത്രയോ വിടവാങ്ങലുകൾ കണ്ടു മറന്ന പണിക്കർ. ഓരോ മുറിയും പണിക്കർ എത്രയോ തവണ വൃത്തിയാക്കിട്ടുണ്ടാവണം. എങ്കിലും ഓരോ മുൻതാമസക്കാരനെയും അയാൾ കൃത്യമായി ഓർമ്മിക്കുന്നു.

വാതിൽ പതുക്കെ തുറന്നു് പണിക്കർ ചോദിച്ചു:

"മാഷെന്നാ പോവ്വാ"

പോകണം. ഒരിക്കൽ, എല്ലാവരും പോയ്ക്കഴിഞ്ഞിട്ട്. യാത്ര പറയാൻ പണിക്കർമാത്രമുള്ളപ്പോൾ.

○

"ആദ്യത്തെ ഇൻറർവ്യൂ ആണോ?"

"അല്ല."

"ആദ്യമായി പൊതുവായ ഒരു ചോദ്യമാവട്ടെ. ബർണാഡ്ഷായെക്കുറിച്ച് എന്തറിയാം?"

"ഒന്നുമറിയില്ല."

"ഒന്നുമറിയില്ല? പിന്നെ നിങ്ങൾ ഒരു ബിരുദധാരിയാണെന്നു പറഞ്ഞത്?"

"ബോട്ടണിയിലാണ് ഞാൻ ബിരുദമെടുത്തത് അതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിച്ചാൽ നന്നായിരുന്നു."

"ശരി. 'ബോട്ടണി' എന്നപദം ഒന്ന് നിർവ്വചിക്കാമോ?"

– "സസ്യങ്ങളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖ."

"ആവട്ടെ ഈ ഓഫീസിന്നു മുമ്പിൻ ഒരു പൂന്തോട്ടം നിർമ്മിക്കാൻ ഞാനുദ്ദേശിക്കുന്നു. ഈ പരിതസ്ഥിതിയിൽ യോജിക്കുന്ന ചില ചെടികൾ താങ്കൾക്ക് നിർദ്ദേശിക്കാമോ?"

– ക്ഷമിക്കണം; ഒരു ഹോർട്ടിക്കൾച്ചറിസ്റ്റിനേ (Horti culturist) ഇക്കാര്യത്തിൽ താങ്കളെ സഹായിക്കാനാവൂ".

# അറിവിൻെറ അതിരുകൾ

## ടി. പി. എം. ഷെറീഫ്

"എന്തുകൊണ്ട്? നിങ്ങളുടെ വിഷയവുമായി ബന്ധമുള്ള ഒരു കാര്യത്തിൽ പൊതുവായ മാർഗ്ഗനിർദ്ദേശം പ്രതീക്ഷിച്ചു കൂടാ?"

–ഹോർട്ടിക്കൾച്ചർഞങ്ങളുടെ സിലബസ്സിൽ വരുന്നില്ല"

"സിലബസ്സിൽ വരാത്ത കാര്യങ്ങൾകൂടി പ്രയോഗിക പ്രയോജനം പരിഗണിച്ച് സ്വയം പഠിക്കാൻ ശ്രമിച്ചു കൂടെ?"

– "സിലബസ്സ്തന്നെ വേണ്ടത്ര വിപുലമാണ്. എന്നിരിക്കെ, മററുകാര്യങ്ങളിൽ ശ്രദ്ധതിരിച്ചാൽ പരീക്ഷയെ സാരമായി ബാധിച്ചേക്കാം. കുറെ പ്രായോഗിക വിജ്ഞാനം കൈവശമാക്കിയെങ്കിലും ഡിഗ്രി പരീക്ഷയിൽ വേണ്ടത്ര പ്രാവീണ്യം കാണിക്കാതിരുന്നെങ്കിൽ താങ്കളെന്നെ ഈ ഇൻറർവ്യൂവിന്ന് വിളിക്കുമായിരുന്നുവോ?"

"ഒരു വിധത്തിൽ നിങ്ങൾ പറയുന്നത് ശരി തന്നെ. അതിരിക്കട്ടെ; സിലബസ്സിൽപെടുന്ന പ്രധാന വിഷയങ്ങൾ ഏതൊക്കെയാണെന്ന് പറയാമോ"

– "തീർച്ചയായും; ഒന്നാമതായി ടാക്സോണമി"

"ടാക്സോണമി?"

– "അതായത് വർഗ്ഗീകരണം."

"വർഗ്ഗീകരണം?"

– ലോകത്തുള്ള മുഴുവൻ സസ്യജാലങ്ങളെയും വർഗ്ഗങ്ങളും ഉപവർഗ്ഗങ്ങളുമാക്കിത്തിരിച്ച് പഠന വിധേയമാക്കുന്ന ശാസ്ത്രശാഖ."

"അതു ശരി. ഇതിൻെറ പ്രായോഗികമായിട്ടുള്ള ഉപയോഗം എങ്ങിനെയാണ്?"

– "പ്രായോഗികമായി?"

"അതേ നിത്യജീവിതത്തിൽ ഈ ശസ്ത്രശാഖ എങ്ങിനെ ഉപയോഗപ്പെടുത്താം എന്നതിനെക്കുറിച്ച്...."

– നിത്യജീവിതത്തിൽ വളരെയൊന്നും പ്രയോജനകരമായെന്ന് വരില്ല. എന്നാൽ ഗവേഷണരംഗത്തു് അതു വരുത്തിയ വിപ്ലവകരമായ മാററങ്ങളെക്കുറിച്ച് പറയുകയാണെങ്കിൽ...."

"ക്ഷമിക്കണം. ഗവേഷണം മനുഷ്യനന്മക്കുള്ള ഒരു പ്രക്രിയയാണെന്നാണ് ഞാൻ കരുതുന്നത്"

– "അതേ. എന്നാൽ മനുഷ്യൻെറ വിജ്ഞാനശേഖരത്തിലേക്കുള്ള ഓരോ സംഭാവനയും, അതെത്ര നിസ്സാരമായാലും, വിലപ്പെട്ടതാണെന്ന്കൂടി ഓർക്കണം."

"ശരി ശരി. സഹകരണത്തിനു് നന്ദി. ഇൻറർവ്യൂവിൻെറ ഫലം പിന്നീടറിയിക്കാം."

കാളക്കുറ്റൻമാരുടെയും കലാപങ്ങളുടെയും നാട്. ലാറ്റിനമേരിക്ക ഇന്ന് സ്വാതന്ത്ര്യ പോരാട്ടത്തിന്റെ ഉച്ചാവസ്ഥയിലാണ്. ഓരോ വാക്കും അഗ്നി ചൊരിയുന്ന ലാറ്റിനമേരിക്ക മനുഷ്യവിമോചനത്തിന് പുതിയ കരുത്ത് നൽകുന്നു. സമഗ്ര സ്വാതന്ത്ര്യം ചോര ആവശ്യപ്പെടുന്നുണ്ടെന്ന് അത് വിളിച്ചുപറയുന്നു. പോരാടുക, മനുഷ്യരെ മൃഗമാക്കി മാറ്റുന്ന മനുഷ്യരുടെ ഭരണകൂടങ്ങൾക്കെതിരെ ആയുധമെടുക്കുക. ഈ പോരാട്ടം തുടങ്ങിയിട്ട് വളരെ കാലമായിരിക്കുന്നു. നശിച്ചുപോവാത്ത മനുഷ്യത്വവും പ്രതീക്ഷയും. അതാണ് ലാറ്റിനമേരിക്കൻ കവിതയുടെ കരുത്ത്. കവിതയെ ജീവിതത്തിൽനിന്ന് മാറ്റിനിർത്താനാവില്ലെന്ന് അതുറക്കെ പറയുന്നു. കവിത ഇവിടെ ജീവിതത്തിന്റെ ചോരയും മജ്ജയുമാണ്. പ്രണയത്തിന്റെ ഖനിയും സ്വപ്നത്തിന്റെ മണ്ണുമാണ്. അനന്തകാലത്തേക്ക് കവിതയും സ്വപ്നവും ബാക്കിവെച്ച് കൊലയുടെ ചുഴികളിലേക്ക് ആണ്ടുപോയ നെരൂദ, ലോർക്കാ എന്നിവർക്കൊപ്പം ഒക്ടേവിയാപാസ്, വയേഹ, ഗിയേൻ ഇവരുടെപട്ടിക നീണ്ടുപോകുന്നു. അശാന്തിയുടെ വേനൽ ലോകമെമ്പാടും പരന്നുകൊണ്ടിരിക്കുന്നു. ഇത്തരുണത്തിലാണ് ലാറ്റിനമേരിക്കൻ സാഹിത്യപഠനം നമുക്ക് പ്രസക്തമാകുന്നത്. മാഗസിനുവേണ്ടി ഈ ലേഖനം തയ്യാറാക്കിയിരിക്കുന്നത് സുരേന്ദ്രമോഹനാണ്.

— എഡിറ്റർ

# അശാന്തിയുടെ വേനൽയാമങ്ങൾ

ഇന്നും എൽസാൽവദോറിലെ നഗ്നമായ ഊർവ്വരതയിൽ ചീറിയടിക്കുന്നത് ഇനിയും രക്തക്കറ മാഞ്ഞിട്ടില്ലാത്ത ശൈത്യവാതങ്ങളാണ്. സമാന്തരതയിൽനിന്ന് വ്യതിചലിച്ച് കലാപത്തിന്റെ കറുത്ത ഹൃദയം കാത്തുസൂക്ഷിക്കുന്നവരെ വേട്ടയാടാൻ സി. ഐ. എ യുടെ കണ്ണുകളുമായി കൃപയിൽ കഴുകന്മാർ ചിറകടിച്ചുയരുന്നു. വിശപ്പ് ലാറ്റിനമേരിക്കയുടെ ആത്മീയതയാണ്. മാർക്സിസം ലാറ്റിനമേരിക്കയുടെ സിരകളിൽ ഉജ്ജ്വലവും ഉണർവ്വും നേരുന്നു. അനിവാര്യമായ വർഗ്ഗസമരത്തിന്റെ നിരന്തരമായ പോർവിളികൾ ദാനംചെയ്ത ചോരയൊലിക്കുന്ന മുറിവുകൾ ലാറ്റിനമേരിക്കയുടെ ഹൃദയത്തിൽ വ്യക്തമാണല്ലോ. അതുകൊണ്ടു തന്നെ കാലഘട്ടത്തെ ആഴത്തിൽ പൊതിഞ്ഞ നിസ്സംഗതയുടെ മൗനം ലാറ്റിനമേരിക്കൻ കവിതകളിൽ വിണ്ടുകീറുന്നു. അനിവാര്യമായ സംഭാഷണത്തിന്റെ ജ്വലിക്കുന്ന മുഹൂർത്തത്തിലേക്ക് കറുത്ത കവികൾ സ്വന്തം തിരുമുറിവുകളിലെ രക്തം ആവാഹിച്ചെറിയുന്നു. വിപ്ലവകരമായ ആത്മബോധവും സംഘഗാനത്തിന്റെ ശക്തിയും അവർ തിരിച്ചറിയുന്നു. പണിയുന്ന കൈകളുടെ കരുത്തും വിയർക്കുന്ന ഉടലിന്റെ വിലയും തീർച്ചയായും കറുത്ത കവിതകളിൽ ദു:ഖകനങ്ങളാകുന്നില്ല.

### ദുർമരണത്തിന്റെ പോർക്കാളകൾ

കാളപ്പോരിന്റെ നാട്, ദുർമരണങ്ങളുടെ നാട്, സ്പെയിൻ. ചുവന്ന ജന്മത്തിനെതിരെ മരണത്തിന്റെ കരിമ്പുഗാഥ പാടുന്ന പോർക്കാളയും മുറിവേറ്റ ഗാത്രത്തിൽ വിജയമുന്നത പൊരുതിയെടുക്കുന്ന ഉന്മാദനായ പോരാളിക്കുമിടയിൽ ലോർക്ക പ്രഭാതങ്ങൾ തേടുന്നു. മൃത്യുവിന്റെ അത്യുദാരമായ നൊമ്പരങ്ങളുമായി ഏകാന്തമായ ദുർമൃത്യുവിന്റെ സ്പെയിനിൽ നിന്ന് ഒരു മുറിവേറ്റ പ്രവാചകൻ, ഫെഡറിയോ ഗാർഷ്യലോർക്ക, മരണമില്ലാത്ത കവി, 36-ലെ സ്പാനിഷ് ദേശീയയുദ്ധത്തിൽ അമേരിക്കൻ കടൽച്ചെന്നായ്ക്കളുടെ കൊലച്ചതിക്കിരയായ വെളുത്ത ആത്മാവ്. മൃതിയുടെ മഞ്ഞുപോലെ അലിഞ്ഞുതീർന്നവൻ.

'നിന്റെ നഗ്നത കാണുകയെന്നാൽ ഭൂമിയെ ഓർക്കുകയാണ്' 'നിന്റെ നഗ്നത കാണുക: ദുർബ്ബലമായ അരക്കെട്ട് നേടുന്ന മഴയുടെ ഉത്കണ്ഠകൾ അറിയുകയാണ്.' 'ശയ്യയിൽ തണുത്ത പനിനീർ മലരുകൾക്കു താഴെ മരിച്ചവർ അവരുടെ അവസരവും കാത്തുവിലപിക്കുന്നു! ഒഴിഞ്ഞ കുതിരകളും രജത ചക്രവാളവുമായി തുന്നലുകളില്ലാത്ത ഭൂമി. സ്വന്തം കവിൾ തുടിപ്പ് കാണാനാ

വാത്ത അനന്തമുഖമുള്ള കടലിന്റെ വിറയൽ പോലെ ഏകാന്തത. അവസരവും കാത്തു കഴിയുന്ന മരിച്ചവർ ഒസ്‌മൃതിയായി വളരുന്നു. ദുർമരണങ്ങൾ, 'ചായുന്ന സ്റ്റ്' യിൽ അനന്തസമസ്യകളുടെ അടിയൊഴുക്കുകൾ ആരായുന്ന ലോർക്കയുടെ വ്യഥിത മനസ്സിന്റെ പീഡിത ചിത്രം തെളിയുന്നു.

ദിവ്യാനുഭൂതിയായി സ്നേഹംപോലെ വെളുത്ത ഒന്നിന്റെ നൊമ്പരങ്ങൾ പോലെ മൃത്യു അനുഭവമാകുന്നത് ലോർക്കയുടെ കവിതകളിൽ മാത്രമാണ്, ജലംകൊണ്ട് മുറിവേല്പ്പിക്കുന്നതു പോലെ.

തീച്ചയായും ദുർമരണങ്ങളുടെ നിശാമാലാഖമാർ സ്പെയിനിൽ ലോർക്കയിൽ അവശേഷിപ്പിക്കുന്ന നഗ്നയാഥാർത്ഥ്യം ഏകാന്തതയാണെന്ന് തോന്നുന്നു.

ഫേനദന്തം, സ്വർഗീയാധരങ്ങൾ, അങ്ങുദൂരെ സമുദ്രം ചിരിക്കുന്നു. നിസ്സംഗമായ ജീവിതത്തിന്റെ വേദനിപ്പിക്കുന്ന സാമിപ്യത്തിലൂടെ, ജീവിത വ്യാപാരങ്ങളുടെ ദിശാവ്യതിയാനങ്ങളുടെ ഏതോ സാധ്യയാമങ്ങളിൽ നിന്ന് ലോർക്ക കടൽ വെള്ളത്തിന്റെ പാട്ടു പാടുന്നു.

വ്യഥിതമായ സ്പെയിനിന്റെ മൌനം. ആകാശം ചുഴററി വീഴുന്നു. പുതുവെളിച്ചം മഞ്ഞപ്പൂക്കളുടെ കിരീടം ചൂടുന്നു. ഏകാന്തയാമങ്ങളിൽ നിന്ന് ഏകാന്തയാമങ്ങളിലേക്ക് കരിമുയുലും കഴിഞ്ഞ സ്പെയിനിന്റെ പവിത്രപാതയിലൂടെ സദാ ഏകാകിയും വിശുദ്ധവുമായ ദുഃഖവുമായി കറുത്ത പർവ്വതം ഇറങ്ങിവന്ന ജിപ്സി കന്യാസ്ത്രീ, ആസ്വാദക മനസ്സിൽ അവബോധത്തിന്റെ തീക്കനലുകൾ ആവോളം കോരിനിറക്കുന്ന കവി. കറുത്ത ദുഃഖത്തിന്റെ പാട്ടുകാരനാവുകയാണ്.

സ്വപ്നജലധാര സംരക്ഷിക്കുന്ന കുട്ടി, ഉദയത്തിന്റെ മണൽക്കമ്പാരത്തിൽ മുങ്ങിപ്പോയ പ്രകാശത്തിന്റെ മരുഭൂമികൾ. മുറിവേററ രാത്രി. കള്ളിച്ചെടിപോലെ ശുദ്ധനഗ്നത. സമുദ്രത്തിന്റെ ഏകാന്തത. എത്ര അനുഭവിച്ചാലും അതാര്യമായ ഏകാന്തതപോലെ പ്രതീക്ഷയെക്കുറിച്ച്, മനുഷ്യനെക്കുറിച്ച് പാടുന്ന ലോർക്കയുടെ നഗ്നസൗന്ദര്യം ഒരു വെളിപാടിനപ്പുറം അദൃശ്യമാകുന്നു, തീച്ചയായും.

മാക്കപിക്കുവിന്റെ ഉന്നതങ്ങളിൽ

സ്പെയിനിന്റെ വരണ്ടമുഖം, നുരകൽകൊണ്ട് തീർത്ത സമുദ്രം. ജീവിതത്തെ അളന്നു മുറിക്കുന്ന കൃത്രിമത്വങ്ങളുടെ വേദനിപ്പിക്കുന്നബോധം, കുറുനരികളെ വെറുക്കുന്ന കുറുനരികളും അണലികളെ വെറുക്കുന്ന അണലികളും തകർന്ന സ്പെയിനിന്റെ രക്തം കണ്ടലറിയടക്കുന്ന പ്രഭാതങ്ങളിലിരുന്ന് നെരൂദ സംക്രമിക്കുന്നു. ''എന്തുകൊണ്ടാണ് അവന്റെ കവിത ഇലകളെയും കിനാവുകളെയും ജന്മനാട്ടിലെ കൂററൻ അഗ്നിപർവ്വതങ്ങളെയും കുറിച്ച് സംസാരിക്കാത്തതു്?'' ''വരൂ, ഈ തെരുവുകളിലെ രക്തം കാണൂ'' (ചില കാര്യങ്ങളുടെ വിശദീകരണം)

---

'' ഞാനെന്റെ കൈകളാഴ്ത്തട്ടെ
ഈ സ്തബ്ധസമൃദ്ധിയിലൂടെ
ശിലയുടെ നിശീഥിനിയിലൂടെ
ആയിരം വർഷമായി തടവറയിൽ പൂട്ടിയിട്ട
ഒരു പക്ഷിയെപ്പോലെ
വിസ്മരിക്കപ്പെട്ടവന്റെ പ്രാക്തന ഹൃദയം
എന്നിൽ സ്പന്ദിക്കട്ടെ.
ഈ സൗഖ്യം ഞാനിന്നുതന്നെ മറക്കട്ടെ
സമുദ്രത്തെക്കാൾ വലിയ ഈ സൗഖ്യം
മനുഷ്യൻ സമുദ്രത്തെക്കാൾ വലുതാണ്
ദ്വീപുകളേക്കാൾ വലുത .
നാം അവനിലേക്ക് വീഴണം,
കിണറിലേക്കെന്നപോലെ
അവന്റെ ആഴങ്ങളിൽനിന്ന്
രഹസ്യജലത്തിന്റെ ഒരു ശിഖരവും
മുങ്ങിപ്പോയ സത്യങ്ങളുംകൊണ്ട്
ഉയർന്നു വരണം ''

**നെരൂദ**

---

അമ്ളങ്ങൾ കരണ്ടു തീർന്ന സൂര്യോദയത്തിന്റെ മദ്ധ്യത്തിൽ ഭീകരമായ ഖനികളിൽ വെടിയുപ്പു കോരുന്നവന്റെ സാന്ദ്രഗന്ധമാണ് നെരൂദയുടെ കവിതകൾ സംക്രമണം ചെയ്യുന്നതു്.

സിംബലിസത്തിന്റെയും സർറിയലിസത്തിന്റെയും സന്ധ്യാശോണിമയിലിരുന്ന് 'ഇരുപതു പ്രണയഗീതങ്ങളും ഒരു നിരാശഗീതവും' 'ഭൂമിയിൽ നിവാസവും' രചിച്ച നെരൂദയെ സ്പെയിനിലെ ആഭ്യന്തരയുദ്ധവും ലോർക്കയുടെ ദാരുണവധവും തെരുവിലെ രക്തത്തിലേക്ക് വലിച്ചെറിഞ്ഞു. വർഗ്ഗസമരത്തിന്റെ കരുക്ഷേത്രഗീതകളും വംശസ്മൃതികളുടെ വിദൂരവാക്യങ്ങളും അടിമയുടെ അടങ്ങാത്ത ക്രോധങ്ങളും, നെരൂദയുടെ കവിതകൾ ആസ്വാദനതലത്തിൽ മഹത്തായ ശൂന്യതകൾ ചൂണ്ടിക്കാണിക്കുന്നു.

ക്രിസ്തുവിന് മൂവ്വായിരം വർഷങ്ങൾക്കുമുമ്പ് നിർമ്മിക്കപ്പെട്ട ഇൻകാഗോത്രക്കാരുടെ നഗരമായ മാക്കുപിക്കുവിനെക്കുറിച്ചുള്ള പന്ത്രണ്ടു കവിതകളിൽ ചോളംപോലെ ചവിട്ടിമെതിക്കപ്പെട്ട, പരുക്കൻ ചിറകുകളുള്ള പല മരണമനുഭവിച്ച, മരണത്തിനു്കാത്തിരുന്ന് ആശ വെടിഞ്ഞവരുടെ അപ്പംകൊണ്ട്, കടന്നാക്രമിക്കപ്പെട്ടവരുടെ, അമർഷത്തിന്റെ ചോരത്തുള്ളികൾ പകർത്തിയെഴുതുന്നു. തീച്ചയായും പ്രകൃതിയുടെ നിതാന്തമായ സാന്ദ്രസ്മൃതികളും ചരിത്രത്തിന്റെ നനഞ്ഞതൂവലുകളും ഓരോ വരികളിലും ഉണർന്നുകിടക്കുന്നുണ്ട്. പടനായകന്റെയും പടയുയർത്തിയവന്റെയും വിയപ്പിനെ മാനിക്കാത്ത ഔന്നത്യങ്ങൾ തോൽപ്പിക്കപ്പെട്ട പ്രവർത്തനങ്ങളും നികൃഷ്ടസംവേദങ്ങളുമായാണ് നെരൂദ നിസ്സംശ

...ളയും കരുതുന്നത്. മഹത്തായ ലാളിത്യം നെരൂദയുടെ സാന്ദ്രമായ സാമൂഹ്യവീക്ഷണത്തിന്റെ കൂടപ്പിറപ്പാണ്. വേനലുകളിൽ പിറന്നുവീണ, നാടോടിഗോത്രങ്ങൾ കണ്ട് മനം തകന്ന് തെരുവുകളുടെ ജീർണ്ണത ...ക്കുന്ന, ജീവിതത്തെ ജീവിതമാക്കുന്നതാണല്ലോ നെരൂദയുടെ സുതാര്യമായ വചനങ്ങൾ.

വയലിലെ തകർന്നകരിശുകളുടെ നേർക്ക് അടിച്ചുവീശിയ ഗരുഡന്മാരെപ്പോലെ ഉതണ്ടുപോകുന്ന അമ്പുകളും വിഷവാതകങ്ങളും കൊണ്ട് നെഞ്ഞുതുളഞ്ഞ 'യസബൽ മിറാൻഡ്' മാരെയും ഇടിമിന്നലിന്റെ അക്ഷമാല പഠിച്ചു ചിതറിപ്പോയ ചാരത്തിന്റെ മണമുള്ള പുത്രനായകന്മാരുടെയും നേർക്ക് സമ്പന്നമായ സ്മൃതികൾ പുലർത്തുന്നവയാണ് നെരൂദയുടെ കവിതകൾ. 'സ്മൃതി, വിസ്മൃതി, സ്മൃതി' എന്ന നഗ്നമായ വിനാന്ത്യക്കുറിപ്പുകൾ വ്യക്തമായ രാഷ്ട്രീയ വിഷാദത്തിന്റെ വെളിപാടുകളാവുന്നു. 71 – ൽ നോബൽസമ്മാനം നൽകി ബഹുമാനിച്ച നെരൂദയെ 73 – ൽ അലൻഡെ ഭരണത്തെ അട്ടിമറിച്ച സി. ഐ. എ. കുത്തിപ്പൊക്കിയ പട്ടാളവിപ്ലവത്തിൽ കൊലച്ചതിക്കിരയാക്കുകയാണുണ്ടായത്.

## സ്പെയിൻ, ഈ കോപ്പ എന്നിൽ, നിന്നെടുത്തു മാറ്റൂ.

നെരൂദയുടെ കവിതകളിൽ സംന്യാസമുണർത്തുന്നത് ആൾക്കൂട്ടമണെങ്കിൽ സെസർവയോഹവിന്റെ കവിതകൾ ഒറ്റപ്പെട്ട വ്യക്തികളിലാരംഭിച്ച് സമൂഹത്തിൽ ലയിക്കുന്ന വ്യക്തികളിലവസാനിക്കുന്നു. ലാറ്റിനമേരിക്കയുടെ വേനൽ യാമങ്ങളിൽ അവസാനിക്കാത്ത വർഗ്ഗസമരങ്ങളുണർത്തുന്ന തിരുമുറിവുകൾ വയോഹവിന്റെ വരികളിൽ നെമ്പരങ്ങളുടെ സന്ധ്യാനിഴലുകൾ വീഴുന്നു. 'സനാതനമായ വിഷാദത്തിന്റെ സുതാര്യമായ ആവിഷ്ക്കരണം സാദ്ധ്യമാവുമ്പോൾ തന്നെ സന്തുലിതമായ സംഭാഷണശക്തി നിലനിർത്തുവാനും കഴിഞ്ഞുവെന്നതാണ് വയോഹവിന്റെശക്തിയെന്നത് ജി ബ്രദേഴ്സൺ കണ്ടെത്തുന്നു.

നെരൂദയിൽനിന്ന് സെസർ വയോഹോവിലേക്കും നീക്കനോർപാറയിലേക്കുമുള്ള ചലനം കവിതയുടെ വാഗ്മിത്വത്തിലെ ചരിവും ഭാവുകത്വത്തിലെ ഉന്നതിയും കലാപത്തിലെ സമതയെയും കാണിക്കുന്നു.

'അവിശുദ്ധ കവിത'യിൽനിന്ന് 'പുതിയ'കവിതയിലേക്ക് ദാർശനികകലാപത്തിന്റെ വഴിതെളിച്ചുകൊണ്ട് പൂരിതമായ റെഡിന്ത്യൻ ഉത്പത്തിയുടെ സ്മൃതികളുടെ ചിതാത്മപുണ്ഡങ്ങൾക്ക് തീകൊളുത്തിക്കൊണ്ടാണ് രജസ്വലയായ 'പെറു'വിന്റെ സങ്കീർത്തനങ്ങൾ ഈ കറുത്ത ദൂതൻ (Block Henalds) പാടുന്നത്. ടൂഹിയോയിലെ തടവറയിലെ ജ്വലിക്കുന്ന ഏകാന്തതയും മോചനത്തിന്റെ മിഥ്യാവെളിപാടുകൾ ...ളുന്ന മതഭ്രംശം അടിച്ചേല്പിച്ച അനാഥത്വവും കവിതയിലെ ക്രൂരമായ കലാപത്തിന് വയോഹയെ പ്രേരിപ്പിച്ചു.

---

**നെരൂദയുടെ കവിതകളിൽ സംസാരമുണർത്തുന്നത് ആൾക്കൂട്ടമാണെങ്കിൽ സെസർ വയോഹവിന്റെ കവിതകൾ ഒറ്റപ്പെട്ട വ്യക്തികളിലാരംഭിച്ച് സമൂഹത്തിൽ ലയിക്കുന്ന വ്യക്തികളിലവസാനിക്കുന്നു. ലാറ്റിനമേരിക്കയുടെ വേനൽയാമങ്ങളിൽ അവസാനിക്കാത്ത വർഗ്ഗസമരങ്ങളുണർത്തുന്ന നീണ്ടമുറിവുകൾ വയോഹവിന്റെ വരികളിൽ നൊമ്പരങ്ങളുടെ സാന്ധ്യനിഴലുകൾ വീഴ്ത്തുന്നു.**

---

മരിച്ച യോദ്ധാവിന്റെ മരണാനന്തര മരുണങ്ങൾ ആലപിക്കുന്ന 'ജനങ്ങ'ളുടെ വിശുദ്ധമായ ശൂന്യത വയോഹയിൽ ഭീകരമായ പീഡനങ്ങളേല്പിക്കുന്നു. ആത്മാവ് നഷ്ടപ്പെട്ട സ്പെയിനിന്റെ അരോചകമായ സാന്നിദ്ധ്യം, ചുമലിൽ അപ്പകഷണവുമായി തീർത്ഥയാത്രയുടെ ധന്യമുഹൂർത്തങ്ങൾ എരിയിച്ചുകളയുന്ന മനുഷ്യപ്പററങ്ങൾ, നിരന്തരമായ അന്യാതത്യത്തിലും മൂകമാവുന്ന മനുഷ്യമനസ്സുകൾ, വയോഹ സംഭാഷണത്തിന്റെ ജ്വലിക്കുന്ന സായാന്തനങ്ങളിലേക്ക് ഇവിടെയിരുന്ന് അലറിവിളിക്കുന്നു. നെരൂദ അനിർവ്വാര്യമായും അടിച്ചേല്പിച്ച ദാർശനീക മൗനത്തിൽനിന്നും തീർത്തും ഒഴിച്ചുകൂടാനാവാത്ത സംഭാഷണത്തിന്റെ ഊഷ്വരയാമങ്ങളിലേക്ക് വയോഹയുടെ തോററംപാട്ടുകൾ സടകുടയുന്നു.

ഗോത്ര പൈതൃകങ്ങളുടെ കരുത്തിന്റെ കറുത്ത യാമങ്ങളുടെ ഏതോ ദുർനിമിഷങ്ങളിൽ സ്വന്തം മരണവൃത്താന്തം പ്രവചിച്ച വയോഹ അതുപോലെ പാരീസിൽ വെച്ച് മരിക്കുകയും ചെയ്തു.

## സംഭ്രാന്തരായ ചിലന്തികൾ.

മനുഷ്യബോധമനസ്സുകളിലെ ഏതോ ശാലീന സന്ധ്യകളിലെ ആദിരൂപങ്ങളിൽ പീഡനത്തിന്റെ വെളിപാടുകളുണർത്തുന്ന സംഭ്രാന്തമായ ചിലന്തികളാണ് ഓക്ടോവിയ പാസിന്റെ വരികൾ. വേരുകളുറങ്ങിക്കിടക്കുന്ന പാരമ്പര്യങ്ങളുടെ മജ്ജയും മിത്തുകളുടെ രക്തവും ഉറയാവുന്നു. പാസ് സർറിയലിസത്തിന്റെ വേനൽ ശോണിമയിലിരുന്ന് ജ്വലിക്കുന്നു. ശുഭാപ്തിവിശ്വാസവും കിരാതമായ ഊർജ്ജസങ്കരവുമുറങ്ങുന്ന ആദിമബിംബങ്ങൾ പാസിന്റെ കവിതകൾക്ക് അസാമാന്യ കരുത്തുപകരുന്നു. പാസ് മനുഷ്യനിൽ വിശ്വസിക്കുന്നു, പ്രകൃതിയിൽ വിശ്വസിക്കുന്നു, കവിതയിൽ വിശ്വസിക്കുന്നു, കവിതയിലൂടെ, പ്രണയത്തിലൂടെ മനുഷ്യന് ആത്മസാക്ഷാത്കാരം നേടാനാവുമെന്ന് വിശ്വസിയ്ക്കുന്നു.

പാസിന്റെ അത്യുന്നത രചനയാണ് 'സൂര്യശില' സൂര്യശില അസ്റ്റെക്ക് ഗോത്രക്കാരുടെ ശിലയിൽ തീർത്ത പഞ്ചാംഗമാണ് 584 ദിനങ്ങളെടുക്കുന്ന ശുക്ര

മണം ആധാരമാക്കിയിട്ടുള്ള പഞ്ചാംഗത്തിനെന്നപോലെ കവിതയ്ക്കും 584 വരികളുണ്ട്. മെക്സിക്കൻ നിരൂപകനായ ആലിചുമക്കറേ, പാമ്പ് സ്വന്തം വാൽ വിഴുങ്ങുന്ന സമാഹൃതവൃത്തത്തോട് കവിതയെ ബന്ധപ്പെടുത്തുന്നു.

സൂര്യശിലയെ അവലോകനം ചെയ്തുകൊണ്ട് സച്ചിദാനന്ദൻ ചിന്തിയ്ക്കുന്നു, 'പാശ്ചാത്യസംസ്ക്കാരത്തിൽ ശുക്രൻ പ്രണയദേവതയാണ് ലൈംഗികവും ആത്മീയവും കാവ്യാത്മകവുമായ അനുഭൂതി മൂർദ്ധന്യാവസ്ഥയിൽ ഒന്നുതന്നെയാണെന്ന് ഉപനിഷത്തുകൾ പറയുന്നുണ്ട്. ഇവചേർന്ന് ഒരു സമഗ്രാനുഭൂതിയാണ് പാസ് മറുകരയെന്ന പ്രതീകംകൊണ്ട് സൂചിപ്പിയ്ക്കുന്നത്. കവിതയിലുടനീളം ലൈംഗികബിംബങ്ങളിലൂടെ സ്ത്രീ പുരുഷപ്രണയം പൂർണ്ണതയിലേയ്ക്കുള്ള ഒരു മാർഗ്ഗമാണെന്ന് കവി ധ്വനിപ്പിയ്ക്കുന്നുണ്ട്. ഇണ ചേരുന്ന നഗ്നതയ്ക്ക്, കാലത്തെ കടന്നുചാടാൻ കഴിയും.''

പാസിന്റെ പുരുഷസങ്കല്പം വിശദീകരിയ്ക്കുന്നു. ''അസ്റ്റെക്കുകൾക്കിടയിൽ ശുക്രദേവത 'ക്വെത്സാൽ ക്കോത്തൽ' ആണ്, തൂവലുള്ള ഈ സർപ്പം ജഡ. ചൈതന്യങ്ങളുടെ ദ്വൈതീഭാവത്തെ പ്രതിനിധാനം ചെയ്യുന്നു. നൃപരാജാവായിരുന്ന ക്വെത്സാൽ ക്കോത്തൽ, കൂട്ടുകാരുടെ പ്രേരണയാൽ മദ്യപിച്ച് സ്വന്തം സഹോദരിയെ പ്രാപിയ്ക്കാനിടയായി. പാപവിമുക്തിയ്ക്കായി നാടുവിട്ടു പ്രേതലോകത്തിലേയ്ക്കുപോയി പിന്നെ ഭൂമിയിലേയ്ക്ക് ഉയർന്നു. നാലാം യുഗാവസാനത്തിലെ പ്രളയത്തിൽ മരിച്ചമനുഷ്യരുടെ അസ്ഥികൾക്കുമേൽ സ്വയം ബലിയായി ഒരു പുത്തൻ മനുഷ്യവംശത്തെ സൃഷ്ടിച്ചുവെന്നാണ് കഥ. ഇങ്ങനെ പുതിയ മനുഷ്യസൃഷ്ടിയ്ക്കായുള്ള സമരവും സഹനവും കൂട്ടിച്ചേർന്ന ഒരു പ്രോമിത്തിയൻ ജീവിതമാണ് ശുക്രനിലൂടെ കവി ഉയർത്തിപ്പിടിയ്ക്കുന്ന ആദർശം.''

'സൂര്യശില'യിൽ, അനശ്വരതയും അനന്തമായ മൗനവും സ്വയം സൃഷ്ടമായ വൈരുദ്ധ്യങ്ങളും സ്വയം പൂർണ്ണമായ സംക്രമണത്തിനുശേഷം വ്യക്തമായും ശക്തമായും ധ്വനിപ്പിക്കുന്നു.

ഒരാദിമ സങ്കല്പത്തിൽ വേരുകളാഴ്ത്തി നവീനവിഷാദങ്ങളെ ആദർശവല്ക്കരിച്ചുകൊണ്ട് പാസ് സൂര്യശിലയെ അജ്ഞാതതലങ്ങളിലേയ്ക്ക് ഉയർത്തുന്നു. ലൈംഗികതയും പൗരുഷവും ആത്മീയതയും, ആത്മസമർപ്പണത്തിലൂടെ കവിതയിലേയ്ക്കാവഹിക്കുന്നു. 'മനുഷ്യന്റെ അതീതത്വം പുറത്തുള്ള ദൈവങ്ങളിലല്ല അവന്റെ അകത്തുതന്നെയാണെന്ന് കവി വളിപ്പെടുത്തുന്നു.

## മഹത്തായ മൃഗശാല

ക്യൂബയുടെ ദേശീയകവി, 80 – ൽ മലയാളം ആശാൻ സമ്മാനം നൽകി ബഹുമാനിച്ച നിക്കൊളാസ് ഗിയെന്റെ കവിതകളിൽ ക്യൂബയുടെ രക്തക്കറ തെളിഞ്ഞുകാണുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ദാർശനീക വ്യഥകളിൽ സാന്ദ്രമായ സാമൂഹിക വീക്ഷണവും ക്രൂരമായ നർമ്മബോധവും ഇഴചേർത്തി നൂതനഭാഷാശൈലിയും കവിത്വവും സ്വരൂപിച്ചെടുക്കാൻ ഗിയെന് സാധിച്ചു നിലാവുപോലെ സൗമ്യമായ ജീവിതപരാങ്മുഖതയിൽനിന്ന് (സെറിബ്രോ ഇകൊറബോൺ) ഉച്ചവെയിലുപോലെ യാഥാർത്ഥ്യമായ രാഷ്ട്രീയഗാഥകളി (തെംഗോ) ലേയ്ക്കാണ് ഗിയെന്റെ സാമൂഹ്യധാരണകളും കവിതാ സങ്കല്പങ്ങളും പടർന്നുകയറുന്നത്.

ഗോത്രത്തലവന്റെ കൂടാരമലങ്കരിക്കാൻ അവർ തലയോട്ടു തേടുമ്പോഴും ഈ 'കറുത്ത ഹോമർ' കവിതരചിക്കുന്നു. ക്രുദ്ധരായ ജനതതിയെ തേടുന്നു. കടലിന്റെ തീക്ഷ്ണമായ തീരങ്ങളിലടിയുന്ന തിരകളുടെ ഉന്മാദശക്തി അടിച്ചമർത്തപ്പെട്ടവനിലേയ്ക്കാവഹിയ്ക്കുന്നത് കാണാൻ വെമ്പുന്നു.

ഡോളർ വിരിച്ച മെത്തയിൽ കിടന്നുരുണ്ട് പെൻഷൻപറ്റിയ പല്ലുകൾകൊണ്ട് വടക്കേഅമേരിക്കചിരിയ്ക്കുന്നു. ചെഗുവേര, അവർ നിന്നെ ചുട്ടെരിച്ചാലും മണ്ണിൽ കുഴിച്ചിട്ടുലുകിച്ചാലും സിമിത്തേരിയിൽ ഒളിപ്പിച്ചുവച്ചാലും നിന്നെ കണ്ടെത്തുന്നത് തടയാൻ അവർക്കാവില്ല. ഉദ്യോഗത്തിന്റെ കൊടിൽപോലെ തുടകൾ; തിന്നാൻപറ്റിയ പഴംപോലെ വായ് സത്യസാന്ദ്രമായ ആക്ഷേപഹാസ്യത്തിന്റെ ചടുലവിഹായസ്സിലെവിടെയോ കത്തിയെരിയുകയാണ് നിക്കൊളസ് ഗീയെൻ, തന്റെ കവിതകളിലൂടെ.

തീർച്ചയായും, ലാറ്റിനമേരിക്കയുടെ നീഗ്രോ പൈതൃകത്തിന്റെ കറുപ്പും കരുത്തും അശാന്തിയുടെ വേനൽയാമങ്ങളിൽ നിർന്നിമേഷരാവുന്ന മുറിവേറ്റ പ്രവാചകരുടെ ക്ഷുഭിതസുവിശേഷങ്ങളുംമറ്റ് ലാറ്റിനമേരിക്കൻ തോറ്റംപാട്ടുകാരിലെന്നപോലെ നിക്കൊളസ്ഗിയെന്റെ വെളിപാടുകളിലും സുവ്യക്തമാണ്.

ഡോളർവിരിച്ച മെത്തയിൽ കിടന്നുരുണ്ട് പെൻഷൻപറ്റിയ പല്ലുകൾകൊണ്ട് വടക്കേ അമേരിക്ക ചിരിയ്ക്കുന്നു. ചെഗുവേര. അവർ നിന്നെ ചുട്ടെരിച്ചാലും സിമിത്തേരിയിൽ ഒളിച്ചുവച്ചാലും നിന്നെ കണ്ടെത്തുന്നത് തടയാൻ അവർക്കാവില്ല. ഉദ്യോഗത്തിന്റെ കൊടിൽ പോലെ തുടകൾ; തിന്നാൻ പറ്റിയ പഴം പോലെ വായ്. സത്യസാന്ദ്രമായ ആക്ഷേപഹാസ്യത്തിന്റെ ചടുലവിഹായസ്സിലെവിടെയോ കത്തിക്കരിയുകയാണ് നിക്കോളാസ് ഗീയെൻ, തന്റെ കവിതകളിലൂടെ

## ഭൂഗർഭ ശാസ്ത്രപാഠം

റൂയി ദെ മാത്തോസ്

[ആഗോളൻ സ്വാതന്ത്ര്യ പടയാളിയായി കവി 1943 ൽ ജനിച്ചു. ഇദ്ദേഹം പ്രശസ്തനായ ഒരുവാസ്തു ശില്പികൂടിയാണ്.]

മണ്ണ്
മണച്ചുകൾ, അഴുകിയ സസ്യാംഗം, കളിമണ്ണ്—
ഇവയുടെ മിശ്രിതമാകുന്നു.
മണ്ണ്
ചുള്ളികൾ അസ്ഥികൾ വിസർജ്യം
എന്നിവയുടെ മിശ്രിതമാകുന്നു.
മണ്ണിന്റെ നിർമ്മിതി
രക്തം കൊണ്ടാകുന്നു.
മണ്ണിന്റെ നിർമ്മിതി
അയിരുകൾ, വിയപ്പ്, അടിമതുപ്പിയ കഫം
എന്നിവകൊണ്ടാവുന്നു.
മണ്ണിന്റെ നിർമ്മിതി
ധാധുലവണങ്ങൾ യാതനവേരുകൾ
എന്നിവകൊണ്ടാകുന്നു.
മണ്ണിന്റെ നിർമ്മിതി
പാറകൾകൊണ്ടും, ഞെരിയുന്ന പല്ലുകൾകൊണ്ടും
ആകുന്നു.

മണ്ണ്
വെറുപ്പുകൾ കല്ല് സ്നേഹം
ഇവയുടെ മിശ്രിത മാകുന്നു.
മണ്ണ്
കളിമണ്ണുകൊണ്ട് മെനഞ്ഞ
ഇരുമ്പുകൊണ്ട് വാർത്ത
ആശകളുടെ മിശ്രിതമാകുന്നു.
മണ്ണ്
മരുഭൂമി സമതലം പരിവൃതം സമുദ്രം
എന്നിവയടങ്ങുന്ന സ്ഥലമാകുന്നു.
മണ്ണ് മനുഷ്യരുടെ സ്ഥലമാകുന്നു.
മണ്ണ് മനുഷ്യൻ തങ്ങൾക്ക്
സ്വതന്ത്രമായി ജീവിക്കാൻ
സ്വതന്ത്രമാക്കിയെടുക്കുന്ന സ്ഥലമാകുന്നു.
മണ്ണ്
അതേ മണ്ണിൽനിന്ന് ജനം
മണ്ണ്കൊണ്ട് നിർമ്മിക്കുന്നതാവുന്നു.

# ഭ്രാന്താശുപത്രിയിൽ

അബ്ദുറഹിമാൻ എൻ.

ഉറഞ്ഞുതുള്ളുമീക്കുളിരിളംകാററു,–
മുടുത്തുണിയെന്ന്യേ കിടക്കുംവാനാവു,–
മെരിവെയിലിൻെറ യുദാരതയ്ക്കുള്ളി–
ലൊളിച്ചുനില്ക്കുന്നോരിരുണ്ട ഛായയു,–
മൊരുകിനാവിൻെറ–
തകന്നവിഭ്രാന്തി–
യ്ക്കരികിൽ വിങ്ങുമീ വരണ്ട ഭൂമിയു,–
മിവിടെയാരെ കാത്തിരിപ്പു, ബോധത്തി–
ന്നറവുകൾവററി–
വരണ്ടുണങ്ങവേ,
വിടന്നജീവിതം–
നറുങ്ങി വീഴവേ.
കറുത്തകാരിരുമ്പഴികൾ തൻപിന്നിൽ
കലമ്പി, കണ്ണുനീർപൊഴിച്ചു, തങ്ങളാൽ–
ക്കയർത്തു, കൈകളാലിടിച്ചുമർത്ത്യത–
കടുത്തദുഃഖത്തിൻ,
കനലിൽനീറവേ,
കടന്നുവന്നതേതുഷസ്സിൻ കാഞ്ചന–
ക്കതിരൊളികാണാനിവിടെ വിഡ്ഢി ഞാൻ!
എനിക്കു മുൻപിൽ തീയെരിച്ചുനില്ക്കുന്നു,
കനത്തുവിങ്ങുമീ–
നിതാന്തമൂകത!
നെരിപ്പോടയെന്നിൽ ജ്വലിച്ചുനില്ക്കുന്നു,
നിറഞ്ഞധൂമിക–
യണിഞ്ഞരൌദ്രത!
ഋതുക്കളായെന്നെ, ചവിട്ടിമാററുന്നു.
തെറിച്ചകാലത്തി–
ന്നപാര വേഗത!
പിളന്നുപേവുമെന്ന ഹന്തയെ പ്പേർത്തു–
മളവുകോലാക്കിത്തിരിച്ചെടുക്കട്ടെ.
ഇവിടെയാരെക്കാത്തിരിപ്പുഞാനെന്ന–
ുറന്നചോദ്യവും–
മറന്നു പോവട്ടെ!

കഥ

# ചക്രത്തിൻെറ വർണ്ണങ്ങൾ

തലമുറകൾക്കു മുമ്പു തന്നെ എൻെറ കുടുംബത്തിലെ കാരണവന്മാർ തമ്മിൽ വഴക്കാണ്. ക്രമേണ തറവാടും പ്രതാപവും ഒടുങ്ങിയപ്പോൾ വഴക്കും താനേ ഒടുങ്ങി. ബാക്കി വന്ന സമ്പാദ്യം സമാനമായി ഭാഗിച്ചു. ഭാഗധേയത്തിൽ എൻെറ പിതാവിന് കിട്ടിയ വീതാംശമാണ് ഈ കാരിരുമ്പു ചക്രം.

പണ്ട് ഇതൊരു ഒററചക്രമായിരുന്നില്ല. മൊററയൂർ അംശം ദേശത്ത് ആദ്യമായി കാളവണ്ടി വാങ്ങിയത് എൻെറ തറവാട്ടിലെ കാരണവരായിരുന്നു. അരനാഴികദൂരത്തോളം കേൾക്കാവുന്ന ശബ്ദത്തോടെ കുണ്ടും കുഴിയും നിറഞ്ഞ നാട്ടുവഴിയിലൂടെ കുലുങ്ങി നീങ്ങുന്ന തേങ്ങ നിറച്ച കാളവണ്ടി, പ്രതാപം വിളിച്ചറിയിച്ചിരുന്നു. മന്തുകാലും വലിച്ചിഴച്ച് പുറത്തിറങ്ങുന്ന നാട്ടുകാർ ദേഹം നിറയെ പഴുത്തൊലിക്കുന്ന വസൂരിക്കലയുമായി ഓച്ഛാനിച്ചു നിന്നു. കാരണവരുടെ കാലശേഷം കാളവണ്ടി ആർക്കും വേണ്ടാതായി. പറമ്പിൻെറ മൂലക്ക് തുരുമ്പിച്ചു കിടക്കുന്ന വണ്ടിയുടെ പലഭാഗങ്ങളും, തറവാട്ടു വഴക്കിനിടക്ക് കാണാതായി. അവസാനം പിതാവിൻെറ കൈയിൽ കിട്ടിയ ഒററച്ചക്രം വീണ്ടും വണ്ടിയായി. തേങ്ങ കയററാനല്ല; പൂർവ്വപ്രതാപത്തിൽ അഭിമാനം കൊള്ളാൻ. അപ്പോഴും കടഞ്ഞെടുത്ത കാരിരുമ്പു ചക്രത്തിൻെറ തിളക്കം ഒററപ്പെട്ടു നിന്നു.

ഞാൻ കാണുമ്പോൾ മുതൽ ചക്രത്തിന് ഓരോ വശത്തും നാലുനിറങ്ങളുണ്ട്. വെളുപ്പ്, മഞ്ഞ, ചുവപ്പ്, കറുപ്പ് എന്നീ നിറങ്ങൾ ചക്രത്തെ കൃത്യമായി നാലായി ഭാഗിച്ചിട്ടുണ്ട്. ചക്രത്തിൻെറ കേന്ദ്രത്തിൽ നാലുനിറങ്ങളും ഒരു ബിന്ദുവായി അലിഞ്ഞുചുരുങ്ങുന്നു.

തിളങ്ങുന്ന ചക്രത്തിൻെറ കേന്ദ്രഭാഗത്ത് ആദ്യമായി ഞാൻ ശ്രദ്ധിച്ചത് എല്ലാ നിറങ്ങളിലും വളർന്നു പരന്ന എൻെറ മുഖമായിരുന്നു. ചക്രത്തോടടുക്കുന്നതിനനുസരിച്ച് മുഖം വലുതായും ചെറുതായും വന്നു. ഒരിക്കൽ, ചക്രം മുഴുവനും എൻെറ മുഖം നിറഞ്ഞു നിൽക്കുമ്പോൾ, ഞാൻ കൂടുതൽ സൂക്ഷിച്ചു നോക്കി. ചക്രത്തിൻെറ വെളുത്ത ഭാഗത്ത് സഹോദരിമാരുടെ തിളങ്ങുന്ന കണ്ണുകൾ തെളിഞ്ഞുവന്നു. അവരുടെഓരംചേർന്ന് വ്യഭിചരിക്കുന്ന ഒരമ്മയുടെ കള്ളച്ചിരിയും കണ്ണീരും. അവർക്കു പിന്നിൽ, മങ്ങിയ വെളിച്ചത്തിൽ ഒരു കാമുകിയുടെവിഷാദം തുടിക്കുന്ന മുഖം. ആ വട്ടമുഖത്തിനു ചുററും സ്വപ്നങ്ങൾ കൊണ്ടു നെയ്ത ഒരു പ്രകാശവലയം മറഞ്ഞും തെളിഞ്ഞും മിന്നി.

വെള്ള നിറത്തോട് ചേർന്നു കിടക്കുന്ന മഞ്ഞനിറത്തിന് തിളക്കം കുറവാണ്. അവിടെ അവ്യക്തമായ കുറെരൂപങ്ങൾ വലിപ്പത്തിൻെറ ആരോഹണക്രമത്തിൽ അടുക്കിയിരിക്കുന്നു. ഏതു വിധേനയും നേടാവുന്ന പ്രശസ്തിയും വിലകുറഞ്ഞ ജനപ്രീതിയുമാണ് ആ മഞ്ഞയിൽ തെളിയുന്നതെന്ന് എനിക്കു തോന്നിയത് എന്തുകൊണ്ടെന്നറിയില്ല.

ചോരയുടെ നിറത്തിലേക്ക് കണ്ണുകൾ കടന്നപ്പോൾ വിപ്ലവബോധം എന്നെയുണർത്തി. സ്വാതന്ത്ര്യത്തിൻെറയും ശക്തിയുടെയും നിറമാണ് ചുവപ്പെന്ന് പലപ്പോഴും എനിക്കു തോന്നിയിട്ടുണ്ട്. ദൃശ്യവും അദൃശ്യവുമായ ഒരു ശക്തിയുടെയും മുമ്പിൽ തല കുനിക്കാനും മുട്ടുമടക്കാനും ഞാൻ മടിച്ചു. ചുവപ്പിൻ തെളിഞ്ഞു വന്ന ശിലാരൂപങ്ങൾ എനിക്ക് കരുത്ത് പകർന്നു.

ചക്രത്തിലൂടെകറങ്ങി കറുപ്പിലെത്തിയപ്പോൾ കണ്ണുകൾക്കുതന്നെ ഒരുമടുപ്പ്. ഒരുപക്ഷെ ദുഃഖത്തിൻെറയും നഷ്ടത്തിൻെറയും നിറമാണ് കറുപ്പെന്ന മുൻധാരണകൊണ്ടായിരിക്കാം. ആ ഭാഗത്ത് എൻെറ മുഖത്തിനുമേൽ ഭീകരനായ ഒരു ചീങ്കണ്ണി തെളിഞ്ഞുവന്നു. വിശ്രമമില്ലാതെ മുമ്പോട്ടുകുതിക്കുന്ന ലോകത്തിൽ നിന്നു. പുറം തിരിഞ്ഞ്, എവിടെയും നേരത്തിനെത്താതെ, മെയ്യനങ്ങാതെ ലോകം കീഴടക്കാൻ വാപൊളിച്ചിരിക്കുന്ന ചീങ്കണ്ണി! ദുർമോഹത്തിൻെറ മൂർത്തരൂപവുമായി അതെന്നെ തുറിച്ചുനോക്കി. സമയം തെററാതെ ഓടികൊണ്ടിരിക്കുന്ന ഒരുയന്ത്രമനുഷ്യൻ അതിനുനേരെ ചീറിവന്നു. ചീങ്കണ്ണി അനങ്ങിയില്ല. ഞാൻ കണ്ണടച്ചു.

ഈചക്രത്തിന് ഇത്രഭംഗിയായി നിറംകൊടുത്തത് ഞങ്ങളുടെ തറവാട്ടിൻെറ ചിരകാല സുഹൃത്തായിരുന്ന ഏതോ ഒരെണ്ണക്കാരനാണെന്ന് മുത്തശ്ശിപറയാറുണ്ടായിരുന്നു. പക്ഷെ, അതിലപ്പുറം അയാളെപ്പററി ഒന്നും എനിക്കറിയില്ലായിരുന്നു. പക്ഷെപിതാവിൻെറ കാലശേഷം വണ്ടികാളകളെ തെളിക്കേണ്ടത് ഞാനായപ്പോൾ ഇത്തിരിഎണ്ണകിട്ടാൻ ഞാൻ എണ്ണകാരനെ തേടി. തളരുന്നതിനുമുമ്പ് എണ്ണകുടവുമായി എണ്ണക്കാരനെത്തി. പക്ഷെ എണ്ണകുടം പാതിയും ഒഴിച്ചിട്ടും കാരിരുമ്പിൻെറ ചക്രം മാത്രം കറങ്ങിയില്ല. അതുകൊണ്ടുതന്നെ നേരായവഴിക്ക് വണ്ടിഓടിയതുമില്ല. അന്നുമുതൽ ഒററദിവസം പോലും എൻെറ വണ്ടിക്ക് എണ്ണകിട്ടാതിരുന്നിട്ടില്ല. പതിവായിനിറഞ്ഞ എണ്ണകുടവുമായി എണ്ണക്കാരനെത്തി. പലവേഷത്തിൽ, – പലവഴിയിലൂടെ. എണ്ണക്കാരൻെറ എല്ലാവഴികളും എൻെറ വണ്ടിയിൽ അവസാനിച്ചു. എന്നാൽ എൻെറവണ്ടിയുടെ വഴി അവസാനിച്ചില്ല കാരണം അതിനിയും ആരംഭിച്ചില്ല എന്നതുതന്നെ.

വീട്ടുമുററത്ത് കിടന്ന വണ്ടിയുടെ കാരിരുമ്പുചക്രത്തിൽ ചുവപ്പും കറുപ്പും നിറങ്ങൾ കൂടുതൽ പരന്നുതുടങ്ങിയിരുന്നു.

പതിവുപോലെ അന്നും എണ്ണക്കാരൻ വന്നു. എണ്ണക്കുടം നിറഞ്ഞുതുളുമ്പുന്നുണ്ടായിരുന്നു. എന്നിട്ടും എണ്ണക്കാരൻെറ കൈകൾ നീണ്ടുവന്നത് എൻെറകുടത്തിലേക്കാണ്. നോക്കിനിൽക്കേ, എണ്ണക്കാരനും എണ്ണക്കുടവും വളർന്നു വലുതായിവന്നു എന്നെ വാരിയെടുത്ത് ഒടിച്ചു, പിഴിഞ്ഞ് ചോരചക്രത്തിലൊഴിച്ചു. കാരിരുമ്പുചക്രം കറങ്ങിത്തുടങ്ങി. എൻെറകാളകൾക്കൊപ്പം വണ്ടിയും നീങ്ങിത്തുടങ്ങി. നേരായവഴിക്ക്.

പക്ഷെ, ചുവപ്പും കറുപ്പും ചക്രത്തിൽ നിറഞ്ഞുകഴിഞ്ഞിരുന്നു.

എ. പി. അഹമ്മത്

# ചങ്ങല പൊട്ടിയ്ക്കൂ

## ജയ്ഫർ കെ.

ഹാ മുകിൽക്കൂട്ടങ്ങളെ
ശ്യാമസായാഹ്നത്തിലെ
വ്യാമകല്ലറകളുള്ളിൽ
ബന്ധിതരാണോനിങ്ങൾ!
നിങ്ങൾതൻശോകാക്രന്ദം
കേൾക്കുന്നിതെൻകാതുകൾ
നിങ്ങൾതൻ രക്താങ്കിത—
ദേഹമെൻകണ്ണും കാണ്മൂ
അദ്ദീഘനിശ്വാസവും
ചീററലും വിതുമ്പലും
എത്തിനിൽക്കുന്നു മേൻമേൽ
എൻകണ്ണുപുടങ്ങളിൽ.
പുകയും തീച്ചൂളപോൽ
മൂകമായ് മന്ത്രിയ്ക്കുന്നു
മുകിലേ, നിന്നുൾത്തടം
ശ്വാശതവിമുക്തിയ്ക്കായ്
ശാപദുഗ്ഗങ്ങൾക്കുള്ളിൽ
മോഹഭാണ്ഡവും പേറി
താപഭൂമിയിൽനിന്നു
ശാശ്വതവിമുക്തിക്കായ്.
നിൻപാരതന്ത്ര്യാന്ധകാ—
രത്തിലെ കൽക്കുനയിൽ
നിൻപാദമയ്യോതട്ടി
ച്ചോരവീഴ്കയായ്നീളെ
ഹാ, കൊടും തമസ്സിലെ
ശാശ്വതവിമുക്തിക്കായ്.
ആകവെതുടിക്കുന്നു
നിൻമന, മെന്നെപ്പോലെ.
നിൻകരങ്ങളിൽ തീർത്ത
ചങ്ങല, മാനത്താകെ
വൻകടൽ ചീറുംപോലെ
തുടരെ ക്കിലുങ്ങുന്നു
നീയതവലിഞ്ഞിയ—
ഞ്ഞാകാശമാകെദ്ദീന—
രോദനം പൊഴിച്ചുകൊ—
ണ്ടാരെയൊവിളിക്കുന്നു.
ഗദ്ഗദസ്വരത്തിനാൽ,
വിറയാൽ, നിന്നക്ഷരം
ദിക്തടങ്ങളിൽതട്ടി
മാറെറാലി യുയത്തുന്നു.!
നീകരയായ്കെൻ ശ്യാമ—
മേഘമേ, നിവന്നേല്ക്കു
നിന്നുഷഃ കാലം മുന്നിൽ
പൂത്താലമേന്തീടുന്നു.
മുക്തിതൻദ്വീപിൽവിശ്വ
ദാഹവും പേറിക്കൊണ്ടേ
ശക്തിയായ്കുതിയ്ക്കു നീ
ശാശ്വത വിമുക്തിക്കായ്.
ധീരകാഹളം ചക്ര—
വാളഭിത്തികൾ പൊട്ടി
ച്ചീറിയീ പ്രപഞ്ചത്തിൽ
മാറെറാലികൊണ്ടിടട്ടെ!
നിൻ ധീരരക്തം വീണീ—
മണ്ണിതിൽകാലങ്ങളായ്
നിദ്രയിൽപെട്ടോർഞെട്ടി
തട്ടിയങ്ങുണരട്ടെ!
നിൻ ശുദ്ധരക്തം പുത്തൻ
ചൈതന്യമുടൻ, സിരാ—
തന്തുക്കൾക്കരുളട്ടെ,
ചങ്ങലപൊട്ടിടട്ടെ!

കഥ

# ഇലഞ്ഞിമരത്തിലെ മഞ്ഞുതുള്ളികൾ

പരാജയം എൻേറതുമാത്രമാണോ? 'ജനനം' എൻെറ പരാജയമായിരുന്നോ!

സമ്പാദിക്കാൻ അസ്വസ്ഥതകൾ മാത്രമെ ഉള്ളവെന്നോ! സ്നേഹിക്കുന്നതിൻെറയും സ്നേഹിക്കപ്പെടുന്നതിൻെറയും വേദന ഉറഞ്ഞു കൂടുന്ന ദുഃഖം – എന്തിനാണിതു്? കാരണം എനിക്ക് തന്നെ വ്യക്തമല്ലല്ലോ! അജ്ഞാതമായ ലോകത്തിലാണ് നാം ജീവിക്കുന്നതെന്ന് ആരായിരുന്നു പറഞ്ഞതു്? ഓ........ എൻെറ സുഹൃത്തു്. പ്രിയപ്പെട്ട സ്നേഹിതാ, നിങ്ങൾക്ക് തെററി യിട്ടില്ലല്ലോ. അജ്ഞാത കാരണങ്ങൾ കണ്ടുപിടിക്കപ്പെടുമ്പോഴും നിങ്ങൾ ഞെട്ടരുതു് കെട്ടോ.

എന്തോ നഷ്ടപ്പെടുന്നു എന്ന തോന്നൽ ചുററുമുള്ള മുഖങ്ങൾ....അവസ്ഥിടയിലും ഒററപ്പെടുന്ന പോലെ.... നൊമ്പരപ്പെടുത്തുന്ന ഭാവങ്ങൾ....

ജീവിതത്തെയും മരണത്തെയും സ്നേഹിക്കാനും വെറുക്കാനും കഴിയുന്നില്ലല്ലോ....

മുമ്പൊക്കെ ദിവസം തുടങ്ങുന്നതെങ്കിലും പ്രതീക്ഷയോടെയായിരുന്നു. ഈയിടെ തുടക്കത്തിനു പോലും മടുപ്പനുഭവപ്പെടുന്നു. പകൽകിനാവിൽപോലും, ഉന്മേഷം കണ്ടെത്താൻ ശ്രമിക്കവെ പരാജയപ്പെടുന്നു. എന്നിട്ടും ഉറക്കത്തെ എന്തിനീ ദുഃസ്വപ്നങ്ങൾ അലോസരപ്പെടുത്തുന്നു .... താല്ക്കാലികമായ അബോധാവസ്ഥയിലെ സ്വസ്ഥത പോലും തനിക്ക് ലഭിക്കുന്നില്ലല്ലോ!

എവിടെയോ ഒററപ്പെട്ടു നില്ക്കുന്ന പ്രതികരണബോധം....എല്ലാററിൽ നിന്നും ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നു. പക്ഷെ ഒന്നും ചെയ്യാത്ത, ഒന്നിനോടും പ്രതികരിക്കാത്ത അവസ്ഥയുമായി യോജിച്ചു പോകാൻ കഴിയുന്നില്ല.

സ്വപ്നജീവിക്കുതകാത്ത ആശയങ്ങൾ....!
വികാര ജീവിക്ക് കീഴ്പെടാത്ത ആദർശങ്ങൾ....!

വേദനകൾ മോചനമില്ലാതെ ഹൃദയത്തിൽ കിടന്നു നീറുമ്പോൾ....ഏതോ ഒരു കുററബോധം. ക്ലാസുകൾ 'അലർജി'യാവുന്നു – പാഠപുസ്തകങ്ങൾ തലവേദനയാവുന്നു. പ്രിയപ്പെട്ടവരോട് – പ്രതീക്ഷയോടെ തന്നെ ഉററുനോക്കുന്നവരോട് – നീതി പുലർത്താൻ പരാജയപ്പെടുന്നു. അറിയാതെ വന്നു ചേരുന്ന ആഘാതങ്ങൾ വിരുദ്ധതയിലാണല്ലോ ലോകം നിലനില്ക്കുന്നതുതന്നെ!

എന്തായിരുന്നു നീ പറഞ്ഞതു്? പൈങ്കിളിക്കഥയിലെ നായകനെ പോലെ വാഗ്ദാനം ചെയ്യാൻ നിനക്കൊരു ജീവിതമില്ലെന്നോ....അത്തരമൊരു സ്വർഗ്ഗം ഞാനൊരിക്കലും ആഗ്രഹിച്ചില്ലല്ലോ. എന്നിട്ടും നീയെന്തിന് സ്വയം ഒളിച്ചോടാൻ ശ്രമിക്കുന്നു? എൻെറ ഭാവിക്കുവേണ്ടിയോ? അതു് മറെറാരു ദുരന്തത്തിൻെറ തുടക്കമാവുമെന്ന് നിനക്കറിയില്ലേ....

നീ വന്നു, മൗനം അർത്ഥം നേടുന്ന സുന്ദരനിമിഷങ്ങൾ നല്കിക്കൊണ്ട് — അന്തരംഗത്തിന്നഗാധതയിൽ പടന്നു കയറുന്ന അവ്യക്തവേദനയായി....

ഉദാത്തമായ ആശയങ്ങളുടെയും സ്വപ്നങ്ങളുടെയും സഫലീകരണത്തിനു് പരസ്പരം കരുത്തു് പകരാം. പക്ഷെ....പ്രിയപ്പെട്ടവരുടെ വികാരങ്ങൾ മുറിവേല്ക്കപ്പെടുന്നതറിയുമ്പോൾ — അവരുടെ പ്രതീക്ഷകൾ ചവുട്ടിമെതിയ്ക്കേണ്ടി വരുമ്പോൾ....ശക്തി നഷ്ടപ്പെട്ടുപോവുകയാണ്.

സുഹൃത്തെ, നിങ്ങളുടെ ദുഃഖകാരണങ്ങളിലൊന്നു് ഞാനാവുന്നെന്നോ! പരിജയപ്പെട്ടതു് എൻെറ കുററമായിരുന്നോ? അഭിരുചിക്കൊത്ത ഒരു നല്ല സുഹൃത്തിനെ കിട്ടിയ സന്തോഷം....പക്ഷെ എന്നിൽ നിന്നു് മറെറന്തോ പ്രതീക്ഷിക്കുന്നെന്നറിഞ്ഞപ്പോൾ....വീണ്ടും പരാജയം. ഒരു തുറന്ന സൗഹൃദം ആകും വേണ്ടെന്നോ! തിരിച്ചു കിട്ടാത്ത സ്നേഹത്തിൻെറ പോറലേല്ക്കുന്ന ഹൃദയത്തിൻെറ വേദന – അതു് മനസ്സിലാക്കാൻ എനിക്ക് കഴിയുന്നു.

തിരിച്ചു കിട്ടിയ സ്നേഹത്തിൻെറ മാധുര്യത്തെ കീഴ്പ്പെടുത്തുന്ന നൊമ്പരവും ഞാനറിയുന്നു. എനിക്കൊരു കൂട്ടുകാരിയുണ്ടായിരുന്നു. അവൾ പറഞ്ഞതിപ്പോൾ എനിക്ക് വ്യക്തമാകുന്നു. ''നീ സെൻറിമെൻറലാണ്. നിനക്ക് ജീവിക്കാൻ കഴിയില്ല'' എന്ന്! വികാരത്തെ കീഴടക്കാൻ ഞാനെന്നും പരാജയപ്പെടുകയായിരുന്നല്ലോ....

ജീവിക്കാതിരിക്കാൻ—എൻെറ ചിന്താശക്തി മരവിച്ചിട്ടില്ലല്ലോ! അതു് മററുള്ളവരുടെ സ്വസ്ഥതകൂടി നശിപ്പിക്കുമെന്ന് ഞാനറിയുന്നു.

എല്ലാം തോന്നലുകളാണെന്നോ? വെറും തോന്നലുകൾ മാത്രമായിരുന്നോ! യാഥാർത്ഥ്യവുമായി — പൊരുത്തപ്പെടാൻ കഴിയാതെ വരുമ്പോൾ....

ഹൊ: എല്ലാററിനോടും നിസ്സംഗത പാലിക്കാൻ കഴിഞ്ഞെങ്കിൽ! ഞാൻ ഞാനല്ലായിരുന്നെങ്കിൽ!

ദീപ ആർ. കെ.

84 നവമ്പർ ആദ്യവാരം ഇന്ത്യാ ചരിത്രത്തിൽ മറക്കപ്പെടാത്തതാണ്. ഡൽഹിക്കു ചുററും ശവങ്ങൾ ഒഴുകി നടന്നു. തീവണ്ടി നിറയെ അട്ടിക്കിട്ട ശവങ്ങളായിരുന്നത്രെ ! പൂക്കൾ ശ്വാസംമുട്ടിപ്പോയി. ആസാം, പഞ്ചാബ്, ഭിവണ്ടി, അഹമ്മദാബാദ് ഇത് തുടരുകയാണ്. ഇത്തരമൊരു ക്രൂരമായ അവസ്ഥയിൽ ഇന്ത്യയെ സ്നേഹിക്കുന്ന ഒരു മനസ്സിന് കേവലം ഒരു മാപ്പുസാക്ഷിയായി മാറി നിൽക്കേണ്ടി വരികയാണോ?

എഡിററർ

# ഇന്ത്യാ — ഞാൻ മാപ്പുസാക്ഷിയാകണോ

കെ. എ. ലത്തീഫ്

മഹത്തായ ഒരു സംസ്ക്കാരത്തിന്റെ ഉടമകളാണ് ഭാരതീയർ. അതിൽ ഊററം കൊള്ളാൻ മടികാണിക്കാറില്ല. അയ്യായിരം വർഷത്തെ പഴക്കമുള്ള സംസ്കാരമെന്ന് സന്ദർഭം കിട്ടുമ്പോഴെല്ലാം നാം വിളിച്ചു പറയുന്നു. ഇത് ഇന്നോ, ഇന്നലെയോ തുടങ്ങിയതല്ല. കാലം കഴിയുമ്പോൾ വ്യത്യസ്ത കാര്യങ്ങളിൽ ഊററം കൊള്ളുന്നു. ഇന്ന് രാകേശ്ശർമ്മയുടെയും, പി. ടി. ഉഷയുടെയും പേരിൽ നാം അഭിമാനം കൊള്ളുന്നു. ഒരു ഭാഗത്ത് നാം പരിഷ്കാരത്തിന്റെ വാനിലേക്ക് പറന്നുയരുമ്പോൾ മറുഭാഗത്ത് സംസ്കാരച്യുതിയുടെ ചളിക്കുണ്ടിലേക്ക് താഴ്ന്നുപോകുന്നു.

സാമൂഹ്യശാസ്ത്രജ്ഞന്റെ ദൃഷ്ടിയിൽ, "സംസ്കാരമില്ലാത്ത മനുഷ്യൻ" എന്ന വാചകം തെററാണെങ്കിലും 'സംസ്കാരസമ്പന്നരായ' നാം ഇന്ന് എവിടെ എത്തി നില്ക്കുന്നു? ഇന്ത്യക്കാരില്ലാത്ത ഒരിന്ത്യയിലാണ് നാമിന്ന് ജീവിക്കുന്നത് എന്നത് പകൽ പോലെ വ്യക്തമായ ഒരു സത്യമാണെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? "കോഴിക്കോട്ടുകാരനും", "കോട്ടയത്തുകാരനും", "മലപ്പുറത്തുകാരനും" വസിക്കുന്നകേരളം! സിക്കുകാരും തമിഴരും വസിക്കുന്ന ഇന്ത്യ! 1956 – ൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപംകൊണ്ടപ്പോൾ ഇന്നത്തെ സ്ഥിതി ആരെങ്കിലും സ്വപ്നം കണ്ടിരുന്നോ?

ബ്രിട്ടീഷുകാരനെ തുരത്താൻ കച്ചകെട്ടിയിറങ്ങിയ ഭാരതീയന്റെ ഐക്യബോധം എവിടെയോ തട്ടിത്തകർന്നിരിക്കുന്നു. ഇന്ത്യക്കാരനില്ലാത്ത ഇന്ത്യയിൽ ഓരോരുത്തർക്കും ഓരോരോ ആവശ്യങ്ങളുണ്ട്. നമ്മുടെ മുൻ പ്രധാന മന്ത്രിയുടെ ജീവൻപോലും ഈ ബലിപീഠത്തിൽ ഹോമിക്കപ്പെട്ടു. എന്നിട്ടും നമുക്കൊന്നുമില്ല. നിസ്സംഗരായി നോക്കി നിൽക്കാൻ മാത്രം നാം മറന്നിട്ടില്ല. പിന്നീടുണ്ടായ സംഭവങ്ങളും ആർക്കും അഭിമാനിക്കത്തക്കതല്ല.

ഇതൊരുഭാഗം. മറുഭാഗത്ത് ഒരു വിഭാഗം 'കീശനിറയെ' സർട്ടിഫിക്കററുകളുമായ് ആരെയോ തെരയുന്നു. കാണുന്ന വാതിലുകളിലെല്ലാം മുട്ടുന്നു. "മുട്ടുവിൻ തുറക്കപ്പെടും" എന്ന മഹത്വചനം ഇവരെ സംബന്ധിച്ചിടത്തോളം എത്രമാത്രം ശരിയാണ്? ലക്ഷ്യം തെററിയവരെന്നും വഴിപിഴച്ചവരെന്നും മുദ്ര കുത്തപ്പെടുമ്പോഴും അവർ സ്വയം കരഞ്ഞുന്നു. മറെറാരു കൂട്ടർ പഞ്ചനക്ഷത്ര ഹോട്ടലുകളിൽ നിന്ന് നഗ്നനൃത്തങ്ങൾ ആസ്വദിക്കുമ്പോൾ വേറൊരു കൂട്ടർ അതിന്റെ പിന്നിൽ നിന്നും ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടി പട്ടികളോടു മല്ലടിക്കുന്നു. ഇതായിരുന്നോ രാഷ്ട്രപിതാവ് സ്വപ്നം കണ്ട രാമരാജ്യം?

വസ്തുക്കൾക്കെല്ലാം വില വർദ്ധിക്കുന്നു. ഭക്ഷണവസ്തുക്കളുടെയും, പുസ്തകത്തിന്റെയും വസ്ത്രത്തിന്റെയും എന്നല്ല എല്ലാവസ്തുക്കളുടെയും വിലകുതിച്ചുകയറുമ്പോൾ മനുഷ്യജീവന്റെ വിലമാത്രം കുത്തനെ ഇടിയുന്നു. മനുഷ്യന്റെ മസ്തിഷ്കം, മനുഷ്യന്റെ തലയോട്, എന്തിനധികം 'യഥാർത്ഥ മനുഷ്യൻ' ഇന്നാർക്കും വേണ്ടാതെ 'കമ്പോളങ്ങളിൽ' കെട്ടിക്കിടക്കുന്നു. അവയിൽ ചിലവ വിററഴിയാതെ കേടുവരുകയും ചെയ്യുന്നു.

ഇതിഹാസ കാവ്യങ്ങളിൽ നാം കണ്ടു. തലയററു കിടക്കുന്ന ശരീരങ്ങൾ! കയ്യൊടിഞ്ഞവരുടെയും കാലൊടിഞ്ഞവരുടെയും ദിനരോദനം. കുഞ്ഞുങ്ങൾ നഷ്ടപ്പെട്ട അച്ഛൻ, ജ്യേഷ്ഠൻ നഷ്ടപ്പെട്ട അനുജന്മാർ; കൈകുഞ്ഞ് നഷ്ടപ്പെട്ട അമ്മ അമ്മ നഷ്ടപ്പെട്ട കൈകുഞ്ഞ്; അമ്പു തറഞ്ഞ് നിലത്തു തട്ടാതെ നില്ക്കുന്ന ശവശരീരങ്ങൾ. എന്നിട്ടും നാം പഠിച്ചില്ല. ഇന്ന് ഇതിനെയെല്ലാം കടത്തിവെട്ടുന്നതാണോ നമ്മുടെ സംസ്കാരം?

അർജ്ജുനന്റെ വിഷാദം; നാം കണ്ടു. ഗാന്ധാരിയുടെ കരച്ചിൽ നാം കേട്ടു. അതു പഴയകഥ. അശോകന്റെ മനം മാററവും നാം കണ്ടു. ഇന്ന് ഇതെല്ലാം നാം മറന്നു. അല്ലെങ്കിൽ ബോധപൂർവ്വം മറക്കാൻ ശ്രമിക്കുന്നു.

ഇന്ന് എല്ലാം പിൻതള്ളപ്പെട്ടിരിക്കുന്നോ? ഡൽഹിയിലെ തെരുവുകളിൽ നിന്ന് "ശവം ലോഡ് ചെയ്യപ്പോൾ" നമുക്കെന്തുതോന്നി? ഭോപ്പാലിലെ ആശുപത്രികളിൽ സ്ഥലം മതിയാകാതെ മനുഷ്യ ജഡങ്ങൾ മണ്ണിൽ അട്ടിയ്ക്കിട്ടപ്പോഴും നമുക്കൊന്നും തോന്നിയില്ല. എല്ലാം കേൾക്കുകയും കാണുകയും ചെയ്യുന്നു. ഒന്നും ആഴത്തിൽ പതിയുന്നില്ല.

മതി. നമുക്കിനി നിർത്താം. ഇനിയെങ്കിലും നിർത്താം. ഉണരൂ; നമുക്കിനിയെങ്കിലും ഉറക്കം നിർത്തി ഉണർന്നെഴുന്നേല്ക്കാം. സത്യത്തിന്റെ പാതയിൽ, അധർമ്മത്തിനെതിരിൽ മനുഷ്യാവകാശത്തിനു വേണ്ടി, മനുഷ്യന്റെ നിലനില്പിനു വേണ്ടി നമുക്ക് ഉണരാം. ഇനി താമസിച്ചുകൂടാ. വർഷങ്ങൾകൊണ്ട് നേടിയെടുത്തത് നിമിഷങ്ങൾകൊണ്ട് നശിക്കാനനുവദിച്ചുകൂടാ. "ഇന്ത്യ എന്റെ മാതൃരാജ്യമാണ്; നാം ഇന്ത്യക്കാരാണ്; ഒരിക്കൽകൂടെ ഓർത്തുനോക്കു. നാം മനുഷ്യരാണ്. നാം ഇന്ത്യക്കാരാണ്. ഇന്ത്യ നമ്മുടെ മാതൃരാജ്യമാണ്. ഒരിക്കൽകൂടെ ഓർത്തുനോക്കു.

[ഇറാഖീകവയത്രി. ദമാസ്കസിലെ ഫാക്കറിതൊ ലാളിയും രണ്ടുകുട്ടികളുടെ അമ്മയുമാണ് ഈ ക യത്രി.]

എന്റെ ഹൃദയത്തെ
ഭൂമിയുടെ തൊണ്ടയോട് പിണച്ചുകെട്ടുന്നത്
ഒരുനിലവിളിയാകുന്നു!
അവിടെ നരഞ്ഞുപൊന്തുന്നത്
കരഞ്ഞു പതിഞ്ഞമന്ന എന്റെ സ്വരവും
എന്റെ ഉടുത്തുണിവെറും തോന്നലാകുന്നു.
എന്റെ കഴുത്തിലണിഞ്ഞമാല
കൃത്രിമകല്ലുപതിപ്പിച്ചതും.
എന്റെ ലോകത്തിലെല്ലാം ഒരുപക്ഷെ
അയഥാർത്ഥമാണ്
എന്റെ കണ്ണീരൊഴികെ.
ഞാനൊരു സ്ത്രീ:
മുനകൂർത്ത വർഷങ്ങളേററ് ചോരയൊലിപ്പിക്കുന്നവരം
പൊക്കമുള്ള ജനാലകൾക്കപ്പിന്നിൽ
മൂടപടമിട്ട് അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നവരം.
ദുഃസ്വപ്നം ഇടിച്ചുനിരത്തിയ ചെറുപ്പത്തിൽനിന്ന്
ഇതാ, ഓടിരക്ഷപ്പെടാൻ ഒരുക്കം കൂട്ടുന്നവരം.

## ഇന്ത്യോനേഷൻ കവിത

ഒമാത്തം മൂന്നാം ലോകകവിതയുടെ
സ്വഭാവം അനീതിയുടെ രാജവൃക്ഷങ്ങൾക്കെതിരെ
അഗ്നിയായി മാറുന്നതാണ്.
ലോകമിന്ന് സമ്പന്നരാഷ്ട്രങ്ങളെന്നും
ദരിദ്രരാഷ്ട്രങ്ങളെന്നും രണ്ടായി വിഭജിയ്ക്കപ്പെട്ടിരിക്കുന്നു.
ഇന്തോനേഷ്യ ദാരിദ്ര്യത്തിന്റെയും ദുരാധികാര
ത്തിന്റേയും നാടാവുമ്പോൾ
അവിടത്തെ കവിത അതുകൊണ്ടുതന്നെ
അക്രോശമായിതീരുകയാണ്.
ഇന്ത്യയും മൂന്നാം ലോകരാഷ്ട്രത്തിന്റെ സകല സ്വഭാവം
ഉൾകൊള്ളുന്നതാണ് എന്ന അർത്ഥത്തിലാണ്
രേന്ദ്രയുടെ കവിത പ്രസക്തമാവുന്നത്

**എഡിററർ**

# കത്തുന്ന സിഗാറിനെ നോക്കി

**രേന്ദ്ര**

എന്റെ സിഗാർ കത്തുമ്പോൾ
ഞാൻ ഇന്ത്യോനേഷ്യയെ ഉററുനോക്കുകയാണ്.
ഒരു കോടി മുപ്പതുലക്ഷം ജനം.
അവരുടെ നൊന്തുനീറുന്ന വിതുമ്പൽ
തലയ്ക്കുമീതേ അതാ രണ്ടു നേതൃമ്മാന്യന്മാർ
അവർ ആകാശത്തിലിരുന്നു.
ജനങ്ങളുടെ തലയിൽ മലവിസർജ്ജനം
നടത്തുന്നു.
പ്രഭാതമായി, സൂര്യനുദിക്കുന്നു.
എത്ര വ്യക്തമായിട്ടാണ് ഞാൻ കാണുന്നത്
എൺപതു ലക്ഷം കുഞ്ഞുങ്ങൾ
അവർ ഇന്ന് സ്കൂളിൽ പോവുകയില്ല.
എന്തുകൊണ്ട്? ഞാൻ ചോദിക്കുകയാണ്
എന്റെ ചോദ്യങ്ങൾ വീണിടത്തുനിന്നു
കുതറുന്നു.
ബ്യൂറോ ക്രാററുകളുടെ മേശയിൽ പോയിതട്ടി
പിന്നെയും കുതിക്കുന്നു.
അദ്ധ്യാപകന്റെ ബ്ലാക്ക് ബോർഡിന്റെ
ശൂന്യതയിൽ
എന്റെ ചോദ്യം പോയി മറയുന്നു.
ആരും ശ്രദ്ധിക്കുന്നില്ല — ആരും.
എൺപതു ലക്ഷം കുഞ്ഞുങ്ങളുടെ കദന കഥയാണ്.
അന്തമില്ലാത്ത പാതയിൽ അവരിറങ്ങിയിരിക്കുന്നു.
അവക്ക് വേറൊരു ഗതിയുമില്ല — അവക്ക്.
നിഴൽ കൊടുക്കാൻ മരങ്ങളില്ല.
വിശ്രമത്തിനു താവളമില്ല, ഭാവിയില്ല.
ഞാൻ ശ്വസിക്കുമ്പോൾ ദുസ്സഹമായ
വിയർപ്പിൽ ലോഷൻ കലന്ന ദുർഗ്ഗന്ധം.
തൊഴിലില്ലാത്ത അഭ്യസ്തവിദ്യർ
അവർ പെരുവഴിയിൽ ഉഴലുന്നു.
നീണ്ടു പോകുന്ന ക്യൂ;
പെൻഷൻ
വാങ്ങാൻ പോകുന്ന വേശ്യകളാണു്
റേഡിയോയിൽ വിദേശ വിദഗ്ദ്ധന്മാർ ഓരിയിടുന്നു.
ഞങ്ങൾ മടിയന്മാരുടെ വംശജരാണത്രേ.
പുരോഗമിക്കണം തന്നത്താനുയരണം പോലും.
പുതിയ സാങ്കേതികത പഠിക്കണം
മലകൾ നീളുന്നു, അന്തിവാനം ചുവക്കുന്നു.
ജനങ്ങൾ അവരുടെ വെറുപ്പ് ചുരുട്ടിക്കൂട്ടി
കിടക്കയുടെ അടിയിൽ മൂടിവെയ്ക്കുന്നു.

എന്തിനു്?
ഞാൻ ചോദിക്കുകയാണ്
പിന്നെയും എന്റെ ചോദ്യങ്ങൾ കുതിക്കുന്നു, കുതറുന്നു
മാന്യന്മാരായ കവികളെവിടെ?
അവർ മന്ത്രാലയങ്ങളിലാണ്.
മദിരാലയങ്ങളിൽ! കതകടഞ്ഞു കിടക്കുന്നു.
അതിന്റെ പിന്നിൽ വീഞ്ഞു പകരുന്നു.
ദാഹശാലികളായ കവികൾ!! അവർ
ചന്ദ്രികയെ നോക്കി കുളിരണിയുന്നു.
വീഞ്ഞു പകർന്ന ഗാനനിർഝരി ഉയർത്തുന്നു.
അനീതി കാണുവാൻ അവക്കു കണ്ണില്ല.
എൺപതു ലക്ഷം കുഞ്ഞുങ്ങൾ
അവരിനിയും ഒരിക്കലും സ്കൂളിൽ പോകില്ല.
വാഗ്ദേവിയുടെ മുമ്പിൽ
കലാവതിയുടെ മുമ്പിൽ
ആത്മാർപ്പണം ചെയ്യുവാൻ അവക്ക്
അവസരം കിട്ടുകയില്ല.
വിശക്കുന്ന കുഞ്ഞുങ്ങൾ,
നാളെയുടെ പൂക്കൾ.
റോഡ് നിറയെ പരസ്യപ്പലകകളുടെ
കണ്ണഞ്ചിക്കുന്ന നിയോൺ വെളിച്ചമുണ്ടെങ്കിലും
കുഞ്ഞുങ്ങൾക്കു കാണുവാൻ വെളിച്ചമില്ല.
പരസഹസ്രം മാതാപിതാക്കളുടെ പ്രതീക്ഷകൾ
അതൊക്കെ നിരർത്ഥകങ്ങളായ ജല്പനങ്ങളായി
ആഴത്തിലടിഞ്ഞു പവിഴ പ്പുററായിപ്പോകുന്നു.

കഥ

# ഖലീഫയുടെ വഴി

എൻെറ ഗ്രാമമൊരു ദശാസന്ധിയിലകപ്പെട്ടിരിക്കുകയായിരുന്നു.

സാംക്രമിക രോഗങ്ങളുടെ പെരുപ്പം കൊണ്ട് ഞങ്ങളാകെ വിഷമിച്ചിരിക്കുകയായിരുന്നു.

കിണറുകളും, കുളങ്ങളും ഒരു തരം പുഴുകളാൽ നിറഞ്ഞു കവിഞ്ഞു. മനസ്സറിഞ്ഞു കുടിക്കാൻ പററിയ ഒരിററു വെള്ളമെങ്ങുമില്ല.

ഇരമ്പിയെത്തുന്ന കൊതുകുകൾ മലമ്പനിയുടെ വിത്തുകൾ പാകിക്കൊണ്ടിരുന്നു. ഞങ്ങളുടെ സുഖനിദ്ര എന്നോ നഷ്ടപ്പെട്ടിരുന്നു.

ഞങ്ങളുടെ മനസ്സ് മരുന്നുകളുടേയും, മന്ത്രങ്ങളുടെയും ലോകത്ത് ഉഴറി നടക്കുകയായിരുന്നു.

കുഞ്ഞിനസുഖം .... അമ്മക്കസുഖം.... അച്ഛനസുഖം ....എല്ലാവരും വേവലാതിപ്പെട്ടുകൊണ്ടിരുന്നു. അങ്ങനെയിരിക്കെ അതു സംഭവിച്ചു.

ഞങ്ങളുടെ ഗ്രാമത്തിൽ ഒരു ഖലീഫ വന്നിറങ്ങി. തിളങ്ങുന്ന കണ്ണുകളും, വിശാലമായ നെററിത്തടവുമുള്ള ഒരു ജ്വലിക്കുന്ന രൂപം. തലയിലൊരു തൊപ്പി. കയ്യിലൊരു ചെറുഭാണ്ഡം. നീണ്ടിടതൂർന്ന വെളുത്ത മിനുത്ത താടിരോമങ്ങൾ.

ഖലീഫ എവിടെ നിന്നു വന്നു? എപ്പോൾ വന്നു? ആരും ചോദിച്ചില്ല. ആരുമറിഞ്ഞില്ല.

ഒരു പ്രഭാതത്തിൽ അങ്ങാടിമുക്കിലെ മമ്മുക്കാൻെറ കാപ്പികടയിലേക്ക് ഖലീഫ കയറി വന്നു. കടുപ്പത്തിലൊരു പൊടിച്ചായ കുടിച്ച് ഖലീഫ ഗ്രാമത്തിലേക്കിറങ്ങി. പിന്നാലെ ഞങ്ങൾ കൂടാൻ തുടങ്ങി.

ശാപഗ്രസ്തമായ ഞങ്ങളുടെ ഗ്രാമത്തെ ഖലീഫ നോക്കിക്കണ്ടു.

ഖലീഫ പോകുന്നിടത്തൊക്കെ ഞങ്ങളും പോയി.

ആരോ മുരടനാക്കി. ''ഖലീഫ കാണുന്നില്ലേ....? ഇതെന്തു വിധി? ഞങ്ങൾക്കീ ജീവിതം മടുത്തിരിക്കുന്നു''

ഖലീഫ അരുതെന്നു വിലക്കിയപ്പോൾ അയാൾ നിർത്തി.

വീണ്ടും ഖലീഫ നടന്നു. പിന്നിൽ ഞങ്ങളും. ഖലീഫയുടെ ചുണ്ടുകളെന്തോ മന്ത്രിക്കുന്നുണ്ടായിരുന്നു. അതു ഞങ്ങൾക്കവ്യക്തമായിരുന്നു.

''ഇനിയും സഹിക്കാൻ കരുത്തില്ല. ഖലീഫയൊരു പ്രതിവിധി കാണിച്ചു തരണം.''

ഖലീഖ തിരിഞ്ഞു നിന്നു. ഞങ്ങളെ ഖലീഫ സസൂക്ഷ്മം നോക്കി നിന്നു. പിന്നെ ആ കണ്ണുകൾ അടഞ്ഞു കിടന്നു. ഒരു നിമിഷം. വീണ്ടുമാക്കണ്ണുകൾ സജീവമായി. ഖലീഫ പിന്തുടരാൻ ആംഗ്യംകാണിച്ചു. ഞങ്ങൾ പിന്നാലെ നടന്നു.

ഖലീഫ് പുഴുകൾ നിറഞ്ഞു കിടക്കുന്ന കുളത്തിനരികിലേക്കാണ് പോയത്. ഞങ്ങൾ നോക്കി നിൽക്കെ, ഖലീഫ എന്തോ മന്ത്രമുരുവിടുന്നതും ആ ദിവ്യൻെറ താടി രോമങ്ങൾ നീണ്ടു വളന്ന് കുളത്തിലേക്കിറങ്ങി ചെല്ലുന്നതും കണ്ടു. നല്ല തെളിഞ്ഞ വെള്ളം മാത്രം മന്ദം മന്ദം താടിരോമങ്ങളിലൂടെ ഖലീഫയിലേക്ക് പ്രവഹിക്കുന്നത് ഞങ്ങൾ അത്ഭുതസ്തബ്ധരായി നോക്കിനിന്നു.

ഖലീഫ വീണ്ടും ഞങ്ങളെ നയിച്ചു. ഒരു കിണററിൻെറ അടുത്തേക്ക് വീണ്ടും താടിരോമങ്ങൾ വളർന്നു. കിണററിലേക്കിറങ്ങി നിന്നതും അതിലൂടെ തെളിഞ്ഞ ജലം ഖലീഫ വലിച്ചെടുക്കുന്നതും ഞങ്ങൾ കണ്ടു.

ഖലീഫ ഞങ്ങളുടെ ഗ്രാമത്തിലെ മുഴുവൻ കിണറുകളിലേയും, കുളങ്ങളിലേയും തെളിനീർ വലിച്ചെടുത്തപ്പോഴും ഞങ്ങൾ പിറകിലുണ്ടായിരുന്നു.

ഞങ്ങൾക്കൊന്നും അറിയില്ലായിരുന്നു. ഈ തെളിനീർ വലിച്ചെടുക്കുന്നതെന്തിന്? അതെങ്ങോട്ടു പോകുന്നു?

''ഖലീഫാ ഞങ്ങൾക്കിതൊന്നും മനസ്സിലാകുന്നില്ല.''

ഖലീഫ താടിരോമങ്ങൾ ഉഴിഞ്ഞു. ''ഞാൻ നിങ്ങളുടെ ഗ്രാമത്തിലെ ശുദ്ധമായ ജലം വലിച്ചെടുക്കുകയാണ്. അതെനിക്കു കിട്ടി. ഇനി ഇവിടെ ഒന്നുമില്ല. എൻെറ കൂടെ വരൂ....''

മരണക്കിടക്കയിൽ കിടക്കുന്ന എൻെറയച്ഛൻ.... മലമ്പനി പിടിച്ചു കിടക്കുന്ന അമ്മ....അതിസാരം പിടിച്ചു കിടക്കുന്ന പിഞ്ചുമകൻ....ഞങ്ങൾ വേവലാതിപൂണ്ടു.

ഖലീഫ രോഷം കൊണ്ടു. ''ഞാൻ നിങ്ങളുടെ ഗ്രാമത്തിൻെറ ശുദ്ധാംശം വലിച്ചെടുത്തിരിക്കുന്നു. മനസ്സിലാകുന്നുണ്ടോ....? ഖലീഫയുടെ കണ്ണുകൾ ഞങ്ങളിലേക്കിറങ്ങി വന്നു. ഞങ്ങൾക്കെല്ലാം മനസ്സിലായി.

ഖലീഫ അടുത്ത ഗ്രാമത്തിലേക്ക് നടന്നു. പിന്നിൽ നിഴലായി ഞങ്ങളും.

ക്രമേണ ഖലീഫയുടെനിഴൽ വലുതാവാൻതുടങ്ങി. പിന്നിൽ ഞങ്ങളുടെ നിഴലുകൾ ഖലീഫയുടെ നിഴലിൽ അലിഞ്ഞു ചേർന്നിരുന്നു.

ഖലീഫ ഗ്രാമങ്ങൾ തേറും നടക്കുകയാണ്. ഖലീഫക്ക് വിശപ്പില്ല! ഞങ്ങൾക്ക് വിശപ്പും, തളർച്ചയും അനുഭവപ്പെടാത്തതെന്ത്?

പിന്നെപ്പിന്നെ ഖലീഫ പതുക്കെ ഓടാൻ തുടങ്ങി. പിന്നാലെ ഞങ്ങളുമോടാൻ തുടങ്ങി.

ഖലീഫയുടെ നിഴൽ ഭീമാകാരം പൂണ്ടിരുന്നു.

പെട്ടെന്ന് ഖലീഫയുടെ നിഴൽ അപ്രതീക്ഷമായി ഖലീഫ ഞങ്ങളെ വിട്ടു പിരിഞ്ഞിരിക്കുന്നു. ഞങ്ങൾ ഖലീഫയെ വിളിച്ചാർത്തു....ഇല്ല....ഖലീഫ ഞങ്ങളെ വിട്ടകന്നിരിക്കുന്നു. ഞങ്ങൾ ആർത്തട്ടഹസിച്ചുകൊണ്ട് സ്വന്തം ഗ്രാമത്തിലേക്ക് തിരിച്ചോടി....!

**മുസ്തഫ മുണ്ടപ്പല**

കഥ

# കുരുതി

സ്റ്റേഷനിലേക്ക് ഞാൻ കടന്നുവന്നപ്പോൾ നേരം ഇരുട്ടിയിട്ടുണ്ടായിരുന്നു. ചുറ്റുംനോക്കി. ഒരൊററ യാത്രക്കാരനുമില്ല. ഒരു കൂററൻ പോർട്ടർ നിലത്തിരിക്കുന്നുണ്ട്. അയാളുടെ നോട്ടം എങ്ങോട്ടാണെന്ന് വ്യക്തമല്ല. വണ്ടിവരേണ്ടസമയമായിരിക്കുന്നു.

കാക്കകൾ ചേക്കേറിക്കഴിഞ്ഞു. മരച്ചില്ലകളിൽ സന്ധ്യയുടെ വിളർത്തമുഖം. എതിരെയുള്ള വലിയ പുളിമരത്തിൽ കാക്കകളുടെ ശബ്ദം ഒതുങ്ങിവരുന്നു. പ്ലാററ്ഫോമിൽ നേരിയ വെളിച്ചമുണ്ട്.

വണ്ടി വന്നില്ല. താമസിക്കുമായിരിക്കും. ഞാൻ മുണ്ട് മടക്കിക്കുത്തി. വണ്ടിക്കുകാത്ത് ജീവിതത്തിലെ വിലപ്പെട്ടസമയം വ്യർഥമാക്കുക, യാത്രക്കാരന്റെ ശാപമാണല്ലോ എന്ന് ഞാൻ ഒരു കവിയുടെ, അല്ലെങ്കിൽ സഹൃദയന്റെ ഹൃദയത്തോടെ ഓർത്തു. ഇരിക്കാൻ ഒരൊററ ബെഞ്ചും കാണുന്നില്ല. ഉള്ള ഒരേ ഒരു ബെഞ്ച് കമിഴ്ന്നു കിടന്ന് ഭൂമിയെ ചുംബിക്കുന്നു.

ഇപ്പോൾ കാക്കകളുടെ ശബ്ദവും നിലച്ചിരിക്കുന്നു. ഞാൻ പ്ലാററുഫോമിന്റെ വക്കിൽച്ചെന്ന് ഇടത്തോട്ടും വലത്തോട്ടും നോക്കി. ഒരു ശബ്ദവും ഇല്ല. സ്റ്റേഷനുപിന്നിലെ കടകളിലെ വെളിച്ചത്തിനു് ശക്തികൂടി. ഇരുട്ടിനു ശക്തി കൂടിയിരിക്കുന്നു.

വന്നശേഷം ഒരൊററയാത്രക്കാരനും വരികയോ പോവുകയോ ചെയ്തിട്ടില്ല. കൂനൻ പോർട്ടർ അതേപടി. ഒരു ബീഡിപോലും അയാൾ വലിക്കുന്നില്ല. വണ്ടി വരുമായിരിക്കും. വരാതിരിക്കില്ല. ഞാൻ പോർട്ടറുടെ അടുത്ത്ചെന്നു. അയാളാകട്ടെ, എന്നെ ശ്രദ്ധിക്കുന്നില്ല. ഞാൻ ചോദിച്ചു: ''വണ്ടിയെപ്പഴാ വരിക?'' അയാൾ ഒന്നും മിണ്ടിയില്ല. ഒരുപക്ഷേ, ബധിരനോ ഊമയോ ആകാം.

സമയവിവരപ്പട്ടിക ചുമരിൽ ഉണ്ടോഎന്ന്ഞാൻ നോക്കി. ഇരുട്ടാണ്. സ്റ്റേഷൻമാസ്റ്ററുടെ മുറിയിൽനിന്നുള്ളഅരണ്ട വെളിച്ചം പ്ലാററുഫോമിന്റെ ഒരുഭാഗത്തെ നനയ്ക്കുന്നുണ്ട്. അങ്ങേമൂലയ്ക്കൽ ഒരു അരണ്ടബൾബും. ബാക്കിയെല്ലാം ഇരുട്ടുതന്നെ. യാത്രക്കാർക്കു കടന്നുവരാനും പോവാനുമുള്ള ഏകവാതിലിന്നരികിൽ ഇരുട്ടുതുപ്പുന്ന വേറൊരു ബൾബും.

ഞാൻ സ്റ്റേഷൻ മാഷുടെ മുറിയുടെ അരികെച്ചെന്ന് അകത്തേക്ക് എത്തിനോക്കി. അകത്തു് പലതരം യന്ത്രങ്ങൾ. നല്ലവെളിച്ചം. ചുമരിൽ ഒരു നാഴികമണി. അതിനു് സൂചികളില്ലായിരുന്നു. ഞാൻ കരുതിയത് മാഷ് ഉറങ്ങുകയാവുമെന്നാണ് ഈ സ്റ്റേഷനെപ്പോലെ. പക്ഷേ. അല്ല; ആ വെള്ള കുപ്പായക്കാരൻ തകൃതിയായ ജോലിയിലാണ്. എന്തൊക്കെയോ കൂട്ടുന്നു. കൈവിരലുകൾ മടക്കുന്നു. പെൻസിൽകൊണ്ട് നിവർത്തുന്നു. തല ചെരിച്ച് എഴുതുന്നു. ഇടം വലം ശ്രദ്ധിക്കുന്നില്ല. (അയാൾ ശ്വാസംവിടുന്നില്ലേ എന്ന് ഞാൻ സംശയിച്ചു. ഇടയ്ക്ക് അയാൾ എണീററോടിചെന്ന് ഓരോ യന്ത്രത്തേയും തട്ടിനോക്കും. കുനിഞ്ഞുനിവർന്നു എന്തൊക്കെയോ തിരിക്കുന്നുണ്ട്. വീണ്ടും ഓടിവന്ന് സീററിലിരുന്ന് എഴുതുന്നു. ആകപ്പാടെ വെപ്രാളപ്പെട്ടപോലെ. ഈ ലോകം മുഴുവൻ നിയന്ത്രിക്കുന്നത് താനാണെന്ന് തോന്നും മൂപ്പരുടെ വെപ്രാളം കണ്ടാൽ. അല്ലെങ്കിലെന്താണ്, ഒരൊററ വണ്ടിപോലും വരാത്ത ഈ കൊച്ച് സ്റ്റേഷന്റെ മാഷ്ക്ക് ഇത്രയേറെ ചെയ്യാനുള്ളത്? കൂട്ടലും കുറയ്ക്കലും ഒരു സ്റ്റേഷൻ മാഷുടെ ജോലിയാണോ എന്നും ഞാൻ സംശയിച്ചു. എനിക്കൊന്നും മനസ്സിലായില്ല. ഈ സ്റ്റേഷന്റെ കാര്യം വിചിത്രം തന്നെ.

പോർട്ടർ എണീററില്ല. അയാളുടെ ശരീരത്തിൽ അങ്ങിങ്ങ് പോറലുകൾ ഉള്ളത് ഞാൻ ശ്രദ്ധിച്ചു. അവിടെഉണങ്ങിയ ചോരയുടെ വൃത്തികെട്ട പാടുണ്ടായിരുന്നു. അയാൾ അകലേക്ക് ദൃഷ്ടിനട്ടിരിക്കുകയാണ്. നോട്ടം പിൻവലിക്കുന്നില്ല. നോക്കുകുത്തിയുടെ നിസ്സംഗത.

വണ്ടിവരുന്ന ലക്ഷണമില്ല. നേരം എന്തായികാണും? (സമയകാലങ്ങൾ ഈ സ്റ്റേഷനെ ബാധിക്കുന്നൊന്നല്ലെന്ന് തോന്നി; മനുഷ്യമനസ്സിനെപോലെ) ഞാൻ വരുമ്പോൾ സന്ധ്യയായിരിക്കുന്നു. വന്നിട്ട് ഏറെനേരവും ആയല്ലോ. ഈ സ്റ്റേഷന്റെ അന്തരീക്ഷം എന്നെ അസ്വസ്ഥനാക്കിത്തുടങ്ങിയിരിക്കുന്നു. ആരോടും ഒന്നും ഉരിയാടാനില്ല. ഒന്ന് പുഞ്ചിരിക്കാൻപോലും ആരുമില്ല. മനോഹരമായഒരു സായഹ്നം ഇങ്ങനെ വ്യർഥമാക്കിയതിൽ വിഷമം തോന്നി. ഈഷ്യ എന്നിലേക്ക് ഇരച്ചുകയറി. ഞാൻ ഒരിക്കൽകൂടി പ്ലാററുഫോമിന്റെ വക്കിൽച്ചെന്ന് ഇടംവലംനോക്കി. നീണ്ടുപോകുന്ന പാളങ്ങളുടെ ഏതോ ഒരു ഭാഗത്ത് എന്നെതേടിവരുന്ന ഒരു വണ്ടിയെ ഞാൻ മനസ്സിൽക്കണ്ടു. പാളത്തിന്നരികെ, അല്പം അകലെയായി ഒരു ചുമന്ന ബൾബ് കത്തുന്നുണ്ട്. അതിനു ചുററുമുള്ള വെളിച്ചത്തിന് കറുപ്പുനിറം തന്നെയാണ്. പ്രാണികളുടെ ശബ്ദം ഒഴിച്ചാൽ നിശ്ശബ്ദമായ അന്തരീക്ഷം.

ഞാൻ പ്ലാററുഫോമിന്റെ ഒരററം മുതൽ മറേറ അററംവരെ നടന്നുനോക്കി. ഒരു തെണ്ടിപോലും ഇല്ല.

പ്ലാററുഫോമിൻെറ അററത്ത് ഞാൻവെറുതെനിന്നു. തണുത്തകാററ് വീശിയടിച്ചു. പ്ലാററുഫോമിൻെറ മേൽ ക്കൂരയെ തുളച്ചുകൊണ്ട് ഒരുതെങ്ങ് വളൎന്നു നില്ക്കുന്നു. ഏതാണ് ആദ്യം ജനിച്ചത് എന്ന് ഞാൻ വെറുതെ ഓൎത്തു. ശക്തിയേറിയ കാററടിച്ചിട്ടും തെങ്ങിൻെറ ഒരു ഓലപോലുംഅനങ്ങുന്ന ശബ്ദം കേൾക്കാനില്ല. ഇങ്ങോട്ടു പുറപ്പെട്ട നിമിഷത്തെ ശപിച്ചുകൊണ്ട് ഞാൻ തിരി ഞ്ഞുനിന്നു. കണ്ണുകളിൽ ഉറക്കം കനംതൂങ്ങിയിരിക്കുന്നു. പോൎട്ടറുടെ അടുത്ത്, ഒരാൾകൂടിനില്ക്കുന്നത്, തിരിഞ്ഞു നടക്കവേ, ഞാൻ ശ്രദ്ധിച്ചു. ഞാൻ കാണാതെ അയാൾ എങ്ങനെ അകത്ത് കടന്നു? അടുത്തുചെന്നപ്പോൾ അതൊ രുസ്ത്രീയാണെന്ന് മനസ്സിലായി. അവൾ അല്പം മാറി നിന്നു. ഒരു കൂട്ടാളിയെ കിട്ടിയതിൽ സന്തോഷിച്ചു പക്ഷേ അതൊരു സ്ത്രീയായതിൽ വിഷമം തോന്നി. എനിക്കു സ്ത്രീകളോട് തനിയെ ഇടപഴകിയുള്ളപരി ചയം ഇല്ലായിരുന്നു.

മാഷുടെ മുറിയിൽ നിന്നുള്ളവെളിച്ചത്തിൽ അവ ളെകാണാം. നല്ല തടിയുണ്ട്. കൈയിൽ തൂങ്ങുന്ന ഒരു വാനിററിബാഗ്. ഞാൻ അവളെ സൂക്ഷിച്ചുനോക്കി. അവളൊന്ന് ഇളകിനിന്നു. അപ്പോൾ പാദസരങ്ങൾ പതിയെകിലുങ്ങി. മുടിയിളകി. അവളുടെ നിറഞ്ഞമാ റിടവും,തുടുത്തമേനിയും ഞാൻ കണ്ണുകൊണ്ട് കുടിച്ചു തീൎത്തു. ഞാൻ വിയക്കാൻ തുടങ്ങി.

തൊട്ടടുത്ത നിമിഷം എനിക്കു ജാള്യത അനുഭവ പ്പെട്ടു. എന്നെക്കുറിച്ച് എനിക്കു തന്നെയുള്ള മതിപ്പ് കുറയും പോലെ വീണ്ടും വണ്ടിയുടെ ചിന്ത എന്നെ അസ്വസ്ഥനാക്കി. സഹികെട്ട് ഞാൻ പോൎട്ടറോട് ആരാഞ്ഞു; ''വണ്ടിയെപ്പഴാവരിക?'' പോൎട്ടർഎന്തോ പറഞ്ഞു. വ്യക്തമായില്ല. അയാൾ ഊമയോ ബധിര നോ അല്ലെന്ന് വ്യക്തമായി. ഒരു ചോദ്യം കൂടി എറി ഞ്ഞു; ''വണ്ടിവരില്ലേ?''. അപ്പോൾ പോൎട്ടർ പറഞ്ഞു ''പ്രസാദിച്ചിട്ടില്ല''. മറുപടികേട്ടു ഞാൻ തരിച്ചു പോയി. ഇയാൾക്കു പ്രാന്തായിരിക്കും.

ആരോടെന്നില്ലാതെ ഞാൻ പറഞ്ഞു: ''ബസ്സിൽ പോകാമായിരുന്നു. അല്ലെങ്കിൽ പാളത്തിലൂടെ ഒരൊററ നടത്തം വച്ചുകൊടുക്കാമായിരുന്നു.''

ആകാശത്തേക്കു കൈചൂണ്ടിക്കൊണ്ട് പോൎട്ടർ പറഞ്ഞു: ''ഇന്നുനല്ല ദിവസമാണ്'' ഞാൻനിസ്സഹായ നായിസ്ത്രീയുടെ നേരെ നോക്കി. അവളും ആകാശ ത്തേക്കു നോക്കുകയാണ്. അപ്പോഴാണ് ഞാൻശ്രദ്ധി ച്ചത്. ഇന്നു പൗൎണ്ണമിയാണ്.

അതെന്നിൽ യാതൊരു ആഹ്ലാദവും പകൎന്നില്ല. മനസ്സിൻെറ ചൊറിച്ചിൽ കൂടിവരികയാണ്. ഞാൻ മാഷുടെ അടുത്തേക്കു ചെന്നു. ക്രോധത്തോടെ ഞാൻ ചോദിച്ചു: ''വണ്ടിയെപ്പഴാ മാഷേ വരാ?'' അയാൾ ഏ എന്ന ശബ്ദത്തോടെ ഞെട്ടിയെണീററു. വായ പിളൎത്തി, തലയുൎത്തി, കണ്ണടയുടെ ലെൻസിലൂടെ എന്നെ ഒന്ന് നോക്കി ഞാൻ ഈൎഷ്യയോടെ ചോദിച്ചു: ''വണ്ടിയെ പ്പഴാ?'' അപ്പോൾ മാഷുടെചോദ്യം ''എന്തുവണ്ടി?'' ഞാൻ തളൎന്നുപോയി 'തീവണ്ടി' എന്നുപറയണമെ ന്നുണ്ടായിരുന്നു. നാവ് കുഴഞ്ഞുംപോലെ മറുപടിക്കുകാ ത്തുനില്ക്കാതെ മാഷ് വീണ്ടും ജോലിയിൽ മുഴുകി. അപ്പോൾ മാഷുടെ മുറിയിൽ ചുമരിൽ തൂങ്ങുന്ന സൂചി യില്ലാത്ത നാഴികമണി എന്നെനോക്കിപല്ലിളിച്ചു. അസ്വസ്ഥതയോടെ ഞാൻ തിരിഞ്ഞുനടന്നു. എൻെറ ഓരോ രോമകൂപത്തിലും സൂചിതുളച്ചുകയറും പോലെ എനിക്കു അനുഭവപ്പെട്ടു. ഞാൻ അവളോട് ചോദിച്ചു:

''വണ്ടിയെപ്പഴാ വരികയെന്നറിയോ?'' അവൾ പതി യെ ചിരിച്ചു. ഇരുട്ടിൽ ആ കണ്ണുകൾ തിളങ്ങുന്നു. അവൾക്ക് ഒരുകാട്ടാളപ്പെണ്ണിൻെറ സൗന്ദര്യമുള്ളതായി ത്തോന്നി. കാററടിക്കാതെത്തന്നെ ആമുടികൾ ഇളകുന്നു. അവൾ ഇളകാതെ തന്നെ, ആ പാദസരങ്ങൾ കിലു ങ്ങുന്നു.

ഇവളെ എനിക്ക് എന്തുവേണമെങ്കിലും ചെയ്യാം. ക്രൂരമായി ബലാത്സംഗം ചെയ്യാം. എന്നിട്ടു വണ്ടി വന്നാൽ അതിനു മുമ്പിൽ എറിയാം. ആരും അറിയില്ല. കടകളിലെ വെളിച്ചം അണഞ്ഞിരിക്കുന്നു. പോൎട്ടർ ലോകം ഇടിഞ്ഞു വീണാലും ശ്രദ്ധിക്കില്ല. മാഷ് ലോ കത്തെ നിയന്ത്രിക്കുന്ന തിരിക്കിൽ വരികയും ഇല്ല. ഞാൻ വിയക്കാൻ തുടങ്ങിയിരിക്കുന്നു. ഞാനവളെ നോക്കി. അപ്പോൾ അവൾ ആദ്യമായി എൻെറ മുഖ ത്തേക്കു നോക്കി. എനിക്കെന്തൊക്കെയോ ചെയ്യാൻ തോന്നി. എൻെറ സൎവ്വ ഈൎഷ്യയും കോപവും ദുഃഖവും ശക്തിയും എന്തെങ്കിലും ഒക്കെ ചെയ്തു് തീൎക്കാൻ എന്നെ തോന്നിപ്പിച്ചു. കൂട്ടിലടച്ച മൃഗത്തെപ്പോലെ, അല്ലെ ങ്കിൽ മദമിളകിയ ആനയെപ്പോലെ ഞാൻ ഞെളിപി രികൊണ്ടു.

പൊടുന്നനെ മണിമുഴങ്ങി. ഞാൻ ഞെട്ടിത്തിരി ഞ്ഞുനോക്കി. പോൎട്ടർ അവിടെത്തന്നെയുണ്ട്. പിന്നെ ആരാണ് മണിയടിക്കുന്നത്? മാഷല്ല. മണി താനേ അടിയുകയാണ്. ഞാനോടിപ്പോയി മാഷെ നോക്കി. മാഷ് ഒന്നും അറിയുന്നില്ല. പെട്ടെന്ന് എന്നെ ആരോ കടന്നു പിടിച്ചു. ഞാൻ തിരിഞ്ഞു നിന്നു. പോൎട്ടറാണ്. പിന്നെ മാഷ് ഓടി വന്നു. കൈയിൽ ഒരു വലിയ താക്കോലുണ്ടായിരുന്നു. താക്കോലിൻെറ ദ്വാരം എൻെറ കഴുത്തിലൂടെ ഇട്ട് എന്നെ വലിക്കാൻ തുടങ്ങി. എനി ക്കൊന്നും മനസ്സിലായില്ല. ഞാൻ കുതറി. ഊരിപ്പോ രാൻ കഴിയുന്നില്ല. ഞാൻ സഹായത്തിനായി അവളുടെ നേരെ നോക്കി. അവളെവിടെപ്പോയി?അവരെന്നെ പാ ളത്തിലേക്കു വലിച്ചിഴച്ചു. അകലെനിന്ന് വണ്ടിയുടെ ശബ്ദം കേൾക്കാനുണ്ട്. അവരെന്നെ പാളത്തിലേക്കു പിടിച്ചുതള്ളി. എനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. ഞാൻ എണീററ് കയറാൻ ഭാവിക്കവേ, വീണ്ടും അവ രെന്നെ പാളത്തിലേക്കു തള്ളിയിട്ടു. എണീററ്മറുവശ ത്തിലൂടെ ഓടാൻ ഭാവിച്ചു. അപ്പോൾ ചൂടുള്ള നിശ്വാസ ങ്ങൾ എൻെറ മുഖത്തു തട്ടി. ഞാൻ ഞെട്ടി. തലയുൎത്തി നോക്കി. പോൎട്ടറും സ്റ്റേഷൻ മാസ്റ്ററും ആകാശത്തോളം വളൎന്നിരിക്കുന്നു. മാസ്റ്റർ പുരോഹിതൻ ആശീൎവാദി ക്കുംപോലെ ഇരുകൈകളിലും ചുവപ്പും പച്ചയും കൊ ടികൾ പിടിച്ച് ശക്തിയായി വീശുന്നു. വണ്ടി വരി കയാണ്. മണിഅപ്പോഴും അടിക്കുകയാണ്. ഒരു മരണ മണിപോലെ. അവൾ എന്നിലേക്കു ഇഴഞ്ഞു കയറാൻ തുടങ്ങി. വണ്ടി അടുക്കുകയാണ്. പതുപതുത്ത ശരീര ത്തിൻെറ ചൂട്. തലച്ചോറിലൂടെ കൊള്ളിയാൻപാഞ്ഞു. ഭ്രാന്തനെപ്പോലെ, അല്ലെങ്കിൽ ഒരു ആൾക്കുരങ്ങിൻെറ ശക്തിയോടെ ഞാൻ അവളെപ്പിടിച്ച് എന്നിലേക്കു അടുപ്പിച്ചു. ഞരമ്പുകളിൽ അഗ്നി ആളിക്കത്തി. മണി യടിക്ക് ശക്തിയും ശബ്ദവും കൂടി വരികയാണ്. ഞങ്ങളുടെ നിശ്വാസത്തിനു് എന്തോ ഒരു പ്രത്യേക താളം കൈവന്നു. വണ്ടി അടുത്തു വരുന്നു. അതിൻെറ ശബ്ദം കൂടി കൂടി വരുന്നു. താളാത്മകമായ ആ ശബ്ദം ഉച്ചത്തിലുള്ള ഒരു ഗൎജ്ജനമായി ഞങ്ങളെ ചതച്ചരയ്ക്കാൻ വരികയാണ്.

**എ. ഐ. അബ്ദുൽ റഊഫ്**

# ലക്ഷ്യം

ചേരബന്ധ രാജു

[ആന്ധ്രയുടെ കിഡിലം കൊള്ളിപ്പിക്കുന്ന വർഷപാതങ്ങളെ വിമോചനത്തിന്റെ ഗീതമാക്കി മാററാൻ ശ്രമിച്ച ചേരബന്ധുരാജു മനുഷ്യനെകുറിച്ച് കരുത്തുററ സ്വപ്നങ്ങൾ കണ്ടുകൊണ്ട് തന്നെ മരണത്തിലേക്ക് നടന്നുപോയി.]

ഞാനൊററയ്ക്കാണ്, തിരസ്കൃതനാണ്
പക്ഷേ ചിറകൊടിഞ്ഞ ഒരു പക്ഷിയല്ല ഞാൻ
അവരും പറക്കുന്നത്
നീലാകാശം തേടിയാണ്.
ഇതു കേൾക്കൂ, കാതുകൂർപ്പിച്ചു കേൾക്കൂ,
മോഹിച്ചുവലഞ്ഞ് ഒരു മരുപ്പച്ചയ്ക്കു വേണ്ടി
പ്രാർത്ഥിക്കുന്ന
മരിക്കാറായ ഒട്ടകവുമല്ല ഞാൻ
ഞാനൊററയ്ക്കാണ്, തിരസ്കൃതനാണ്
പക്ഷേ
രാത്രിയ്ക്കു കാത്തിരിക്കുന്ന,
പ്രഭാതത്തിൽ വിളറിപ്പോകുന്ന
കൊച്ചു നക്ഷത്രമല്ല ഞാൻ.
കടലിലേക്ക് രക്ഷാസന്ദേശമയച്ച്
കര കാണിയ്ക്കാനെത്തുന്ന നൗകയും
കാത്തിരിക്കുന്ന തകരാൻ തുടങ്ങിയ
കപ്പലുമല്ല ഞാൻ.
എങ്കിൽ പിന്നെ
ഞാനാരാണ്?
എന്റെ പേര്?
ഊര്?
പ്രാണൻ?
എന്റെ ജോലി?
വിശപ്പ് —
അതാണെന്റെ പേര്.
അടിമുടി ആയുധമണിഞ്ഞവനാണ് ഞാൻ.
എന്റെ ജോലി അനന്തമായ സംക്രമണം
എന്റെ പ്രാണൻ ചലനം
എന്റെ ഊര്....
വിപ്ലവം.

കഥ

# നഷ്ടസ്വപ്നങ്ങൾക്ക് ഒരു ദു:ഖഗീതം

ഓളങ്ങൾ ഒരുകഥക്ക് യവനികനീക്കി.

''കുമാരേട്ടാ എൻെറ കയ്യിലെന്താ''? മറച്ചുപിടിച്ച കൈകൾക്ക നേരെനോക്കി.

''നെല്ലിക്കാ ....?'' ''മൗനം'' പിന്നെ ....?കൊച്ചരിപല്ലുകൾ വിടർത്തി അമ്മിണി കൈനിവർത്തി.

''ഒരു പനിനീർപ്പൂ'' – കൈയ്യിലേക്ക നോക്കാതെ ചോദിച്ചു ''ഇതെന്തിനാപെണ്ണേപറിച്ചേ. മരത്തിമ്മലു് നിക്കമ്പളുന്തുരസം''?. ''മൗനം – എനിക്കറിയില്ല''. നോക്കുമ്പോൾ ഓളത്തിനു് മീതെ ആ പൂവു്. അമ്മിണി പിണങ്ങി. നീന്തിച്ചെന്ന് പൂവെടുത്തപ്പോൾ അവളുടെ കണ്ണിൽ വിസ്മയം. ഷർട്ടും ട്രൗസറും നനഞ്ഞതിന് വല്യച്ഛനോടു് എന്തെങ്കിലും ഉപായം പറയണം ........

കുമാർ .... നീ എന്തെടുക്കുകയാ പുഴവക്കത്ത്? സന്ധ്യയാതറിഞ്ഞില്ലെ – ഇഴജന്തുക്കളുണ്ടാകും! ഇരുന്നിടത്തുനിന്ന്ഒരുപിടി മണ്ണ് പുഴയിലേക്കു്. ഓ മമ്മിയാണ് –

''ഒന്നുല്ല മമ്മീ – വെറുതെ''.

''പുസ്തകം വെറുതെകൊണ്ടുവന്നതാ? വല്ലതും വായിച്ചൂടെ'' ഇവിടെ ഈ പച്ചപുല്ലിൽ പൊഴേം നോക്കിയിരുന്നിട്ടെന്തുകിട്ടാനാ ....

ചീത്തകേട്ട് വീട്ടിലേക്ക്നടക്കുമ്പോൾ മനസ്സൊന്നു .... ''മമ്മീ അവിടെകാണുന്ന ഓരോ പുല്ലും എൻെറകവിതയാണ്.'' വീടിനുമുന്നിൽ പാടം. പിന്നിൽ ഒരു 'പറമ്പ്' കഴിഞ്ഞാൽ പുഴ ....

അത്താഴം കഴിഞ്ഞ് പപ്പയും വല്യച്ഛനും സംസാരിക്കാൻ തുടങ്ങി ''ഇപ്പൊഴത്തെകൃഷിക്കാക്കൊന്നും ഒട്ടും സ്നേഹമില്ല .... മലവെള്ളംവന്ന് കൃഷിയാകെഉലഞ്ഞു'' പപ്പക്ക്സംസാരിക്കാൻ ഒന്നും ഇല്ല. അല്ലെങ്കിലും പപ്പക്കെന്താപറയാനുള്ളത്. യാന്ത്രികമായ നാഗരിക ജീവിതത്തെക്കുറിച്ചോ. മമ്മിഅടുക്കളയിൽ പുതുതായി വാങ്ങിയ പ്രഷർക്കുക്കറിൻെറ ഗുണമേന്മവിവരിക്കയാണ്!.

കട്ടിലിൽ തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോഴ് കണ്ടു. മരിച്ചുപോയ വല്ല്യമ്മയും ആയിരംതലകയുള്ളഭ തവും, യക്ഷിയും, കുഞ്ഞുങ്ങളെഇഷ്ടമുള്ളപൂതവും എല്ലാം .... വല്ല്യമ്മയുടെ കയ്യിൽ ഒരു അച്ചപായ – വിരിപ്പും .... കട്ടിലിൽ നിന്നെണീററ് കൈനീട്ടി. ഞാനെത്താ ത്തദൂരത്തേക്ക്എല്ലാം തെന്നിമാറി. തലയിണമുറുകെ പിടിച്ച് കരയുമ്പോഴ് പുറത്തേക്ക്കേഴ്ക്കാതിരിക്കാൻ ശ്രദ്ധിച്ചു.

ബെഡ്കോഫിയുമായി മമ്മിതട്ടിവിളിച്ചു. കൃഷി ക്കാരൊപ്പം പാടത്തേക്കിറങ്ങുന്ന വല്ല്യച്ഛന്റെ കൈപി ടിച്ചു. ''ഷാളെടുത്തൊ മഞ്ഞുകൊള്ളും'' ''പണ്ടിവന്ന് ഒരുഷാളുംവേണമായിരുന്നില്ല''?. വെല്ല്യച്ഛൻ പൊട്ടി ച്ചിരിച്ചു. – പപ്പയെന്തൊപറഞ്ഞു. ആരെയൊബോദ്ധ്യ പ്പെടുത്താൻ ഷാളെടുത്തു. അമ്മിണി അക്കരെ സ്കൂളിൽ പഠിക്കാൻ പോകുന്നതും, 'മൂവാണ്ടൻ മാവ്' മലവെള്ള ത്തിൽവീണതും എല്ലാം വല്ല്യച്ഛൻ പറഞ്ഞു. എല്ലാം കേട്ടു....മനസ്സ് വേറെവിടെയൊ ആയിരുന്നു.... കട്ടിരാ മനും, ഗോപനും, അമ്മിണിം – പാടത്തിന്റെ നടക്ക് വെള്ളാരം പാറയിൽ വല്ല്യപറമ്പിൽനിന്നും കട്ടുപറിച്ച മാങ്ങ പൊട്ടിക്ക്യാണ്. വല്ല്യച്ഛന്റെ കണ്ണുവെട്ടിച്ചാ ണ് ഇവിടെയെത്തിയത് പറഞ്ഞപ്പോഴ് അവർക്ക് സന്തോഷം. ചെറിയകപ്പിയുടെ മുഖത്ത് ബലൂണേററ പ്പിച്ച് നൂറും കാരവും ഈയക്കടലാസും ഇട്ട് കാത്തി രുന്നു.! വീത്തുവന്ന ബലൂൺ ഉയന്നുപൊങ്ങിയപ്പോഴ് സ്വപ്നങ്ങളും ഉയന്നു! ഏതൊ ഒരു ലോകത്ത് വള വള പൊട്ട് കളി കളിക്കുന്ന കുട്ടികഴ്ക്കത് കിട്ടും! മാവില യിൽ എഴുതിവച്ച നമ്മുടെപേരുകഴ്കണ്ട് അവർ അത്ഭു തംക്കൂറും! മലകേറിയാൽമുള്ളും കായ കിട്ടും. അമ്മിണി യുടെശബ്ദം എല്ലാരും ബെററുവെച്ചോടി മുള്ളുംകായ പറിക്കാൻ.... പാടത്തെപണിക്കാരൻ ഗോപാലൻ ഒന്ന ടങ്കം പിടിച്ചപ്പോഴ് ഞെട്ടിപോയി എന്തിനാകട്ടാഓടി യത് ....? വല്ല്യച്ഛൻ വന്നു കൈപ്പിടിച്ചപ്പോഴ് കര ച്ചിൽവന്നു. കൂടെ തിരിച്ചുനടക്കുമ്പോഴ് വല്ല്യച്ഛന്റെ ചോദ്യത്തിനുത്തരം മൌനയുകയായിരുന്നു.

വൈകുന്നേരം പപ്പ പോയി. നടക്കാനിറങ്ങിയ പ്പോഴ് മമ്മി വിലക്കി. എത്രകൊല്ലും കൂടി വന്നതാ.... ഒന്നുപൊറത്തറങ്ങിക്കോട്ടെ.? നാണിയമ്മക്ക് വാ നിറ യെ ഉത്തരവും കിട്ടി. കണ്ട നാടൻ പിള്ളേരുടെ കൂടെ നടന്ന് തനി കൺട്രിയായി....സ്മൃതിപഥത്തിലെവി ടെയോ ഏററ പോറൽ—പണ്ട് ഒരെട്ടുവയസുകാരനെ നാഗരികതയുടെ മറുപ്പുറമ്പിലേക്ക് വെട്ടിമുറിച്ചിട്ട അതേ ശബ്ദം....

വണ്ടിയിലിരിക്കുമ്പോഴ് ഓത്തു. അച്ഛന്റെ തല്ല പേടിച്ച് അനിയത്തിടെ തല്ലുവാങ്ങാൻ നിൽക്കുന്ന ഒരു കൊച്ചേട്ടനെ. അമ്മയുടെ ചീത്തകേട്ട്ഓടുന്ന ഒരു കൊച്ചു മിടുക്കനെ....സ്കൂളിൽ ക്രിക്കററിന്റെയും സിനിമയു ടെയും നടുവിൻ സ്വന്തം മുഖം കാണാനാവാതെ ഉഴലുന്ന ഒരു കൂട്ടം സഹപാഠികഴ് – അവരുടെയിടയിൽ ഒരു 'സ്വപ്നജീവി'! ജീവിതം ആസ്വദിക്കാനാണെന്ന് 'വിനു' പറഞ്ഞു തന്നപ്പോഴ് ആ ആസ്വദിക്കാൻ കഴി യാത്ത അവരുടെ ആസ്വാദനം കണ്ടപ്പോഴ് സങ്കടം തോന്നി. ക്രിക്കററിന്റെ ബില്ല്യാർഡ്സിന്റെ ഇട യിൽ കവല പിള്ളേർ കോട്ടി കളിക്കുന്നത് നോക്കി നിൽക്കുന്ന മകനെ കണ്ടപ്പോഴ് പപ്പ പൊട്ടിത്തെറിച്ചു.

വണ്ടിയിറങ്ങുമ്പോഴ് വല്ല്യച്ഛനായിരുന്നു മന സ്സിൽ. യാത്ര പറയുമ്പോഴ് ആ കണ്ണുകളിൽ ഒരു തുള്ളി കണ്ണീർ. കാറിൽ ഇരിക്കുമ്പോഴ് പപ്പ ചോദിച്ചു എങ്ങിനെയാത്ര? ഔപചാരികമായി തന്നെ മറുപടി. സുഖായിരുന്നു! മുൻസീററിലിരുന്ന മമ്മി ചിരിച്ചു.

ടെറസിലിരിക്കുമ്പോഴ് വിചാരിച്ചു ''ആരും വ രുതേ....'' അങ്ങേ ഫ്ളേററിൽ നിന്നും ലഹള, തുടങ്ങി. ജോലി ചെയ്തു ക്ഷീണിച്ചുവന്ന ഭർത്താവും ഭാര്യയും. രണ്ട് പേർ തുഴഞ്ഞിട്ടും കരകാണാത്ത വള്ളം—പണ്ട് പപ്പ വല്ല്യച്ഛനുമായി ലഹള കൂടിയതോമ്മവന്നു. നാട്ടിലുള്ള തെല്ലാം വിററു പെറുക്കി പട്ടണത്തിലേക്കുവരാൻ പപ്പ വല്ല്യച്ഛനെ നിർബന്ധിച്ചു. തന്റെ മകൻ പിറന്ന മണ്ണി ന്റെ ഗന്ധം മറക്കമെന്ന് വല്ല്യച്ഛൻ കരുതിക്കാണില്ല. അന്ന് വല്ല്യച്ഛൻ പൊട്ടിത്തെറിച്ചു. പപ്പക്ക് ഇവിടെ ഒരു ഫ്ളററും കിട്ടി. പട്ടണത്തിൽ വളന്ന മമ്മിക്കു ഷ്വറില്ലാത്ത കുളിമുറിയും, കുളവുമെല്ലാം ഗ്രാമത്തിന്റെ അസഹനീയതയിൽ നിന്ന് രക്ഷപ്പെട്ടതിൽ സന്തോഷ മായി. പക്ഷെ....

രാത്രി മമ്മി വന്ന് അടുത്തിരുന്നു. നല്ല മൂഡിലാ ണെന്നു കണ്ടപ്പോഴ് മമ്മിക്ക് ഒരു കഥ പറഞ്ഞു കൊ ടുത്തു....

അച്ഛനമമ്മയുമില്ലാത്ത ഒരു കുഞ്ഞാററക്കുരുവി. കാടും മലയും പാടവും പുഴയും അതിന്റെ സ്വർഗ്ഗമായി രുന്നു. അതിനു പപ്പയും മമ്മിയും ഉണ്ടായിരുന്നു. ഒരു വസന്തകാലത്ത് അരീലെഴുതി കോടി മുണ്ടുടുത്ത് അതിന്റെ മുത്തച്ഛൻ അതിന് എഴുത്തുവിദ്യ പഠിപ്പിക്ക വാൻ അയച്ചു. ഏതോ സ്വപ്നഭൂമി തേടിപ്പോയ അതി ന്റെ 'പപ്പയും മമ്മിയും' ഒരിക്കൽ വന്നു. സ്വന്തം മണ്ണി ന്റെ ഗന്ധം മറന്ന അവർ അതിനെ കൊത്തിയെടുത്ത് ആ സ്വപ്നഭൂമിയിലേക്ക് പറന്നു. വരണ്ട വിണ്ണും ഉണ ങ്ങിയ മണ്ണും ആഴത്തിരക്കും അതിന്റെ ഉറക്കം കെ ടുത്തി. തന്റെ സ്വപ്നങ്ങഴ്ക്ക് കറുപ്പു വീഴുന്നത് കുഞ്ഞി ക്കുരുവി അറിഞ്ഞു. ചുററി പറന്നിട്ടും അണയാൻ പററിയ ഒരു തുരുത്തും കിട്ടാതെ – ചിറക് തളർന്ന് അതു വിളിച്ചു – അമ്മേ....മമ്മിയുടെ കൺകോണിൽ കണ്ണീര്....അതു തുടച്ചു കൊടുത്തപ്പോഴ് മമ്മി കെട്ടി പ്പിടിച്ചു. വാരിപ്പുണന്നു. മമ്മി കരയുകയായിരുന്നു. അറിയാതെ വിളിച്ചു പോയി. അമ്മേ–എന്റെ അമ്മേ

രാവിലെ ഉണന്നപ്പോഴ് ബെഡ്ഡ് കോഫിയുമായ് മമ്മി – അല്ല അമ്മ. 'ഇന്ന്' 'മേച്ച്'ണ്ടത്രെ കുമാർ. വിനു കാത്തു നിൽക്കുന്നു' ചെല്ല്. മനസ്സില്ലാ മനസോടെ ഒരുങ്ങിയിറങ്ങുമ്പോഴ് വിനു ബൈക്ക് സ്റ്റാർട്ടാക്കി യിരുന്നു. ററാററാ മമ്മീ – വിനു കൈവീശി. ''പോട്ടെ അ....'മമ്മ''യുടെ കുത്ത് കണ്ണുകഴ് മനസ്സിലൊടക്കി. വിക്കി വിക്കി പറഞ്ഞു. ററാററാ മമ്മീ....

**രഞ്ജിത് പി. കാരാട്**

കഥ

# നിഴലുറങ്ങുന്ന വീഥികൾ

പ്രിയ രാജശേഖരൻ,

നിങ്ങളയച്ച കത്ത് ഇന്ന് കിട്ടി. അതു വായിച്ച കഴിഞ്ഞപ്പോൾ മുതൽ ഒരു മറുപടി അയയ്ക്കാൻ വേണ്ട മാനസീക ഒരുക്കങ്ങൾ നടത്തുകയായിരുന്നു ഞാൻ. എത്രയോ ആലോചിച്ച് ഉറപ്പിച്ച ശേഷമാണ് ഞാനി തെഴുതുന്നത്. കൊളുത്തിവച്ച കമ്പിറാന്തൽ പകർന്നു തരുന്ന ഈ ഇത്തിരിവെട്ടത്തിൽ ഞാനെന്റെ എല്ലാ വികാരങ്ങളും വിചാരങ്ങളും വേദനകളും വ്യഥയോടെ തന്നെ ഈകടലാസിൽ പകർത്തട്ടെ. അങ്ങനെ ഞാനെന്റെമനസ്സിന്റെ കോണിലെവിടെയോ ഒളിപ്പിച്ചു നിർത്തിയ കുറെ പൊടിയണിഞ്ഞ ഓർമ്മകളെ തുടച്ചുമിനുക്കി പുറത്തു കൊണ്ടുവരട്ടെ .... എന്റെ മനസ്സിന്റെ ഭാരങ്ങൾക്ക് അല്പം അയവെങ്കിലും കൊടുക്കട്ടെ.

ആദ്യം തന്നെ ഞാൻ നിങ്ങളുടെ സന്മനസ്സിന് നന്ദി പറയുന്നു–ഭർത്താവ് മരിച്ച് വൈധവ്യം എന്ന ഉഗ്രശാപത്തിൽ സ്വയം എരിഞ്ഞു തീർന്ന, ഒരു മകനുള്ള ഒരു സ്ത്രീയെ നിറഞ്ഞ മനസ്സോടെ സ്വന്തം ജീവിതത്തിൽ ക്ഷണിച്ചതിന്. കത്തു കിട്ടിയപ്പോൾ എനിക്കു തോന്നി നിങ്ങളുടെ ചിന്തകൾ ഒരു അവിവാഹിതന്റെ ചിന്തകൾക്കുമപ്പുറത്താണെന്ന്. ഞാൻ പറഞ്ഞതിൽ തെറ്റൊന്നുമില്ലല്ലോ?

പക്ഷേ, നിങ്ങൾ പറഞ്ഞതുപോലെ എല്ലാം മറക്കാനും എന്നിട്ട് പുതിയൊരു ജീവിതത്തിന്റെ പൂവണിഞ്ഞ വീഥികളിൽ കടന്നുവരാനും – പ്രിയപ്പെട്ട രാജശേഖർ – എന്റെ മാനസീകനില എന്നെ സമ്മതിക്കുന്നില്ലല്ലോ?

നിങ്ങളറിയുമോ എന്നറിയില്ല. ഏറെ സ്നേഹം നിറഞ്ഞ ചുറ്റുപാടിലാണ് ഞാൻ വളർന്നത്. ഏക മകൾ എന്ന പേരിൽ സ്നേഹം വാരിക്കോരിത്തരാൻ ആരും മടിച്ചില്ല. അതുകൊണ്ട് തന്നെ അവർ സൃഷ്ടിച്ച വിരഹം എനിക്കു താങ്ങാവുന്നതിലും അപ്പുറത്തായിരുന്നു. പുലരിയുടെ തണുപ്പിൽ മൂടിപ്പുതച്ചുറങ്ങുമ്പോൾ വിളിച്ചുണർത്തിക്കാൻ സ്നേഹത്തിന്റെ മധുരം നിറഞ്ഞ കാപ്പി നീട്ടിയിരുന്ന അമ്മയിന്നെവിടെ. മകന്റെയും തന്റെയും വയറു വിശക്കാതിരിക്കാൻ ഓഫീസിലെ ലഡ്ജറുകൾക്കിടയിൽ മുഖം പൂഴ്ത്തിയ മകളെ അമ്മ ഇന്ന് കാണുന്നുണ്ടോ ആവോ? കോടക്കാററ് വീശുന്ന വൈകുന്നേരങ്ങളിൽ പുഴക്കരയിൽ അച്ഛന്റെ ഒപ്പമിരുന്നു കണ്ട സൂര്യന്റെ മരണങ്ങളും അതിനെ ചുററി വരുന്ന അർത്ഥവത്തായ തമാശകളും ഉപകളും അച്ഛനോടൊപ്പം തന്നെ ഏതോ സന്ധ്യയുടെ കുളിരിൽ അലിഞ്ഞു പോയ്, രാജശേഖരൻ.

പിന്നെ എന്നെ ആവരണം ചെയ്ത കനത്ത ഏകാന്തതയുടെ മൂടുപടം മാറിപ്പോയത് അനൂപ് വന്നതോടെയാണ്. കടന്നുപോയ പ്രഭാതങ്ങളും സന്ധ്യകളും പുതിയ നിറക്കൂട്ടുകൾ വാരിത്തൂവികടന്നു വന്നപോലെ; വീണ്ടും എന്റെ ജീവിതത്തിന് അർത്ഥങ്ങൾ കടന്നു വരുന്നതുപോലെ. പക്ഷെ....ഇവക്കൊക്കെ അല്പായുസ്സാണെന്നു ഞാൻ അറിഞ്ഞില്ല. വൈകുന്നേരങ്ങളിൽ ഓഫീസ് വിട്ടുവരുമ്പോൾ നീട്ടുന്ന മുല്ലപ്പൂവുകളും കറുത്തകുപ്പിവളകളും, പിന്നെ, പിന്നെ, എനിക്കിഷ്ടപ്പെട്ട ചൂടുള്ള പഫ്സും അതോടൊപ്പം തന്നെ നീണ്ടു വരുന്ന കുറെ കൊച്ചു കൊച്ചു തമാശകളും എനിക്കു മറക്കാനാവുമോ രാജശേഖരൻ. സായാഹ്നത്തിന്റെ ശോഭയിൽ കടലോരത്തിലെ പൂഴിമണലിൽ അയാസപ്പെട്ട് കാലു വലിച്ചു വച്ച് നടക്കുമ്പോൾ എനിക്കവർ പറഞ്ഞു തന്ന കുറെ ചിരിപ്പിക്കുന്ന കഥകളിൽ എന്റെ ജീവിതത്തിന്റെ താളലയങ്ങൾ കുടുങ്ങിപ്പോയത് ഞാൻ അറിഞ്ഞിരുന്നില്ല. പിന്നെ, എല്ലാററിനുമുപരി എന്റെ മാതൃത്വത്തിന്റെ താക്കോൽ അനൂപിന്റെ കൈയിലായിരുന്നല്ലോ. വെറുതെ കുറെ ചിരിച്ച് കുറെ പരിഭവങ്ങൾ പറഞ്ഞ്, കൊച്ചുകൊച്ചു കാര്യങ്ങൾക്ക് പിണങ്ങി മാറിനടന്ന പ്രായത്തിനൊത്ത് മനസ്സുവളരാത്ത എന്റെ തലയിൽ ഉത്തരവാദിത്വങ്ങളുടെ ഭാണ്ഡങ്ങൾ തന്നെ ഏററിവച്ച് അനൂപ് പോയ്. ഏറേ ആശിച്ച് കാത്തിരുന്നുണ്ടായ പൊന്നുമോനെ ഒരു നോക്കു കാണാൻപോലും അനൂപ് നിന്നില്ല. ഇപ്പോഴും എനിക്കതാണ് തോന്നുന്നത്. ഇത്രവേഗം എന്നെ തനിച്ചാക്കി പോകാൻ അനൂപിനോട് ഞാനെന്തുതെററുചെയ്തു. അനൂപിന്റെ ചിരികളും, ചിരിക്കുമ്പോൾ ഒരു വര മാത്രമാകുന്ന കണ്ണുകളും, നെററിയിൽ ചിതറിക്കിടക്കുന്ന ചെമ്പൻ മുടിയിഴകളും. ഒന്നും എന്റെ കൺമുന്നിൽനിന്ന് മാഞ്ഞിട്ടില്ല. ഏറേ സ്നേഹിച്ചു പോയ് എന്ന കുററത്തിന് ഒരു പാടു വേദനിക്കേണ്ടി വന്നപ്പോൾ എന്റെ മോനോടുപോലും ഞാനൊരു അകൽച്ചവെച്ചിരിക്കുന്നു രാജശേഖരൻ. ഞാനിന്ന് ശരിക്കുമൊരു ശിലയാണ്, ഒരു അഹല്യ. തിരിച്ചുവരാത്ത ശ്രീരാമൻ ഒരിക്കലും തരാത്ത മോക്ഷത്തെ വെറുതെ കാത്തിരിക്കുന്ന അഹല്യ.

കാലത്തിന്റെ പരിഹാസച്ചിരി ഉതിരുന്ന ചുണ്ട് കാണാതിരിക്കാൻ ആത്മഹത്യയെ കെട്ടിപ്പുണരാൻ മോ

ഠിച്ചതാണ് ഞാൻ. പിന്നെ, ഏതോനിസംഗത്വം പകന്ന തന്ന ധൈര്യത്തിൽ ഒഴുകുകയായിരുന്നു ഞാൻ ഞാൻപോലു മറിയാതെ. മറവിയുടെ ആഴമുള്ള ഏതോ ...യങ്ങളിൽ മുങ്ങിയൊളിച്ച് നീന്തി ഞാനീ തീരംവരെ എത്തി. പക്ഷേ, ഇന്ന് ഈ കത്ത് കിട്ടിയപ്പോഴും ആകെക്കൂടി പറഞ്ഞറിയിക്കാനാകാത്ത വേദന. മനസ്സിന്റെ കോണുകളിലെവിടയോ ആഴത്തിൽ മുറിഞ്ഞപോലെ. വേണ്ട രാജശേഖരൻ....ഒന്നും വേണ്ടാ ഈ ജീവിതം ...അതിൽ പഠിക്കേണ്ട പാഠങ്ങളൊക്കെ ഞാൻ പഠിച്ചു കഴിഞ്ഞു....ഇന്ന് എനിക്കത് നല്ല സംതൃപ്തി തരുന്നുണ്ട്. എന്റെ ജീവിതത്തിനിന്നൊരു ലക്ഷ്യമുണ്ടല്ലോ. എന്റെ മോനെ വളർത്തി വലുതാക്കണം. എന്നെങ്കിലു മവൻ എന്നെ വിട്ട് പറന്നു പോയേക്കാം. ഒരിക്കലും തിരിച്ചുവരില്ലെന്ന് അവനുറപ്പിച്ചാലും ഞാനവനു വാതിൽക്കിടക്കവിരിച്ച് കാത്തിരിക്കും. കാത്തിരിപ്പ് പ്രതീക്ഷയുളവാക്കുന്നതാണല്ലോ.

നാളെ അവൻ ചോദിക്കുമല്ലോ എന്നപേടിയൊന്നും എനിക്കില്ല. പക്ഷേ.... എന്റെ മനസ്സിലെ അന്തു പിന്റെ ചിത്രത്തിനു് ഒരു മങ്ങലുപോലുംഏറ്റിട്ടില്ല മറ്റാർക്കെങ്കിലും കടന്നുകയറാൻ ഈ മനസ്സിനൊരു നേർത്ത പഴുതു പോലുമില്ല.

നിങ്ങളുടെ വിശാലമനസ്കതക്ക് എങ്ങനെയാണ് നന്ദി പറയേണ്ടത്. നേരം ഒരു പാടാവുന്നു അപ്പു ഉറക്കത്തിൽ കരേണുണ്ട് ....ഞാൻ ചെല്ലട്ടെ ....നാളത്തേക്കുള്ള യാത്രയിൽ ഞാൻ എന്റെ മുന്നിൽ നീണ്ടു വരുന്ന ഒരുപാടു ഉത്തരമില്ലാ ചോദ്യങ്ങളിൽ ആദ്യത്തേത് ഇതാണെന്നു് കരുതി സമാധാനിക്കട്ടെ. ഏതോ പാട്ടിന്റെ ഈരടിയിൽ കേട്ടപോലെ എനിക്കു കൂട്ടായ് എന്റെ നിഴൽ മാത്രം. നിർത്തട്ടെ.

എന്നു്, നീതു

**തനൂജ**

# പോലീസന്വേഷണം

**മഹമ്മൂദ് ദാർവിഷ്**

[പാലസ്തീൻ വിമോചനസമരത്തിൽ സജീവമായി പങ്കെടുക്കുകയും കവിത അടിമത്വത്തിന്റെ കാലത്ത് പോരാട്ടത്തെക്കുറിച്ച് പാടണമെന്ന് വിശ്വസിക്കുകയും ചെയ്ത കവിയാണ് മഹമ്മൂദ്ദാർവിഷ്. തന്നെത്തേടിയെത്തുന്ന ഇസ്രേലി പോലീസുകാരനെ അഭിസംബോധനചെയ്യുകയാണ് കവി.]

എഴുതിയെടുത്തോ
ഞാനൊരറബി
കാർഡുനമ്പർ അമ്പതിനായിരം
കുട്ടികളെട്ട്
അടുത്തവേനലിൽ
ഒമ്പതാം പിറവി
അല്ലാ? നീകോപിക്കുന്നോ?
എഴുതി തള്ള്!
ഞാനൊരറബി
നീ, ഞങ്ങടെ പൂർവ്വികജനത നനച്ചുവളർത്തിയ
പഴത്തോട്ടങ്ങളാം തട്ടിയെടുത്തു!
ഞാനും മക്കളുമദ്ധ്വാനിച്ചു പടുത്തൊരുമണ്ണും
നീകട്ടു;
ബാക്കിയുള്ളത് പാറക്കല്ലുകളാം പാകിയഭൂമി;
പാറക്കല്ലുകളാം ഞങ്ങൾക്ക്!
ഞാൻ കേട്ടത് ശരിയോ?
ആ പാറക്കൽ ഭൂമിയുമിപ്പോൾ
രാഷ്ട്രം കയ്യേറും?
എഴുതിയെടുക്ക്
ഞാനൊരറബി;
തൊഴിലാളികളായെന്റെ സഖാക്കളെ—
മെത്തി മണ്ണിൽ ഞാൻ
പാറപ്പൊടിക്കുന്നു—
അപ്പത്തിൻകഷ്ണത്തിന്നായി
എട്ടുമക്കൾക്കൊരു ബുക്കിന്നായ്
പാറപിഴിഞ്ഞു ഞരിക്കുന്നു—
എനിക്കു നിങ്ങടെ ദാനം വേണ്ട!
നിന്റെ ഞരിക്കും പിടിയിൽ ഞാൻ
ഒട്ടുംഞരിയുന്നില്ല
അല്ല! ഏമാൻ കോപിക്കുന്നോ?

എഴുതിത്തള്ള്!
ഞാനൊരറബി:
ഞാനൊരു സംജ്ഞാനാമം മാത്രം.
സ്ഥാനപേരും, മാറാപ്പേരും
ഒന്നും എനിക്കില്ല.
വിളറിപിടിച്ചു പരക്കംപായും ലോകത്തിൽ
ഇളകാതിടറാതുറച്ചു നിൽക്കുന്നു.
എന്റെ വേരുകൾ യുഗങ്ങളേക്കാളാഴത്തിൽ
കാലത്തിനുമപ്പുറമുള്ളൊരഗാധതയിൽ
ആഴ്ന്നിറങ്ങുന്നു.
മണ്ണുകിളക്കും കല്ലയുടെ പുത്രൻ ഞാൻ!
സാധാരണ കഷ്കരെന്നുടെ പൂർവ്വികജനത
മുളയും പുല്ലിൻതണ്ടും മേഞ്ഞൊരു
കുടലിൽ ജീവിക്കുന്നു ഞാൻ.
മുടിയുടെ വർണ്ണം ശ്യാമം
കണ്ണിനു തവിട്ടു വർണ്ണം
എന്നുടെ അറബി ശിരോവസ്ത്രം
കൈയ്യേറുന്നൊരു കൈകളെ കീറിമുറിക്കാം.
അറിഞ്ഞോ നീ?
ഇത്തിരിയെണ്ണയും തൈമിൻ തൈലവും
തൊട്ടുപുരട്ടി സ്നാനം, എനിക്ക് വളരെ പത്ഥ്യം.
ദയവായെഴുതിയ്ക്കോ,
സർവ്വപ്രധാനമായൊരു കാര്യം!
എനിയ്ക്കാരോടും വെറുപ്പില്ല:
പക്ഷെ, പട്ടിണി വന്നാൽ ഞാൻ തിന്നുന്നതു
കയ്യേറാൻ വരുന്ന അക്രമിവർഗ—
പ്പരിഷകളുടെ മാംസം!
എന്റെ വിശപ്പിനെ സൂക്ഷിച്ചോ!
എന്റെ പകയെ സൂക്ഷിച്ചോ!

ഈയിടെയായി ഏററവും ശ്രദ്ധിക്കപ്പെടുന്നത്
ററിനമേരിക്കൻ സാഹിത്യമാണ്. ലാററിനമേരി
ൻ ഭാഷയേയും പുരാവൃത്തത്തേയും പുനർജ്ജീവിപ്പിക്ക
ും സ്വദേശത്തിൻെറ വംശസ്മരണയും ചരിത്രവും
ം കൊള്ളുകയും ചെയ്യാൻ ലാററിനമേരിക്കൻ സാഹി
കാരൻമാർ പ്രത്യേകിച്ച് കഥാസാഹിത്യകാരൻമാർ
കൃതികളിൽ ഭ്രാമാത്മകതയുടേയും, യാഥാർത്ഥ്യ
ിൻെറയും സമന്വയം സാധിച്ചെടുക്കുന്നു.

ക്യൂബൻ വിപ്ലവത്തോടെയാണ് ലാററിനമേരി
ൻ സാഹിത്യകാരന്മാർ പുറത്തറിയപ്പെടാൻ തുടങ്ങി
ത് എന്നു കാണാം. ഇതിനു കാരണം ക്യൂബൻവിപ്ല
ത്തോടെ സാഹിത്യകാരൻമാർ തമ്മിലുണ്ടായ അടു
പ്പും തുടർന്നുണ്ടായ വർഗ്ഗബോധവും കൂട്ടുത്തരവാദിത്വവു
ണ്. സൂക്ഷ്മമായി പരിശോധിച്ചാൽ ഓരോ ലാററി
നമേരിക്കൻ കഥാ സാഹിത്യ കൃതിയും ഊന്നി നിൽക്കു
ന്നത് മിത്തിൻെറ വ്യഖ്യാന, ആഖ്യാന ശക്തികളി
ലാണ്.

ലോകപ്രസിദ്ധനായ ലാററിനമേരിക്കൻ സാഹി
ത്യകാരനാണ് കാർലോസ്ഫ്യുവൻറിസ് (Carlus
Fuentes) അദ്ദേഹത്തിൻെറ മികച്ച കൃതിയായി കണ
ക്കാക്കപ്പെടുന്നത് 1968ൽ പ്രസിദ്ധീകരിച്ച A Skin of
Change ആണ്. ഒരു പുരാതന സാംസ്കാരിക കേന്ദ്ര

---

ലോകസാഹിത്യത്തിൽ ടെൻറകം നിർണ്ണയി
ക്കുന്നതിൽ ലാററിനമേരിക്കൻ സാഹിത്യത്തി
നുള്ള പങ്ക് പ്രസ്താവ്യമാണ്. മാർക്യൂസ്
ബോർഹസ്, ഫ്യൂവൻറിസ് ഇവരെഒഴിച്ചുനിർ
ത്തികൊണ്ടുള്ള ഒരു സാഹിത്യവിശകലനം
ഇന്ന് അസാദ്ധ്യമാണെന്നു തോന്നുന്നു. കാർ
ലോസ് ഫ്യുവൻറിസിൻെറ ഔര-എന്ന നോവ
ലിൻെറ പഠനം ഇത്തരുണത്തിൽ ശ്രദ്ധിക്കപ്പെ
ടേണ്ടുന്ന ഒന്നാണ്. പത്രത്തിലെ പരസ്യം
കണ്ട് മാഡം കോൺസുലായുടെ വീട്ടിലെത്തുന്ന
ഫിലിപ്പിൻെറകൂടെ വായനക്കാരനും ഒരു മാന്ത്രി
കലോകത്തെത്തുന്നു. സഫലീകരിയ്ക്കപ്പെടാതെ
പോവുന്ന ലൈംഗീക ചോദനയാണ് ഔര
എന്ന് സായി കിഷോർ തെളിയിക്കുകയാണി
വിടെ.

എഡിററർ

---

# പുനരാവാഹനത്തിൻെറ ദിനങ്ങൾ

**സി. സായികിഷോർ**

ായ വേരാക്രൂസിൽനിന്ന് വിശുദ്ധ വാരാഘോഷ
ത്തിൽ മെക്സിക്കോ നഗരത്തിലെത്തുമ്പോഴം നാലുപേർ
ക്കുണ്ടാവുന്ന ആത്മാന്വേഷണപരമായ വിലാപഗാഥ
യാണിത്.

ഫ്യുവൻറിസിൻെറ മറെറാരുമികച്ച നോവലാണ്
Aura ലാററിനമേരിക്കൻ കഥാ സാഹ്യത്യത്തിലെ
പത്തു മികച്ച കൃതികളിൽ ഒന്നെന്നാണ് പ്രസാധ
ർ ഇതിനെ വിശേഷിപ്പിക്കുന്നത്. ഫ്രഞ്ചുഭാഷയിൽ
പരിജ്ഞാനമുള്ള ഒരു ചെറുപ്പകാരനാണ് ഫിലിപ്പ്
മോണ്ടെറോ. അയാാം ഒരുപത്രത്തിൽ പരസ്യംകണ്ടാണ്
ജോലിതേടി മാഡം കോൺസുലോയുടെ അടുത്തെത്തി
യത്. അയാാക്ക് ജ്യോലി കിട്ടി. കോൺസുലോ
യുടെ വളരെമുമ്പ് മരിച്ചുപോയ ഭർത്താവായ ജനറൽ
ലോറൻറയുടെ സ്മരണകളുടെ കയ്യെഴുത്തുപ്രതി മുഴുവനാ
യി ക്രമത്തിൽ അടുക്കി പ്രസിദ്ധീകരണ യോഗ്യമാ
ക്കുകയാണ് ഫിലിപ്പ് മോണ്ടെറെക്ക് ചെയ്യേണ്ടി വന്ന
ജോലി. ഇവിടെവെച്ചാണ് ഫിലിപ്പ് ഔരയെ കണ്ടെ
ത്തുന്നത്. തൻെറ മരുമകൾ എന്നാണ് കോൺസുലോ
ഔരയെ ഫിലിപ്പിന് പരിജയപ്പെടുത്തികൊടുക്കു
ന്നത്. ഔരയെ ഓരോ തവണ കാണുമ്പോഴും ഫിലി
പ്പിന് അവളോടുള്ള അഭിനിവേശം വളരുകയാണ്.

മാഡം കോൺസുലോ ക്രമമായി അടുക്കാൻ ഫിലി
പ്പിനെ ഏല്പിച്ച സ്മരണകളുടെ ആദ്യത്തെ കെട്ട് കയ്യെ
ഴുത്തു പ്രതികളിൽനിന്ന് മധ്യവയസ്കനായ ജനറൽ
ലോറൻെറ ഒരു ബാലിക മാത്രമായ കോൺസുലോയെ
യാണ് വിവാഹം കഴിച്ചിരിക്കുക എന്നു ഫിലിപ്പ്
അനുമാനിക്കുന്നു. വികാരോൽസുകമായ യൗവ്വനത്തി
ൻെറ തിളപ്പിന്നിടയിലാണ് കോൺസുലോയെ തനി
ച്ചാക്കിജനറൽ മരിച്ചത്. അതോടെ കോൺസുലോയു
ടെവികാരവാഞ്ഛ അടിച്ചമർത്തപ്പെട്ടു. മറെറാരു ദിവസം
കോൺസുലോയുടെ മുറിയിൽനിന്നും അവരുടെ ചെറുപ്പ
കാലത്തെ ചില ചിത്രങ്ങളും ഫിലിപ്പ് കണ്ടെടുക്കു
ന്നുണ്ട്. യൗവ്വനയുക്തയായ കോൺസുലോയക്ക് ഔരയു
മായുള്ള സാദൃശ്യം ഫിലിപ്പിനെ അത്ഭുതപ്പെടുത്തുന്നു.
മറെറാരു ഫോട്ടോയിൽ കോൺസുലോയുടെ അടുത്തിരി
ക്കുന്ന ജനറലിന് താനുമായി സാദൃശ്യമുണ്ടെന്നുപോലും
ഫിലിപ്പിന് തോന്നുന്നു. ഫിലിപ്പ് ഔരയുമായി
അത്രമാത്രം മാനസികമായി അടുത്തിരിക്കുന്നു.

ഇങ്ങിനെയിരിക്കെയാണ് ഔരയേപ്പോലെത്തന്നെ
താനും കോൺസുലോയുടെ ബന്ധനത്തിലാണെന്ന്
ഫിലിപ്പ് മനസ്സിലാക്കുന്നത്. ഔരയേയുംകൂട്ടി ഒരുരക്ഷ
പ്പെടലിനേക്കുറിച്ച് അയാാം ചിന്തിക്കുക കൂടി ചെയ്യു
ന്നുണ്ട്. അയാാക്ക് രക്ഷപ്പെടാനാവുന്നില്ല. കോൺ
സുലോയുടെ അസാന്നിദ്ധ്യത്തിൽ ഔരയുടെ ക്ഷണ
പ്രകാരം ഫിലിപ്പ് കോൺസുലോയുടെ കിടപ്പുമുറിയി
ലെത്തുന്നു. അവിടെവെച്ച് ഔരയുമായി ഇണചേരവേ

ഔരയും കോൺസുലോയും ഒരാളാണെന്ന് അഥവ ഒരു വ്യക്തിയുടെ രണ്ടുരൂപങ്ങളാണെന്ന് ഫിലിപ്പ് മനസ്സിലാക്കുന്നു.

വിചിത്രവും മനശ്ശാസ്ത്രപരവും അതിലേറെ വിഭ്രാത്മകവുമായ തന്തുക്കളെക്കൊണ്ടാണ് ഫ്യുവൻറിസ് ഈ നോവൽ മെനഞ്ഞെടുത്തിട്ടുള്ളത്. കോൺസുലോയുടെ സംതൃപ്തിവരാത്ത വികാരേച്ഛയുടെ പ്രതിരൂപമാണ് ഔര. (രണ്ടുപേരെയും ഒരുമിച്ച കാണുമ്പോൾ രണ്ടുപേരും ഒരേപ്രവൃത്തി തന്നെ ചെയ്യുന്നതായി ഫിലിപ്പ് കണ്ടെത്തുന്നു.) ഔരയിലൂടെ നാശോൻമുഖരായ തൻെറ യൗവനത്തെ പുനരാവാഹിപ്പിച്ച് അടിച്ചമർത്തപ്പെട്ട വികാരങ്ങളെ സംതൃപ്തിപ്പെടുത്താനുള്ള ശ്രമമാണ് കോൺസുലോ ചെയ്യുന്നത്. അതിനുള്ള കരുവാണ് ഫിലിപ്പ്. ഫിലിപ്പാകട്ടെ ഔരയെ ഓരോ തവണ കാണുമ്പോഴും കോൺസുലോയുടെ ആവാഹനശക്തിയുടെ അദൃശ്യമണ്ഡലത്തിലേക്ക് അറിയാതെത്തന്നെ തെന്നിനീങ്ങുന്നു. (കോൺസുലോയുടെ മുറിയിൽനിന്ന് കണ്ടെത്തുന്ന ഫോട്ടോയിൽ അവരുടെ അടുത്തിരിക്കുന്ന ജനറലിന് താനുമായി സാദൃശ്യമുണ്ടെന്ന പോലും ഫിലിപ്പ് സംശയിക്കുന്നു.) ഈ പാശ്ചാത്തലത്തിൽ കോൺസുലോ ഫിലിപ്പിനെ പൂർത്തിയാക്കാൻ ഏൽപ്പിക്കുന്ന കയ്യെഴുത്തുപ്രതികൾക്ക് അവരുടെ സംതൃപ്തിവരാത്ത രതിമോഹത്തെ സംതൃപ്തിപ്പെടുത്താൻ ഫിലിപ്പിനെ ഏൽപ്പിക്കുന്നു എന്ന ധ്വനി ലഭിക്കുന്നു എന്ന് വാദിക്കാൻ കഴിയും.

പ്രത്യക്ഷത്തിൽ ജനറൽ ലോറൻറയടക്കം മൂന്നുകഥാപാത്രങ്ങളാണ് നോവലിലുള്ളത്. എന്നാൽ അപ്രത്യക്ഷനായി നോവലിൻെറ ആദ്യം മുതൽ അവസാനം വരെ നോവലിസ്റ്റും നോവലിലുണ്ട്. നോവലിൽ ഫിലിപ്പ് മൊണ്ടേരയുടെ ഓരോ ചലനങ്ങളെക്കുറിച്ചപോലും അയാളെ ബോധവനാക്കികൊണ്ട് നോവലിസ്റ്റ് അയാളോടൊപ്പം നീങ്ങുന്നു. ഉദാഹരണമായി നോവലിൻെറ തുടക്കമെടുക്കുക അതിങ്ങിനെയാണ്. ''നിങ്ങൾ പരസ്യം വായിക്കുകയാണ് ഇതുപോലൊരു വാഗ്ദാനം എല്ലാദിവസവും ഉണ്ടാകുന്നില്ല. നിങ്ങൾ

യൗവനത്തെ പുനരാവാഹിപ്പിച്ച് അടിച്ചമർത്തപ്പെട്ട വികാരങ്ങളെ സംതൃപ്തിപ്പെടുത്താനുള്ള ശ്രമമാണ് കോൺസുലോ ചെയ്യുന്നത്. അതിനുള്ള കരുവാണ് ഫിലിപ്പ്. ഫിലിപ്പാകട്ടെ ഔരയെ ഓരോ തവണ കാണുമ്പോഴും കോൺസുലോയുടെ ആവാഹനശക്തിയുടെ അദൃശ്യമണ്ഡലത്തിലേക്ക് അറിയാതെത്തന്നെ തെന്നിനീങ്ങുന്നു.

വായിക്കുന്നു. വീണ്ടുവായിക്കുന്നു....'' മറ്റൊരു ഉദാഹരണം നോവലിൻെറ അവസാനത്തിൽ നിന്ന് ''നിങ്ങൾ മുഖവും വിടർന്ന കണ്ണുകളും, മദാം കോൺസുലോയുടെ വെള്ളിപോലെ വെളുത്ത മുടിയിൽ പൂഴ്ത്തുന്നു. മേഘങ്ങൾ വീണ്ടും ചന്ദ്രനെ മൂടുമ്പോൾ നിങ്ങൾ രണ്ടുപേരും വീണ്ടും മറക്കപ്പെടുമ്പോൾ യൗവ്വനത്തിൻെറ— പുന:ർശരീരിയായ താരുണ്യത്തിൻെറ സ്മരണകൾ അന്ധകാരത്തെ ഭേദിക്കുമ്പോൾ, നിങ്ങൾ വീണ്ടും അവളെ ആശ്ലേഷിക്കും.

''അവൾ തിരികവരും ഫിലിപ്പ്. നമ്മൾ രണ്ടുപേരുംകൂടി അവളെ തിരിച്ചുകൊണ്ടുവരും. ഞാനെൻെറ ശക്തി വീണ്ടെടുക്കട്ടെ ഞാനവളെ തിരികെ കൊണ്ടുവരും.''

തുടിക്കൊട്ടലിൻെറയും, കിരാതനൃത്തത്തിൻേറയും മാന്ത്രികമായ മണിയൊച്ചയുടേയും താളലയത്തോടെ വളന്ന് ഒരുകണ്ടെത്തലിലവസാനിക്കുന്ന ഈ നോവൽ വായനക്കാരൻെറ ഞരമ്പുകളിൽ വിഭ്രാന്തിയുടേയും സംഭ്രമത്തിൻേറയും ഭാവാത്മകതയുടേയും വിത്തുകൾ മുളപ്പിച്ചെടുക്കുന്നു.

# രാത്രിയുടെ വന്യതയിൽ

അബ്ദുൾ ജലീൽ

ഞാനെന്തോ ചിന്തിക്കുകയാണോ?
വിളറിയമുഖത്തെക്കുറിച്ചും
വിതുമ്പുമധരത്തെക്കുറിച്ചും
ഞാൻപാടാൻ കൊതിക്കുന്നു.
ചെമ്പരത്തിപ്പൂവുകൾ ചിതറിക്കിടക്കുന്ന മുററം
തണുത്ത പ്രഭാതത്തെയും കാത്തുകഴിയുന്ന
ചൂലുമായ്‌വരുന്നആദിവാസിപ്പെണ്ണിനെക്കണ്ട്
അവചിണുങ്ങാൻതുടങ്ങിക്കഴിഞ്ഞു.
പുരുങ്ങിവീഴുന്ന തുഷാരബിന്ദുക്കൾ
അവക്ക് ചുംബനം ചാർത്തുന്നു.
വേർപാടിൻെറ ദുഃഖം തേങ്ങലുയർത്തുന്നുണ്ടോ
അകലെചെററക്കുരകളിൽ പിടയുന്നശബ്ദം
ഏതോനായ്ക്കൾ ഓരിയിടുന്നു.
ചെന്നായ്ക്കളുടെ അലച്ചിൽ തുടരുമ്പോൾ
വിശപ്പിനാൽ അവർ അട്ടഹസിക്കുന്നു.
ഇവിടെ ............
വിശപ്പിൻെറ അട്ടഹാസത്തെ മൂടുന്ന
കവികളുടെ അട്ടഹാസങ്ങൾ ....
കണ്ടീഷൻ റൂമിലിരുന്നു കവിതയെഴുതുന്നു.
പാവങ്ങൾക്കുവേണ്ടി
പട്ടിണിക്കോലങ്ങൾക്കുവേണ്ടി
അരചാൺവയറിനുവേണ്ടി
അവരും എഴുതുന്നു.
കിളികൾ
അവയിനിയും ഉണർന്നിട്ടില്ല.
കുയിലുകൾപാടുന്നില്ല.
എന്തോഎനിക്കുപാടാൻ കൊതിയാവുന്നു.
രാത്രിയെപ്പററി
അഗാധമായ സ്നേഹത്തെപ്പററി
മധുതേടുന്നപൂമ്പാററകളെപ്പററി.
ചെഞ്ചോരച്ചുണ്ടുള്ള കാമുകിയോടൊത്ത്
എനിക്ക് നൃത്തം ചവിട്ടണം

മന്ദമാരുതനേല്ക്കുന്ന നെൽവയലുകൾ
വടക്കൻപാട്ടുപാടുന്ന മങ്കമാർ
ഞാനും പാടുന്നു.
സന്തോഷസന്താപങ്ങളെമറന്നു പാടുന്നു.
ഒരുരാത്രിക്കുവേണ്ടി
വിശപ്പുമാറിയ
ദാഹംവററിയ
ഒരുനല്ല രാത്രിക്കുവേണ്ടി
ഞാൻപ്രാർത്ഥിക്കുന്നു.
പഴപ്പുബാധിച്ചകാലുകൾ.
പൊട്ടിയൊലിക്കുന്ന വ്രണങ്ങൾ
ഉദയംകാക്കുന്നഞാൻ
അഭയത്തിനായി പ്രാർത്ഥിക്കുന്നു.
കരഞ്ഞുകലങ്ങിയകണ്ണുകൾ
വിശന്നുപൊരിയുന്ന വയറുകൾ
അവയിൽനിന്നു മോചനത്തിനായ്
ഞാൻപ്രർത്ഥിക്കുന്നു.
യുവത്വത്തിൻെറ ചോരത്തിളപ്പിൽ
തെരുവിലെറിയപ്പെട്ട കന്യകമാർ
വിഷാദമൊളിക്കുന്ന പുഞ്ചിരി
എനിക്കുചുററും പടരുന്നു.
എന്നിൽനിന്നുവാക്കുകൾ ചുവടുവെക്കുന്നു.
സോദരീ നീ കണ്ടസ്വപ്നമെല്ലാം
നശിച്ചുമണ്ണോടുചേർന്നിരിക്കുന്നു.
ഈചുടുകാട്ടിൽതിരഞ്ഞാൽ
അവയുടെ അസ്ഥിഖണ്ഡങ്ങൾ പോലുംകാണില്ല.
മോചനത്തിനായ്
ആശ്വാസത്തിനായ്
ആവേശത്തിനായ്
പൊട്ടിക്കീറുന്നതലച്ചോറ്
നട്ടെല്ലിനോടൊട്ടിയവയറും
ഉറങ്ങാത്തകണ്ണുകളും
എന്നെതടയുന്നില്ല.
എൻെറകുഴഞ്ഞകാലുകൾ
ഉരുകിയൊലിക്കുന്ന മണൽപരപ്പിലൂടെ
കുളിർമ്മതേടി വെളിച്ചം തേടി
മുമ്പോട്ടു മുമ്പോട്ടു കുതിക്കുന്നു.

നമ്മുടെ കാലത്ത് അക്ഷരങ്ങൾ അഗ്നിയായി മാറാത്തതെന്ത്? കാമ്പസിന്റെ വരണ്ട ചുമരുകളിൽ നിന്ന് പുറത്തു ചാടി ചോദ്യങ്ങളുടെയും സംശയങ്ങളുടെയും പ്രതീക്ഷകളുടെയും ലോകത്തേക്ക് വലിച്ചെറിയപ്പെടുന്നവൻ സാർത്ഥവാഹകനാണ്. അവൻ നിലവിളിച്ചു പോവുന്നു, ഓക്കാനിക്കുന്നു.

ഫാറൂഖ് കോളേജിലും അത്തരം പേരുണ്ട്. ഇടയ്ക്കിടയ്ക്ക് അവർ കൂട്ടം ചേരുന്നു. അപ്പോൾ പലതും നെടുവീർപ്പുകളായി പുറത്തുചാടുന്നു. അവയുടെ ഏതാനും കുറിപ്പുകളാണിവിടെ കൊടുക്കുന്നത്. ഇത് തയ്യാറാക്കിയത് അസീസാണ്.

എഡിറ്റർ

# സാർത്ഥവാഹകരുടെ നിലവിളി

കാററാടിമരങ്ങളിൽ ശ്വാസമടക്കി നിൽക്കുന്ന സന്ധ്യ. തലവേദനയായിരുന്നു. ചോദ്യങ്ങൾ തുടരെ തുടരെ വന്നുകൊണ്ടിരുന്നു. അഭയാർത്ഥികളായിരുന്നു അന്ന് ചർച്ചാവിഷയം. നീണ്ടവേനൽപ്പാടങ്ങളിലൂടെ ഒററയ്ക്ക് നടന്നുനീങ്ങുന്ന ഗൗതമൻ. ജീവിതം, സ്വാതന്ത്ര്യം, പ്രണയം, കവിത, മരണം ചോദ്യങ്ങളുടെ ഊഷരതയിൽ നഷ്ടപ്പെട്ടു പോകുന്ന നിമിഷങ്ങൾ! കർമ്മണ്യേ.... അടുത്ത നിമിഷം എല്ലാവരും ചിരിച്ചു. ചിരിവസാനിച്ചത് ഒരു നീണ്ട മൗനത്തിലായിരുന്നു.

ചാലിയാറിന്റെ വിസ്തൃതമായ മാറിടം താഴോട്ടിറങ്ങിച്ചെന്നു. കറുപ്പു വീണ പുഴയിലേക്ക് ഉററു നോക്കി. മീൻ പുളയുന്ന ശബ്ദം. പിന്നെ നിശബ്ദതയാണ്. എല്ലാം ഒരു പുളച്ചിലാണ്! ആരോ പറഞ്ഞു. ഓരോ പുളച്ചിലും ഒരു നിശബ്ദതതിലവസാനിക്കുന്നു.

* * * * *

എല്ലാം കഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ ഇരുട്ടിന് കട്ടികൂടിയിരുന്നു. കുറച്ചപ്പുറത്ത് കടലിന്റെ ഇരമ്പൽ എവിടെയോ ശവം കത്തിമണക്കുന്നമണം. ഇരുണ്ട ചേരികളിലൂടെ ഞങ്ങൾനടന്നുകൊണ്ടിരുന്നു.!

റോഡുമുഴുവൻ കുണ്ടും കുഴിയുമായിരുന്നു. മലവും മൂത്രവും നാറിയിരുന്നു. ഒന്നും ശ്രദ്ധിക്കാതെ നടന്നുപോവണമെന്നാണ് കരുതിയത്. സായാഹ്നസഞ്ചാരത്തിന്റെ നിറക്കൂട്ടുകളിൽ ഒരു സൗഹൃദത്തിന്റെ പിറന്നാളാഘോഷിക്കുകയായിരുന്നു ഞങ്ങൾ.

തൊട്ടുപിമ്പിൽ ഒരു പെണ്ണിന്റെ ഉച്ചത്തിലുള്ളശബ്ദം കേട്ട് തിരിഞ്ഞു നോക്കി അവൾക്ക് പ്രാന്തായിരിക്കണം. ആരോ ഉപദ്രവിച്ചിരിക്കുന്നു. ഉടുതുണി അഴിച്ചെറിഞ്ഞു കൊണ്ട് കലിതുള്ളുകയാണ് പാവം ''സ്നേഹിതാ ഇതാണ് നമ്മുടെലോകം. ഇതാണ് ഇന്ത്യ'' എന്ന് പറയണമെന്ന് തോന്നി, നിർവ്വികാരത ഒരു കറുത്ത തുണിപോലെ സർവ്വവും പൊതിഞ്ഞു കിടക്കുകയായിരുന്നു. ജീവിതം എത്ര മാത്രം ക്രൂരമാണ്.... ഓരോരുത്തരും ജീവിച്ചുതീർക്കാൻ പണിപെടുകയാണെന്ന് തോന്നിപ്പോകുന്നു.

എത്യോപ്യായിൽ എണ്ണായിരത്തിലധികം പേർ പട്ടിണികിടന്ന് മരിച്ചുവത്രെ ഇതിലുമെത്രയോ പേർ മരണം കാക്കുകയാണെന്ന് മൂവായിരം പേർ നമ്മുടെ കൺമുമ്പിൽ ചത്തുവീണിട്ടും നമുക്കൊന്നും തോന്നിയില്ലല്ലൊ! പക്ഷെ എവിടെയോ എന്തോ തടയുന്നു. പച്ച മാംസത്തിന്റെ ഒരു കഷണം. ഇനിയുമെത്രയോ പേർ മരണം കാക്കുന്നുവെന്ന് ........

നഗരത്തിലെ ഒരൊഴിഞ്ഞപാക്
സമയം സായാഹ്നം. ചിത്രപ്രദർശന
നടക്കുന്നുണ്ടെന്നറിഞ്ഞാണ് അവിടെ
യെത്തിയത്. വളരെ ആർദ്രമായ
വാക്കുകളിൽ ആരോ എന്തൊക്കെയോ
പറയുന്നുണ്ടായിരുന്നു.

ചുമരിൽ വേരുകളററമരങ്ങൾ!

ആരോ ഊററിക്കുടിച്ച വയനാ
ടിന്റെ സൗന്ദര്യം!!

പ്രാസംഗികന്റെ വാക്കുകളി
ലേക്ക് അറിയാതെ ഇറങ്ങിപോയി
ലോകത്ത് ഹരിതവനങ്ങൾ ഇന്
ശേഷിച്ചിട്ടുള്ളത് ആമസോൺ ക
യിൽ മാത്രമാണത്രെ. അതും കൂടി
യിതാ വെട്ടിതീർക്കാൻ പോകുന്ന
ശ്രീ. എം. പി. വീരേന്ദ്രകുമാറാണ്
പ്രസംഗിക്കുന്നതെന്നറിഞ്ഞു. അദ്
ഹം നിർത്താൻ കഴിയാതെ വികാര
രിതനായിരുന്നു. എന്റെ അച്ഛൻ
എന്നോട് പറഞ്ഞു. മകനെ എന്
പാപനാശിനി വററുന്നുവോ അന്ന്
നീ വയനാട്ടുകാരനല്ല. കഴിഞ്ഞ
വരൾച്ചക്കാലത്ത് പാപനാശിനി
വററി! വയനാട്ടുകാരന്റെ കണ്ണുകളി
ലിപ്പോൾ ചിതയെരിയുകയാണ്
മരംകോച്ചുന്ന തണുപ്പ് ഇന്ന് വയനാ
ടിന്റേതല്ല. ഫാനും എയർകണ്ടീ
ഷനുമില്ലാതെ വയനാട്ടിൽ ജീവി
ക്കുക ഇന്ന് അസാദ്ധ്യമായിരിക്കുന്നു

വളരെ പ്രധാനമായിട്ടുള്ളത്! ഇന്ത്യയടക്കമുള്ള മൂന്നാം ലോകരാജ്യങ്ങളിൽ ജനങ്ങളുടെ രോഗങ്ങൾക്ക് കാരണം പട്ടിണിയാണ്. അമേരിക്കക്കാർ ഇനിയും ഗോതമ്പ് ടൺകണക്കിന് കാലിനുള്ളതുള്ളമെന്ന് പറയുന്നു. റഷ്യക്കാർനിശബ്ദരാണ്. എം. എസ്. മിസൈലും ന്യൂട്രോൺ ബോംബും വിതക്കുന്നതിന്റെ തിരക്കിലാണ് വൻശക്തികൾ. നമ്മളിന്ത്യക്കാർ, ആഗ്രക്കാർ ലാററിനമേരിക്കക്കാർ. മൂന്നാം ലോകം ഒരു വർഗ്ഗമായി മാറികൊണ്ടിരിക്കുന്നു. പട്ടിണിക്കാരുടെ വർഗ്ഗം.

അമേരിക്കക്കാരനിന്ന് രാത്രിയും പകലും തുല്യമത്രെ! നമ്മളിന്ത്യക്കാരന് ജീവിതമേ ഇല്ല. നിങ്ങൾ പറയും നമുക്ക് നല്ല ഭൂതകാലമുണ്ടായിരുന്നെന്ന് സമ്മതിക്കുന്നു. പക്ഷേ ജീവിക്കുക എന്നത് വർത്തമാനകാലത്തെ വിഷയമല്ലെങ്കിൽ മറെറന്താണ്.

* * * * *

അനിയത്തിയുടെ കത്ത്‌വരുന്നു. ജേഷ്ഠാ എന്തിനാണ് അമ്മയെ ദുഃഖിപ്പിക്കുന്നത്. നന്നായി പഠിക്കാത്തതെന്താണ്? കാമ്പസിനുള്ളിലെ വരണ്ടചുമരുകളെകുറിച്ച് ഒന്നുമറിയാത്ത അനിയത്തി സ്വപ്നം കാണുന്നത് നല്ലൊരു ഉദ്യോഗമാണ്.

ഉണങ്ങിയ ചവോക്കുമരത്തിന്റെ ചുവട്ടിലിരുന്ന് സുരേന്ദ്രൻ പിറുപിറുത്തുകൊണ്ടിരുന്നു. ക്രിക്കറ്റ്കമന്ററികേട്ടു കൊണ്ട് ലോകതരങ്ങളെ കുറിച്ച്

നാലുവർഷമായി മഴപെയ്തിട്ടില്ലാത്ത ആഫ്രിക്ക ഇന്നാകെ ഉറക്കം നല്കുന്നില്ല. വിയർത്തുകൊണ്ടു ഞെട്ടിയുണരുന്നു. മനുഷ്യനേയും ലോകത്തേയും സ്നേഹിക്കുക ക്രൂരമായ ഒരനുഭവമാണ്. വീരേന്ദ്രകുമാറിന്റെവാക്കുകൾ തികട്ടിതികട്ടിവന്നു. ഇങ്ങിനെ പോവുകയാണെങ്കിൽ അമ്പതു വർഷത്തിനുള്ളിൽ കേരളം മരുഭൂമിയാകും മനുഷ്യരും വൃക്ഷങ്ങളും ദാഹംതീർക്കാൻ കഴിയാതെ പിടഞ്ഞുവീണ്. ചത്തുപോകും. കാരണം എത്യോപ്യാപോലെ കേരളവും ഇക്വറേറാറിയൽ റീജ്യനിൽ പെട്ട പ്രദേശമാണ്.

---

മകനെ എന്നു പാപനാശിനീ വററുന്നുവോ അന്ന്‌നീ വയനാട്ടുകാരനല്ല. കഴിഞ്ഞ വരൾച്ചക്കാലത്ത് പാപനാശിനി വററി! വയനാട്ടുകാരന്റെ കണ്ണുകളിലിപ്പോൾ ചിതയെരിയുകയാണ്. മരം കോച്ചുന്ന തണുപ്പ് ഇന്ന് വയനാടിന്റെതല്ല. ഫാനും എയർകണ്ടീഷനുമില്ലാതെ വയനാട്ടിൽ ജീവിക്കുക ഇന്ന് അസാദ്ധ്യമായിരിക്കുന്നു.

---

ആഫ്രിക്കയുടെ പരിതസ്ഥിതി സന്തുലനം ആകെ താറുമാറായിരിക്കുന്നത്രെ. ആഫ്രിക്കയിലെ ഇടതൂർന്ന മരങ്ങൾ ബ്രിട്ടീഷുകാരന്റെ സുഖവാസ കേന്ദ്രങ്ങളിലേക്ക് കടൽകയറിയിരിക്കുന്നു.

പക്ഷികളെപോലെ ചത്തുവീഴുന്നവർ മനുഷ്യരല്ലെ. രാഷ്ട്രീയക്കാരൻ ചോദിക്കുന്നു: കടലിൽ മഴപെയ്യുന്നില്ലെ അറേബ്യയിൽ മഴപെയ്യുന്നത് മരമുണ്ടായിട്ടാണോ? ആരും അദ്ദേഹത്തെ ചോദ്യം ചെയ്യില്ല കവികൾ മണിമന്ദിരങ്ങളിരുന്ന് വിലപിക്കുകമാത്രം ചെയ്യു. എല്ലാം ഒടുങ്ങുകയാണോ. മനസ്സിലൂടെ ഒരു കൊള്ളിയാൻ വന്നു വീഴുകയാണ്.

* * * * *

എന്റെ സ്നേഹിതാ, ഭക്ഷണം കിട്ടുകഎന്നതിൽ കവിഞ്ഞ വളരെ പ്രധാമായിട്ട് മനുഷ്യനു് മറെറന്താണ്? വാചകമിട്ട കടന്നുപോവുന്ന ജീൻസുധാരിയെ ചൂണ്ടി അവൻ പറഞ്ഞു. എല്ലാം ജാഡയാണ്. നോക്ക് എനിക്ക്മതിയായിരിക്കുന്നു.

ക്ലാസ് മുറികൾ, മനം പുരട്ടലിന്റെതാണ്. അവൻപ്രാക്ടിക്കൽ കട്ട് ചെയ്ത്‌വന്നതാണ്. അവന് മടുത്തിരുന്നു. എനിക്കു് ഓക്കാനം വരുന്നു. അയാൾ പറയുന്നത് മുഴുവൻ മനപാഠമാക്കിയില്ലെങ്കിൽ യൂണിവേഴ്റററി എനിക്ക് ഡിഗ്രി തരില്ല.

നമ്മുടെ കോളേജുകൾ മരവിപ്പിന്റെതാണ്. അധ്യാപകൻ വിദ്യാർത്ഥികളോട് മനപാഠമാക്കാൻ പറയുന്നു. ഏററവും കൂടുതൽ മനപാഠമാക്കാൻ കഴിയുന്നവന് ഒന്നാം സ്ഥാനം കിട്ടുന്നു.

അനിയത്തിക്ക് ആത്മഹത്യകളെ കുറിച്ചാണ് സുഹൃത്ത് മറുപടിയെഴുതുന്നത്.

* * * * *

**What can I do**. കാമുകിയുടെ വിശാല മായ കണ്ണുകളിലേക്ക് നോക്കി അയാൾ ചോദിച്ചു. അവൾ കൊന്നും പറയാനുണ്ടായിരുന്നില്ല. അകലെ ആകാശം കലങ്ങിയിരുന്നു. മരണത്തിലേക്കെന്നപോലെ പക്ഷികൾ പറന്നുപോവുന്നു. നിമിഷങ്ങൾ കടന്നുപോവുന്നു. പകലുകൾ രാത്രികളാവുന്നു. വർഷങ്ങൾ പതിററാണ്ടുകളാവുന്നു. ഒന്നുമായിത്തീരാതെ ഓരോ യൗവനവും പൊലിഞ്ഞു തീരുകയാണിവിടെ.

* * * * *

**What is love?**

പ്രണയത്തിന്റെ വററിത്തീരാത്ത ഖനികളെന്നൊക്കെ കവിത വായിച്ചിട്ടുണ്ട്. മഴയുടെ വെള്ളികമ്പികൾ കടന്ന് സ്വപ്നം പോലെ കടന്നുവരുന്ന പെൺകുട്ടിയുടെ സ്വർണ്ണനിറമുള്ള വിരലുകൾ. "എല്ലാ സൗഹൃദവും പ്രണയമല്ല. എന്നാൽ പ്രണയം സൗഹൃദത്തിന്റെ **enlargd state** ആണ്. പക്ഷെ അങ്ങിനെ പറയുന്നത് പൂർണ്ണമായും ശരിയായിരിക്കില്ല. എനിക്ക് തോന്നുന്നത് **sexual frend ship** ആയിരിക്കും പ്രണയമെന്നാണ്." പ്രണയം നമ്മുടെ കാലത്ത് ചാവിനു ഷ്ടപ്പെട്ട ഘടികാരമാണെന്ന് പറഞ്ഞ ഹരിക്ക് മറുപടി പറയുകയായിരുന്നു സുരേഷ്. അപ്പോൾ sex എന്താണ്? ഇഷ്ടപ്പെടുന്ന ആളെ കാണുമ്പോൾ സാന്ത്വനം തോന്നും.

ഒരു സുഹൃത്ത് പറഞ്ഞു. "വിപ്ലവവും ആത്മഹത്യയും പരാജയപ്പെട്ട

മ്പോൾ നമുക്ക് പ്രേമമായിരിക്കും അഭികാമ്യം. പരാജയപ്പെടുന്ന വിപ്ലവവും ആത്മഹത്യയും....!!!

* * * * *

തൃശ്ശൂർ അമലാഹോസ്പിററൽ ജനലഴികളിലൂടെ പുറത്തേക്ക് നോക്കി. ജാഫറിനെപ്പോലും ഓർത്തു പോകാറുണ്ട്. കരിഞ്ഞു കിടക്കുന്ന ഇലകൾ. ജീവിതം ഇത്ര മാത്രം ക്രൂരമാണോ? അർബുദം തിന്നകവിളുകളിൽ പച്ച കുത്തിയിരിക്കുന്നു. ചെറുപ്പക്കാരൻ ഒരു നിഴൽപോലെ നടന്നു പോവുന്നു. ജീവിയ്ക്കപ്പെടാതിരിക്കുകയും മരിയ്ക്കപ്പെടാതിരിക്കയും ചെയ്യുന്ന അവസ്ഥയാണ് ഏററവും ക്രൂരം.

എന്നിട്ടും?

വൃദ്ധന്റെ ശ്വാസകോശം മുഴുവനും ക്യാൻസർ കാർന്നു തിന്നുകയാണ്. അയാൾ വരാന്തയിലൂടെ വെറുതെ അങ്ങോട്ടുമിങ്ങോട്ടും നടന്നു കൊണ്ടിരിക്കും. തുള്ളിതുള്ളിയായി ഉറഞ്ഞു കൂടുന്ന നിശ്ശബ്ദത. അയാൾ മടിക്കുത്ത് തപ്പിനോക്കി. ചുററുപാടും നിരീക്ഷിച്ചു. മകനെങ്ങാനും അടുത്തുണ്ടാവുമോ? അവൻവന്ന് സേഫിന്റെ താക്കോൽ മോഷ്ടിക്കുമോ?

* * * * *

നമ്മുടെ കാലത്ത് അക്ഷരങ്ങൾ അഗ്നിയായിമാറാത്തതെന്ത്?

കടമ്മനിട്ടയുടെ കറത്തി ഉറഞ്ഞാടുന്നതിപ്പോൾ പഞ്ചനക്ഷത്രഹോട്ടലുകളിലാണ്. എവിടെയോ എന്തോ ചീയുന്നതുപോലെതോന്നി. മരത്തണലിലിരുന്ന് ഉറഞ്ഞുതുള്ളിയ കാട്ടാളൻ ഒരാവേശമായിരുന്നു. എന്തേ ഇങ്ങിനെയൊക്കെ സംഭവിക്കാൻ? കവിതയെന്തെന്നറിയാത്തവൻ മതബോധത്തിന്റെ ജഡിലതയിൽനിന്നുകൊണ്ട് ആക്ഷേപശരങ്ങളുതിർത്തപ്പോൾ പതറാതെ എതിർത്തു പോന്നിട്ടുണ്ട്. ഇവിടെ കവിതപോലും ബൂർഷ്വാവത്കരിയ്ക്കപ്പെടുകയാണ്. ഓരോവാക്ക് ആവർത്തിച്ച്, ലളിതമായ്, നിർത്തി നിർത്തി ഉച്ചരിയ്ക്കണം. ഭാഷയെ സംഗീതമാക്കുകയാണ് പലരും ചെയ്യുന്നത്.

* * * * *

വരുംകാലസന്ധ്യകൾ വസന്തകാലങ്ങളുടെതാവില്ലെ സ്നേഹിതാ ....?

ചുററിലും ബീഡികുററികൾ ചിതറികിടന്നിരുന്നു. സനൽദാസെന്തിനേ ആത്മഹത്യ ചെയ്തത്? ഘടികാരത്തിന്റെ അവസാനത്തെ തേങ്ങൽ കേട്ട് സനൽദാസന്തിനേ മരണത്തെ ഉമ്മവെച്ചത്? അവർ കവികളായിരുന്നല്ലൊ....! പ്രദീപ് മറുപടി പറയാൻ ശ്രമിച്ചു.

വിപ്ലവം എന്നത് വ്യക്തികളുടെ കേവലേച്ഛയല്ല. സമൂഹത്തിന്റെ മൊത്തം വികാസത്തിന്റെ ഭാഗമായിട്ടാണതിനെ കാണേണ്ടത്.

വ്യക്തികളുടെ ഇച്ഛയ്ക്കതിൽ പങ്കില്ലെ....? ഈ ഇച്ഛതന്നെയല്ലെ അയാളുടെ സ്വാതന്ത്ര്യത്തിന്റെ മർമ്മമാകുന്നത്. ഇച്ഛയുടെ ബലം സ്വാതന്ത്ര്യത്തിന്റെ കൊലയല്ലെ?

നമ്മുടെ നാട്ടിൽ ഇത്നടക്കുന്നില്ലെ? സഖാവ് എന്ന പദത്തിന്റെ അർത്ഥംപോലും നമ്മൾ നഷ്ടപ്പെടുത്തിയില്ലെ? വിപ്ലവം പഴംചരക്കായി മാറിയില്ലെ?

* * * * *

നമ്മൾ സിനിക്കുകളാണ്. ഓച്ഛാനിച്ചു നിൽക്കാൻ മാത്രം പാകപ്പെട്ട ഒരു വലിയ ജനത, എതിർക്കാനോ മറുത്തൊന്ന് പറയാനോ അല്ല. കാലുകഴുകാൻ മാത്രം വിധിയ്ക്കപ്പെട്ട ജനത. ഇത് മാറില്ലെ?

* * * * *

നാലുവർഷമായി മഴ പെയ്യിട്ടില്ലാത്ത ആഫ്രിക്ക ഇന്നാർക്കും ഉറക്കം നൽകുന്നില്ല. വിയർത്തുകൊണ്ട് ഞെട്ടിയുണരുന്നു. മനുഷ്യനെയും ലോകത്തെയും സ്നേഹിക്കുക ക്രൂരമായ ഒരനുഭവമാണ്. വീരേന്ദ്രകുമാറിന്റെ വാക്കുകൾ തികട്ടിതികട്ടിവന്നു. ഇങ്ങിനെപോവുകയാണെങ്കിൽ അഞ്ചാറു വർഷത്തിനുള്ളിൽ കേരളം മരുഭൂമിയാകും. മനുഷ്യരും വൃക്ഷങ്ങളും ദാഹം തീർക്കാൻ കഴിയാതെ പിടഞ്ഞു വീണ് ചത്തുപോകും. കാരണം എത്യോപ്യാപോലെ കേരളവും ഇകചറേററിയൽ റിജ്യനൽപെട്ട പ്രദേശമാണ്.

എവിടെയാണ് സ്വാതന്ത്ര്യം അവസാനിക്കുന്നത്, അവനൊരു കൊച്ചുകുട്ടിയായിരുന്നു. കോളേജിന്റെ സമ്മോഹനങ്ങളിലേക്ക് കഞ്ചികാലുകൾവച്ച് കയറി വന്നവൻ എന്തും ചെയ്യാനുള്ള അവകാശമാണോ സ്വാതന്ത്ര്യം? അവനൊന്നും പറയുന്നില്ല.

മരണത്തിന്റെ നീലവനങ്ങളിൽ പനം തത്തകൾ പാടി കൊണ്ടിരിക്കുന്നു. മരണം ജീവിതത്തിന്റെ മറുപുറം തന്നെയാണ്. മറെറാരവസ്ഥ! കാർബണും ഹൈഡ്രജനും മററു മൂലകങ്ങളും ചേർന്ന ഒരു പദാർത്ഥമാണ് മനുഷ്യനും മററുജീവജാലങ്ങളും. കാർബണും ഹൈഡ്രജനും ഓക്സിജനും ചേർന്ന ഒരു സംയുക്തം അതാഹാരമാക്കുകയും ചെയ്യുന്നു. ഒരു പ്രത്യേക Combinationൽ അതിനു് ബോധപ്രക്രിയനടത്താൻ കഴിയുന്നു. ആ ക്രിയ അവസാനിക്കുമ്പോൾ പദാർത്ഥം നിശ്ചലമാകുന്നു.

വഴി തെററി പോകുകയാണ്. സ്വാതന്ത്ര്യം അവസാനിക്കുന്നത് മരണത്തിലാണെന്ന് തോന്നി പോവുന്നു. സ്വാഭാവികതയിലല്ല, ആവശ്യകതയിൽ, ആത്മഹത്യയുടെ മരങ്ങളിലല്ല. കരിശിൽ!!

നമുക്ക് ആത്മഹത്യ ചെയ്യാനല്ലേ കഴിയൂ. ഇല്ല അതുപോലും നമുക്ക് കഴിയില്ല. കാരണം നമ്മുടെ സ്വാതന്ത്ര്യം നമ്മളെവിടെയോ പൊതിഞ്ഞുവെച്ചിരിയ്ക്കയാണല്ലോ.

* * * * *

നീ ദൈവ വിശ്വാസത്തെകുറിച്ച് എപ്പോഴും പറയാറുണ്ട്. നിന്റെ ദൈവം പള്ളികളിലും കോവിലുകളിലുമല്ല. വേദപുസ്തകങ്ങളിലും പുരോഹിതന്റെ വാക്കുകളിലുമല്ല. നിനക്കെന്താണ് മറുപടി തരാനുള്ളത്? എനിക്ക് കരയനാണ്തോന്നുന്നത്. ഒരു കൊച്ചു കുഞ്ഞിനെപ്പോലെ പൊട്ടിക്കരയുക. കരഞ്ഞ് കരഞ്ഞ് മനസ്സ് വെളുപ്പിക്കുക. പിന്നെ ഭൂമിയും ആകാശവും പ്രകാശമാനമാണ്. മരങ്ങളും പൂക്കളും തുമ്പികളും കവിതയാണ്. നോക്ക്, ഒരിക്കലെങ്കിലും കരയാൻ കഴിയാതിരിക്കുക എത്രയോഭീൽസമാണ്.



# സ്ത്രീ-പ്രശ്നവും പ്രതികരണവും

വ്യക്തിയുടെ ചുമതലകളും സമൂഹത്തിന്റെ അവകാശങ്ങളും സമൂലമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ സ്ത്രീകൾ ഒരു വർഗ്ഗം എന്നനിലയ്ക്ക് അനുഭവിക്കുന്ന അവസ്ഥ വിചിന്തനം ചെയ്യുന്നതിൽ പ്രസക്തിയുണ്ടല്ലോ. ചരിത്രാതീതകാലം മുതല്ലേ വിവിധ സമൂഹങ്ങൾ സ്ത്രീകൾക്ക് ഇരുളിന്റെയും ഇടുങ്ങിയ അരക്കില്ലങ്ങളുടെയും ലോകം മാത്രം നൽകി. പുതിയ പ്രമാണങ്ങളും ചിന്തകളും വിശ്വാസങ്ങളും വാഗ്ദാനം ചെയ്യുമ്പോഴും യഥാർത്ഥത്തിൽ സ്വാതന്ത്ര്യത്തിന്റെ വെളിച്ചം ഏറെയേറെ ദൂരെയായിരുന്നു. വ്യവസ്ഥിതികൾ മാറിടുമ്പോഴും മറിച്ചൊന്നും ഉണ്ടായില്ല. പിന്നോക്കാവസ്ഥയിലും അന്ധമായ ജീവിതരീതികളിലും തളച്ചിടുമ്പോൾ, ചൂഷണത്തിന്റെയും അധികാരത്തിന്റെയും വ്യവസ്ഥിതി തന്നെയാണ് നിലനിൽക്കുന്നത്.

പരസ്പര സ്നേഹത്തിലധിഷ്ഠിതമായിരിക്കേണ്ട സ്ത്രീപുരുഷബന്ധം കേവലം കച്ചവടമായി തരംതാണുപോകാൻ അനുകൂലമായ സാഹചര്യങ്ങളാണ് ഇന്നുനിലവിലുള്ളത്. ഇതിൽ നിന്നുള്ള മോചനത്തിന് ഒറ്റമൂലിയില്ല. സ്ത്രീപുരുഷബന്ധം മാത്രമല്ല മറ്റെല്ലാമാനുഷിക ബന്ധങ്ങളും കച്ചവടമായി കൊണ്ടിരിക്കുന്ന ഒരു വ്യവസ്ഥിതിയിൽ സ്ത്രീപുരുഷബന്ധത്തെ വേർപെടുത്തി കൈകാര്യം ചെയ്യാമെന്ന് ഞാൻ കരുതുന്നില്ല. സ്വകാര്യസ്വത്ത് സമ്പാദനത്തിന്റെ മൂല്യങ്ങൾ സമൂഹത്തിൽനിന്ന് നിർമ്മാർജ്ജനം ചെയ്യപ്പെടുമ്പോൾ മാത്രമേ എല്ലാ മാനുഷിക ബന്ധങ്ങൾക്കും പരസ്പരസ്നേഹത്തിന്റേതായ ഒരു അടിത്തറ കൈവരൂ.

സ്ത്രീാത്മകവിപ്ലവത്തെ സംബന്ധിച്ചുള്ള ചോദ്യം വളരെ ലളിതവല്ക്കരിക്കപ്പെട്ടതാണ്. യഥാർത്ഥ പ്രണയം എന്നുദ്ദേശിക്കുന്നത് എന്തിനെയാണ്? നിത്യജീവിതത്തിന്റെ കയ്പുനിറഞ്ഞ യാഥാർത്ഥ്യവുമായി ഏറ്റുമുട്ടുമ്പോൾ ആദർശപ്രണയം ഒരു മിഥ്യാബോധമായി ഗണിക്കപ്പെടേണ്ടതുണ്ട്. അതേ സമയം സ്ത്രീപുരുഷന്മാർക്ക് പരസ്പരം സ്നേഹിക്കാനാവില്ല എന്ന ധാരണയും തെറ്റാണ്. ആദർശപ്രണയത്തിനും പരസ്പര സ്വാർത്ഥ്യസ്സും നടുവിലെങ്ങോ ആണ് യാഥാർത്ഥ്യം കിടക്കുന്നത്. മനുഷ്യൻ ഒരു സാമൂഹ്യ ജീവിയായതിനാൽ സ്നേഹവും പരിഗണനയും അവൾക്ക് അയാൾക്ക് ആവശ്യമാണ്. സംഘർഷം നിറഞ്ഞ ജീവിതാന്തരീക്ഷത്തിന്റെ ക്രൂരതകൾ നേരിടുമ്പോൾ ഭാവിയെ കുറിച്ച് ശുഭപ്രതീക്ഷ നല്കുന്നത് ഇത്തരം ബന്ധങ്ങളാണ്.

ശരി – അത്ത് പ്രശ്നത്തെ കുറിച്ച് അത്രയേറെപഠിച്ചിട്ടില്ല. എങ്കിലും മുസ്ലീംപെൺകുട്ടികൾക്കിടയിൽ ധാരാളമായി കാണുന്ന ശൈശവ വിവാഹം എന്നെ അസ്വസ്ഥയാക്കിയിട്ടുണ്ട്. ബഹുഭാര്യത്വവും ബഹുഭർതൃത്വവും ഒരുപോലെ സ്ത്രീയ്ക്കും പുരുഷനും അടിമ, ലൈംഗികവസ്തു എന്നീ പദവിയേ നല്കിയിട്ടുള്ളൂ. രണ്ടും സ്വകാര്യസ്വത്ത് സംരക്ഷണത്തിന്റെ താല്പര്യങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഓരോ ചരിത്രഘട്ടത്തിലും ഉയർന്നു വന്നിട്ടുള്ളത്. ഒരിണയോടൊത്തല്ലാതെ, ഒന്നിലധികം ഇണകളോടൊത്ത് കഴിയാൻ, അന്യോന്യം തുല്യരായി കരുതുകയും ബഹുമാനിക്കുകയും ചെയ്യുന്ന സ്ത്രീയ്ക്കോ പുരുഷനോ സാധ്യമാവുകയില്ലെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. sex-ന് വേണ്ടിയുള്ള പരസ്പരബന്ധങ്ങളും പരസ്പര സ്നേഹത്തിന്റെ പാരാമ്യമായുണ്ടാകുന്ന ലൈംഗിക ബന്ധങ്ങളും തമ്മിൽ സാരാംശത്തിൽ വ്യത്യാസമുണ്ട്.

സ്വന്തം കാര്യങ്ങൾ നോക്കുവാൻ കഴിവുള്ള മുതിർന്ന സ്ത്രീപുരുഷന്മാർക്ക് അവരുടെ ഇണയെ തിരഞ്ഞെടുക്കാനുള്ള കഴിവുണ്ടെന്ന് അംഗീകരിച്ച് അവരുടെ തീരുമാനത്തെ മനസ്സിലാക്കാനുള്ള സന്മനസ്സ് രക്ഷിതാക്കൾ കാണിക്കേണ്ടതുണ്ട്. പക്ഷെ ഇന്നത്തെ യാഥാർത്ഥ്യം നേരെ മറിച്ചാണല്ലോ. ദീർഘകാലമായി ബോധമണ്ഡലത്തിലുള്ള പ്രവർത്തനഫലമായി സ്ത്രീപുരുഷന്മാർ സ്വന്തം ജീവിതത്തിന്റെ ഉത്തരവാദിത്തം ബോധപൂർവ്വം സ്വയമേറ്റെടുക്കാൻ തയ്യാറാകുമ്പോൾ മാത്രമേ സ്വന്തം താല്പര്യപ്രകാരമുള്ള വിവാഹബന്ധങ്ങളിൽ ഏർപ്പെടാനുള്ള സാഹചര്യമുണ്ടാവുകയുള്ളൂ.

മിശ്രവിവാഹങ്ങൾക്ക് ജാതി – മതസംഘർഷങ്ങളൊഴിവാക്കുന്നതിലും സാംസ്കാരികമായി പരസ്പരം ധന്യമാക്കുന്നതിലും ഒരുവലിയ പങ്കുവഹിക്കാനാവും. പക്ഷേ, ഇന്ന് മിശ്രവിവാഹിതർക്ക് അനുഭവിക്കേണ്ടിവരുന്ന സാമൂഹ്യവും വൈകാരികവുമായ സംഘർഷങ്ങൾ അധികം പേരെയും അത്തരമൊരു സാഹസത്തിൽനിന്നു പിന്തിരിപ്പിയ്ക്കുന്നു.

സ്വാതന്ത്ര്യബോധമുൾകൊള്ളാത്ത സ്ത്രീ ഒരു മനുഷ്യനെന്ന പരിഗണനപോലും അർഹിക്കുന്നവരല്ലെന്നാണ് എന്റെ പക്ഷം. സമൂഹത്തിൽ സ്വന്തം പദവി അംഗീകരിക്കപ്പെടാൻ അവളിനിയും ഉണരേണ്ടിയിരിക്കുന്നു സാമൂഹ്യനീതീനടപ്പിലാക്കാനുള്ള സമരത്തിൽ അവളും (ഒറ്റയ്ക്കും കൂട്ടായും) തീർച്ചയായും പങ്കു ചേരേണ്ടതുണ്ട്.

വസ്ത്രം ഉരിച്ചെടുക്കുന്നവരും വസ്ത്രം കൊണ്ട് വീർപ്പുമുട്ടിക്കുന്നവരും അത്യന്തികമായി അവളുടെ സ്വാതന്ത്ര്യത്തെ കൊല്ലുകതന്നെയാണ്. നമ്മുടെ സ്ത്രീകൾ ധരിക്കുന്ന വസ്ത്രം ചിലപ്പോൾ പുരുഷന്മാർക്ക് കണ്ടാസ്വദിക്കാൻ പോരുന്നവയാണ് ഉദാഹരണത്തിന് സാരിതന്നെ ശരീര

**ഷീല വി.**

സ്ത്രീ പുരുഷബന്ധം തീർച്ചയായും ഇന്ന് കച്ചവടപരമായ ഒരു ദാരുണാവസ്ഥയിലേക്ക് താണുപോയിട്ടുണ്ട്. സത്യത്തിൽ ഇതിനെ താണുപോവുക എന്ന പ്രക്രിയയായിട്ടാണോ വിളിക്കേണ്ടതെന്നറിയില്ല. കാരണം നമ്മുടെ സമുദായം ഫ്യൂഡൽ ചുററുപാടുകളിൽനിന്ന് ബൂർഷ്വാ ചുററുപാടുകളിലേക്ക് മാററപ്പെട്ടുകൊണ്ടിരിക്കുന്ന അവസ്ഥയിലാണ്എന്നതുതന്നെ. മുതലാളിത്തത്തിന്റെതായ പ്രവണതകൾ ഫ്യൂഡൽ സങ്കല്പങ്ങളെ തകിടം മറിക്കുകയും എന്നാൽ മുതലാളിത്തേതരവും ഫ്യൂഡൽ വിരുദ്ധവുമായ ചിന്തയ്ക്ക് മട്ടപ്പുളവാക്കുന്നതുമായ ഒരവസ്ഥയിലേക്ക് പരിണമിക്കുന്നു എന്ന് പറയുന്നതാവും കൂടുതൽ ശരി.

സമൂഹരൂപഘടനയിലെ സുപ്രധാനബന്ധമാണ് സ്ത്രീയും പുരുഷനും തമ്മിലുള്ളത്. ദാമ്പത്യത്തിൽ ആദർശങ്ങൾക്കുള്ള പ്രസക്തി ഇതുകൊണ്ടാണ് ഉന്നയിക്കപ്പെടുന്നത്. ലക്ഷങ്ങൾക്കുവേണ്ടി വിലപേശുമ്പോൾ, പരുക്കൻയാഥാർത്ഥ്യങ്ങളുമായി ഏററുമുട്ടുമ്പോൾ ഈ ആദർശങ്ങൾ തകർന്നുപോവുന്നു. ഇത് മൊത്തം ധാർമ്മികാവസ്ഥയെ ബാധിക്കുന്നു.

സമൂഹത്തിലുണ്ടാവുന്ന ഏതു് രൂപപ്പെടലുകളും സ്ത്രീയുടെ ജീവിതത്തെയാണ് സാരമായി ബാധിക്കുന്നതു്. ഇതിനുകാരണം നമ്മുടെതും നമുക്ക്മുമ്പുണ്ടായിരുന്നതുമായ വ്യവസ്ഥിതികൾ മേധാവിത്വത്തിന്റെയും പുരുഷനു് കൂടുതൽപ്രാധാന്യം നൽകുന്നതുമായതാണ് എന്നതു്കൊണ്ടത്രെ. ഇത് അവളുടെ സർഗ്ഗാത്മകമായ വ്യക്തിത്വത്തെ അടിച്ചമർത്തുന്നതിനും ക്രൂരമായ പീഡനങ്ങൾക്ക് അവളെ വിധേയയാക്കുന്നതിനും ഇടകൊടുക്കുന്നു. വർദ്ധിച്ചുവരുന്ന സ്ത്രീധനകൊലപാതകങ്ങൾ അതുമൂലമുള്ള മററുക്രൂരതകൾ എന്നിവ ഇത് വ്യക്തമാക്കിതരുന്നുണ്ട്.

ഇതിൽനിന്നുള്ള മോചനത്തെപററി ചിന്തിക്കുമ്പോൾ സമൂഹത്തിന്റെ പൊതുവായ വീക്ഷണത്തെപററി നാം ബോധവാന്മാരാകേണ്ടതുണ്ട്. മേൽപറഞ്ഞ മേധാവിത്വവ്യവസ്ഥിതി കേവലമായ സുരക്ഷിതത്വസങ്കല്പത്തിലേക്ക് ആളുകളെ തള്ളിവിടുന്നു. നിലനില്പ് പ്രധാനമായി വരികയാണിവിടെ. നമ്മൾ മൂല്യങ്ങളിൽനിന്ന് പിന്മാറാൻ തയ്യാറാകുന്നു. ഏതെല്ലാം മൂല്യങ്ങൾക്ക് നിന്ന് പിന്മാററം സംഭവിക്കുന്നുവോ അവിടെയെല്ലാം സംഘട്ടനം ഉണ്ടാവുന്നു. ഈ സംഘട്ടനമാണ് ഇവിടെ ചോദിക്കപ്പെട്ട കച്ചവടവൽകരണം എന്ന കേവലവൽകരിക്കപ്പെട്ട പ്രശ്നത്തിനു് അടിസ്ഥാനം. സർഗ്ഗാത്മകമായ സ്ത്രീപുരുഷബന്ധം സൃഷ്ടിക്കപ്പെടുക എന്നതാണ് നമ്മുടെ ആവശ്യകതയെങ്കിൽ മേൽ പ്രസ്താവിച്ച മേധാവിത്വ വ്യവസ്ഥിതി മാററിമറിക്കുക എന്ന പ്രക്രിയയിൽ ഭാഗമാക്കുക എന്നതാണ് മുഖ്യമായിട്ടുള്ളത്.

സാമ്പത്തിക പരിഗണന മതചിന്തകളുടെ ആധിപത്യം മുതലായ നിലനിൽക്കുന്ന സാമൂഹ്യാവസ്ഥയുടെ പ്രത്യേകതയാണ്. ഇന്ന് നമ്മുടെനാട്ടിൽ മേധാവിത്വം പുലർത്തുന്നതു് മതാധിഷ്ഠിത ബൂഷ്വാസാമൂഹ്യ സങ്കല്പങ്ങളാണ്. മാററമില്ലാത്ത മൂല്യസങ്കല്പമാണ്. മതങ്ങൾ വച്ചുപുലർത്തുന്നതു്. അതുകൊണ്ട്തന്നെ അവയ്ക്ക് മനുഷ്യന്റെ നൈസർഗ്ഗികവികാരങ്ങളെ കുറിച്ചു ശാസ്ത്രീയമായ ഒരു വിശകലനം നടത്താൻ സാധിക്കുന്നില്ല. അതുകൊണ്ടുതന്നെ അവമനുഷ്യന്റെ മൗലീക വികാസത്തിനു് തടസ്സമായി നില്ക്കുന്നു. അസ്വാതന്ത്ര്യം വിപത്തുക്കളും സൃഷ്ടിക്കുന്നു. ശാസ്ത്രവും ടെക്നോളജിയും ഇന്ന് അനുനിമിഷം എല്ലാം മാററി മറിച്ചുകൊണ്ടിരിക്കുന്ന ഈകാലത്ത് മതഫണ്ടമെൻറലിസ്റ്റുകൾ കാര്യങ്ങളെ കൂടുതൽ അനുഭാവപൂർവ്വം സമീപിക്കേണ്ട ഒരവസ്ഥയിവിടെ നിലനില്ക്കുന്നുണ്ട്.

സർഗ്ഗാത്മകവിപ്ലവം മനുഷ്യന്റെ ചങ്ങലകളെ പൊട്ടിച്ചെറിയുകയും മൗലികമായ വളർച്ചയ്ക്ക് പാകമാക്കുകയും ചെയ്യുന്നതാണ്.

സ്ത്രീമർദ്ദനത്തിന്റെ വാർത്തയില്ലാതെ നമ്മുടെ നാട്ടിൽ ദിനപത്രങ്ങളിറങ്ങാറില്ലെന്ന് തന്നെ പറയാം. ഒന്നുകിൽ സ്ത്രീധനത്തിന്റെ പേരിൽ കുടുംബകലഹങ്ങളുടെ പേരിൽ. പലപ്പോഴും

സ്ത്രീക്രൂരമായി മർദ്ദിക്കപ്പെടുന്നു. ഗത്യന്തരമില്ലാതെ സ്ത്രീ സ്വയം ഹോമിക്കുകയോ കൊലചെയ്യപ്പെടുകയോ ചെയ്യുന്നു. ആചാരങ്ങളുടെ പേരിലുള്ള അടിമത്തം ഇന്ത്യൻസ്ത്രീകൾ കാലങ്ങളായി അനുഭവിച്ച്പോരുന്നു. എന്തെല്ലാം മാററങ്ങളുണ്ടായിട്ടും സ്ത്രീ പീഡിപ്പിക്കപ്പെടുകയാണ് ഈ അക്രമങ്ങൾ മതാചാരങ്ങളുടെ പേരിലാണ് അരങ്ങേറുന്നത്. ഇവിടെ സ്ത്രീ പുരുഷനു് എന്തും ചെയ്യാനുള്ള ഒരു വസ്തുവായി കണക്കാക്കപ്പെടുന്നു.

എല്ലാമതങ്ങൾക്കും തുല്യപരിഗണനയും ആചാരങ്ങളും വിശ്വാസങ്ങളും വെച്ചുപുലർത്താനുള്ള അവകാശവും നൽകുന്നതാണ് ഇന്ത്യൻ ഭരണഘടന. എന്നാൽ ഇത് ഭരണഘടന എല്ലാവർക്കും തുല്യനീതി പ്രഖ്യാപിക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ പ്രവൃർത്തി മണ്ഡലത്തിൽ ഇത് പ്രായോഗികമാകുന്നില്ല.

പുരുഷനു് സ്ത്രീകളേയും ഭാര്യമാരായി വെയ്ക്കാമെന്നും ഇഷ്ടംപോലെ മൊഴിചൊല്ലാമെന്നുമുള്ള ഒരു ധാരണ (ശരിഅത്തിന് വിരുദ്ധമാണിത്) മുസ്ലീം സമുദായത്തിനിടയിൽ നിലവിലുണ്ട്. അറബികല്ല്യാണവും മററും ഇതിൻെറ തന്നെ മറെറാരു രൂപമാണ്.

ഓരോ മതത്തിനും ഓരോ തരത്തിലുള്ള ആചാരങ്ങളും അതനുസരിച്ചുള്ള നിയമങ്ങളുമാണുള്ളത്. ഇത് ജനാധിപത്യവിരുദ്ധമാണ് കാലത്തിനും ജീവിതപുരോഗതിക്കും അനുസൃതമായി മുൻകാലനിയമങ്ങൾക്ക് മാററം വരുത്തുന്നതിൽ അപാകത തോന്നുന്നില്ല. അത്യന്തികമായി ജീവിക്കുക എന്നത് തന്നെയാണല്ലൊ മുഖ്യപ്രശ്നം ബഹുഭാര്യാത്വം ബഹുബർത്തൃത്വം എന്നിവ ഇന്നത്തെ ഇന്ത്യൻ പരിതസ്ഥിതിയിൽ പരിഗണിക്കപ്പെടാവുന്ന ഒന്നല്ല. അതിനോട് ഒരു തരത്തിലും പൊരുത്തപ്പെടാനും കഴിയുന്നില്ല.

ആദ്യത്തെ രീതിയൽ ഉത്തരം പറഞ്ഞാൽ പരസ്പരം പരിചയപ്പെട്ട് വിവാഹിതരാകുന്നതാണ് ഉത്തമം രണ്ടാമത്തെ രീതിയിൽ ഉത്തരം പറഞ്ഞാൽ അത് മറെറാരു ചോദ്യമായി മാറും. രക്ഷിതാക്കളുടെ തീരുമാനം കണ്ണടച്ച് അംഗീകരിക്കുക എന്ന നിരീക്ഷണത്തിൽ അപാകത തോന്നുന്നു ഈ ചോദ്യം നമ്മുടെ കുടുംബസാഹചര്യങ്ങളുടെ വിശകലനം കൂടി ഉൾകൊള്ളേണ്ടതാണ്.

മിശ്രവിവാഹത്തെ അനുഭാവപൂർവ്വം വീക്ഷിക്കുന്നു.

ഇത് ക്രൂരമായ ഒരു തെററാണ്. ഇങ്ങനെ ചിലർ കരുതുന്നുവെന്ന അറിവ് ഞെട്ടലുണ്ടാക്കുന്നു

ഇവരണ്ടും മൃഗീയതയുടെ പാരമ്യങ്ങളാണ് ഈ രണ്ടവസരങ്ങളിലും സ്ത്രീക്ക് മനുഷ്യാവസ്ഥയിൽനിന്നും വളരെ വളരെ താഴ്ന്ന സ്ഥാനമാണ് കൊടുക്കപ്പെടുന്നത് ഇതിനാൽ തന്നെ ഇവ രണ്ടും ശക്തമായ് എതിർക്കപ്പെടേണ്ടതാണ്.

മതബോധനത്തിൻെറ വികലധാരണയുടെ ഫലമായുണ്ടാവുന്ന ചിലനിബന്ധനകളുമായി ഏററുമുട്ടേണ്ടിവരാറുണ്ട്.

നിലവിലുള്ള സമൂഹം സ്ത്രീയെ നിർജീവമായ ഒരു വസ്തുവായി മാത്രം കരുതുന്നു. ഈ അവസ്ഥയ്ക്ക് സ്ത്രീകൾതന്നെ വലിയ ഒരു പങ്കുവഹിക്കുന്നു എന്നത് ഒരു സത്യമാണ്. ഇവിടെ സ്ത്രീയുടെ സ്വതന്ത്ര വ്യക്തിത്വം എന്നത് നിഷ്ക്രിയമാണ്. അതിനു് സമൂഹത്തിൽ സ്വന്തമായി ഒരു പങ്കാളിത്വവും ഇല്ല. ഈ പരിതസ്ഥിതി സ്ത്രീകളിൽ നിന്നു് കൂടുതൽ കരുത്താവശ്യപ്പെടുകയാണ്ചെയ്യുന്നത്. അർത്ഥപൂർണ്ണമായ ഒരു സ്ത്രീവിമോചനപ്രസ്ഥാനം ഉയർന്നുവരികതന്നെ വേണം എങ്കിലേ സ്ത്രീകൾക്ക് സമൂഹത്തിൻെറ മൊത്തം മാററത്തിൽ പങ്കാളിത്തം വഹിക്കാൻ കഴിയുകയുള്ളു.

## ചോദ്യാവലി മറുപടി

**ഫാത്തിമ എ.**

ദൈവത്തിൻെറ സൃഷ്ടികളായതുകൊണ്ടുതന്നെ സ്ത്രീപുരുഷബന്ധം സ്നേഹത്തിലധിഷ്ഠിതമായിരിക്കേണ്ടതാണ്. എന്നാൽ ഇന്ന് ഈ ബന്ധം കേവലം കച്ചവടമായി അധ:പതിച്ചിരിക്കുകയാണ്. പുരുഷന് യഥേഷ്ടം ഉപയോഗിക്കാനുള്ള ഒരു വില്പനച്ചരക്കായിക്കൊണ്ടിരിക്കുന്നു സ്ത്രീ. ഒരു ഭാഗത്തു് പരസ്യങ്ങളിൽ സ്ത്രീസൗന്ദര്യത്തെ പ്രദർശിപ്പിച്ചുകൊണ്ട് കമ്പനികൾ വൻലാഭമുണ്ടാക്കുമ്പോൾ മറുഭാഗത്തു് സ്ത്രീധനത്തിൻെറ പേരിൽ പെൺകുട്ടികൾ ചുട്ടെരിക്കപ്പെടുന്നു.

ഇവിടെ സ്ത്രീധനനിരോധനത്തിനായും സ്ത്രീയുടെ നഗ്നതാപ്രദർശനത്തിനെതിരായും ചില ശ്രമങ്ങളെല്ലാം നടന്നിട്ടുണ്ടെങ്കിലും എല്ലാം ഒരു മാററവുമില്ലാതെ തുടരുകയാണ്. സ്ത്രീകളുടെ ഭാഗത്തു നിന്നുതന്നെയുള്ള പല പാകപ്പിഴകളും ഇന്ന് അവരുടെ തന്നെ നാശത്തിന് കാരണമായിക്കൊണ്ടിരിക്കുന്നുണ്ട്. സ്ത്രീപുരുഷ സമത്വമെന്നവാദം ഇതിനുപരിഹാരമല്ല. ശാരീരികസമത്വം പോലെ അസാദ്ധ്യമാണ് സ്ത്രീയും പുരുഷനും തമ്മിലുള്ള പൂർണ്ണതുല്യത. എനിക്ക് നിർദ്ദേശിക്കാനുള്ള പരിഹാരങ്ങൾ ദൈവത്തിൻെറ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ച് ജീവിതം ക്രമീകരിക്കുക എന്നതാണ്.

മനുഷ്യൻെറ നൈസർഗ്ഗിക വികാരങ്ങളെ സാമ്പത്തികവും അതുപോലുള്ള മററുഭൗതിക താല്പര്യങ്ങളിൽനിന്നും മോചിപ്പിച്ചേതീരൂ. എന്നാൽ മതചിന്തകൾക്കുള്ളിൽ യഥാർത്ഥസ്നേഹം അസാദ്ധ്യമാവുന്നു എന്ന അഭിപ്രായം തികച്ചും വിഡ്ഢിത്തമാണ്. കാരണം മതങ്ങളെല്ലാം തന്നെ യഥാർത്ഥ സ്നേഹത്തിനാണ് പരമപ്രാധാന്യം കല്പിച്ചിട്ടുള്ളതു്.

ഇടക്കാലത്തായി ഉയർന്നുവന്നിട്ടുള്ള ശരീഅത്ത്ചർച്ചകൾ വളരെ താല്പര്യത്തോടുകൂടിത്തന്നെ ശ്രദ്ധിച്ചിട്ടുണ്ട്. ഈ ചർച്ചകൾ ശരീഅത്തിനെക്കുറിച്ചുള്ള തെററിദ്ധാരണകൾ നീക്കാനും കൂടുതൽ മനസ്സിലാക്കാനും സഹായിച്ചിട്ടുണ്ട്. ശരിഅത്തിനെക്കുറിച്ച് ഒരു ചുക്കുമറിയാതെ അതിനെ വിമർശിക്കുവാൻ നടക്കുന്നതു് ശുദ്ധഅസംബന്ധമാണ്.

ഒഴിച്ചുകൂടാൻ പററാത്ത അവസ്ഥകളിൽ മാത്രമേ ദൈവം ബഹുഭാര്യാത്വത്തെ അനുവദനീയമാക്കിയിട്ടുള്ളൂ. നിങ്ങൾ ഏകഭാര്യയിൽ കഴിയുന്നതു തൃപ്തിപ്പെട്ടു കഴിയുന്നതാണ് 'ഉത്തമം' എന്ന് ദൈവംതന്നെ കല്പിക്കുന്നു. തൻെറ ഭാര്യ വന്ധ്യയായിരിക്കുകയോ, മാറാരോഗിണിയായിരിക്കുകയോ ചെയ്താൽ ആ ഭാര്യയിൽ മാത്രം ഒതുങ്ങിനിന്നുകൊണ്ട് ജീവിതകാലം മുഴവനും കഴിച്ചുകൂട്ടാൻ പല പുരുഷന്മാർക്കും സാധിച്ചെന്നുവരില്ല. ഇങ്ങിനെയുള്ളവർക്കിടയിൽ ബഹുഭാര്യാത്വം അനുവദനീയമല്ലെങ്കിൽ അവർക്ക് സന്മാർഗ്ഗികതയിലേയ്ക്ക് ചലിക്കേണ്ടിവരുന്നു. തൻെറ ഭർത്താവ് അന്യസ്ത്രീകളെ തേടിപോകുന്നതിനേക്കാൾ ഏതൊരു സ്ത്രീയും ഇഷ്ടപ്പെടുന്നതു് അയാൾ മററു ഭാര്യമാരുടെകൂടെ ജീവിക്കാനാണ് എന്നാണ് പല സർവ്വേകളും തെളിയിച്ചിട്ടുള്ളതു്.

സ്ത്രീകളുടെ ആരോഗ്യവും മററുശാസ്ത്രീയ വീക്ഷണങ്ങളും കണക്കിലെടുക്കുമ്പോൾ ബഹുഭർത്തൃത്വത്തോട് എനിക്കു് യോജിക്കാൻ കഴിയില്ല. രക്ഷിതാക്കൾ തീരുമാനിക്കുന്ന വിവാഹത്തെ ഒരിക്കലും കണ്ണടച്ച് അംഗീകരിക്കേണ്ടതില്ല. വിവാഹിതരാകുന്നവരുടെ താല്പര്യങ്ങൾ കണക്കിലെടുക്കുക ഏതൊരു വിവാഹത്തിൻേറയും വിജയത്തിനാവശ്യമാണ്.

വിവാഹിതരാകുന്നവർ തമ്മിൽ വിവാഹത്തിനു മുമ്പായി തീർച്ചയായും പരസ്പരം പരിചയപ്പെടേണ്ടതുണ്ട്. ഇതിനുള്ള അവസരം ഒരുക്കികൊടുക്കുക എന്നുള്ളത് രക്ഷിതാക്കളുടെ ചുമതലയാണ്. ഇങ്ങനെ അല്ലാത്ത ഒരു വിവാഹത്തിന് സമ്മതിക്കേണ്ടതില്ല എന്നാണ് എനിക്കു് തോന്നുന്നതു്.

മിശ്രവിവാഹത്തോട് എനിക്ക് പൂർണ്ണമായ എതിർപ്പൊന്നുമില്ല; പൂർണ്ണമായ യോജിപ്പുമില്ല. ഇതിൻെറ വിജയം വിവാഹിതരാകുന്നവരുടെ ചിന്താഗതികൾ അനുസരിച്ചിരിക്കും.

സാമൂഹ്യനീതി നടപ്പിലാക്കാനുള്ള ബാദ്ധ്യത പുരുഷൻമാർക്കൊപ്പം സ്ത്രീകൾക്കുമുള്ളതാണ്. തൻെറമക്കളുടെ സ്വഭാവശുദ്ധീകരണത്തിലൂടെതന്നെ സമൂഹത്തിൻെറ ശില്പിയായ സ്ത്രീ, ആ സമൂഹത്തിൻെറ ഭദ്രതയ്ക്കും നീതിക്കും വേണ്ടി പ്രവർത്തിച്ചേതീരൂ.

സ്ത്രീകളുടെവസ്ത്രം ഉരിച്ചെടുത്ത്കൊണ്ട് അവളെ വില്പനച്ചരക്കാക്കുന്നവർ ആത്യന്തികമായും അവളുടെ സ്വാതന്ത്ര്യത്തെ കൊല്ലുകതന്നെയാണ് ചെയ്യുന്നത്.

കാമ്പസ് ജീവിതത്തിൽ വലിയ അസ്വാതന്ത്ര്യങ്ങളൊന്നും ഉണ്ടെന്ന് തോന്നിയിട്ടില്ല. പിന്നെ അധികൃതരുടേയും, സഹപാഠികളുടേയും തന്നെ വീക്ഷണക്കുറവുകൊണ്ട് ചില അസൗകര്യങ്ങൾ അനുഭവപ്പെടാതിരുന്നിട്ടുമില്ല.

സ്ത്രീവിമോചന പ്രസ്ഥാവത്തെക്കുറിച്ച് സംസാരിക്കുമ്പോൾ സ്ത്രീ ഇന്ന് എന്ത്കൊണ്ട് വിമോചിതയല്ല എന്നത്കൂടിചിന്തിക്കേണ്ടതുണ്ട്. ഇതിനുള്ള ഉത്തരം കണ്ടെത്താൻ ശ്രമിക്കുക എന്നതാണ് ഏററവും പ്രധാനമായിട്ടുള്ളത്.

## ചോദ്യാവലി മറുപടി

### നുസൈബത്ത് ടി. കെ.

സ്ത്രീ പുരുഷബന്ധം ഒരു കച്ചവടമായി തരംതാണു പോയിട്ടുണ്ട് എന്നതിൽ സംശയം തോന്നുന്നില്ല. ഇവിടെ കച്ചവടക്കാരൻ പുരുഷനും ചരക്ക് സ്ത്രീയുമാണ്. ഈ കച്ചവടബന്ധം സ്ത്രീയെ പണം എന്ന കണ്ണിലൂടെ വീക്ഷിയ്ക്കപ്പെടാനാണ് നിർബന്ധിക്കുന്നത്. സ്ത്രീധനം എന്ന രൂപത്തിലുപരി വിററുകാശാക്കുക എന്ന കേവലവും തീർത്തും പ്രാകൃതവുമായ ഒരക്രമം നമ്മുടെ നാട്ടിൽ നില നിൽക്കുന്നത് പൊറുക്കാവുന്നതല്ല. സ്വർണ്ണമോ പണമോ ആയി ഒരു വലിയ കൂമ്പാരം തന്നെ സ്ത്രീ തന്നെ വിവാഹം കഴിക്കുന്ന പുരുഷൻെറ മുമ്പിൽ ഹാജരാക്കണം എന്ന ഗതികേടിലാണ് ഇന്ന് നമ്മൾ എത്തി നിൽക്കുന്നത്.

കേവലം ഭൗതികതയിൽ അധിഷ്ഠിതമായ ഇന്നത്തെ ജീവിത സമ്പ്രദായമാണ് ഇതിനു മുഖ്യ കാരണമെന്ന് തോന്നിപ്പോകുന്നു. ഇതിനുപരിയായി ആത്മീയമായ ഒരന്തസത്തയ്ക്ക് ഊന്നൽ നൽകുകയാണ് വേണ്ടത്. ഒരൊററ മതവും സ്ത്രീധനം നൽകണം എന്ന് അനുശാസിക്കുന്നില്ല. ഒരു യഥാർത്ഥ ദൈവവിശ്വാസിക്ക് സ്ത്രീധനം വാങ്ങാൻ കഴിയുകയുമില്ല.

സമ്പൂർണ്ണ സമത്വം ഈ ഭൂമിയിൽ നാവിൽ വരാത്തിടത്തോളം കാലം നിർബന്ധിത നിയമങ്ങൾ മുഖേന ഇത്തരം അനാചാരങ്ങൾ തകർക്കപ്പെടണം.

ജനാധിപത്യ വ്യവസ്ഥയിൽ സമ്പൂർണ്ണ സമത്വം ഒരിക്കലും നടപ്പിലാക്കാൻ കഴിയുകയില്ല. എന്നൊരഭിപ്രായം കൂടി ഇവിടെ ശ്രദ്ധിക്കേണ്ടതുണ്ട് എൻെറ അഭിപ്രായത്തിൽ, പ്രത്യയശാസ്ത്രം ഏതും ആയികൊള്ളട്ടെ പണത്തിനു വിലകൽപിക്കാതെ മാനുഷീകബന്ധങ്ങൾക്കും പരസ്പരസ്നേഹത്തിനും വിശ്വാസത്തിനും മാത്രം വിലകൽപ്പിക്കപ്പെടുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്ന അവസ്ഥയിൽ മാത്രമേ സ്ത്രീ തനതു വ്യക്തിത്വത്തിൽ മാനിയ്ക്കപ്പെടുകയുള്ളൂ.

അത്യാവശ്യ സന്ദർഭങ്ങളിൽ ഒരു പുരുഷനു ഒന്നു മുതൽ നാലുവരെ സ്ത്രീകളെ – അവരെ തുല്ല്യമായരീതിയിൽ സംരക്ഷിക്കാൻ കഴിയുമെങ്കിൽ – ഭാര്യമാരായി സ്വീകരിക്കാമെന്നാണ് ശരിയത്ത് അനുശാസിക്കുന്നത്. നമ്മുടെ നാട്ടിൽ ഈയിടെ വളരെയധികം ചർച്ചചെയ്യപ്പെടുന്ന ഒന്നാണ് ഇസ്ലാമിക ശരിഅത്ത്

ഏക ഭാര്യത്വം തന്നെയാണ് ഏററവുംനല്ലത്. ചില പ്രത്യേക സന്ദർഭങ്ങളിൽ ബഹുഭാര്യാത്വം അംഗീകരിക്കേണ്ടിവരുമെന്ന് തോന്നുന്നു. സ്ത്രീകളെ തുല്ല്യരായി സംരക്ഷിക്കാൻ

തയ്യാറുള്ളവക്കേ ശരി അത്ത് ഒന്നിലധികം വിവാഹത്തിന് അനുമതി നൽലനുള്ള ഭാര്യ മാറാരോഗിയോ, വന്ധ്യയോ, ലൈംഗീകബലഹീനതകാം ഉള്ളവളോ ആണെങ്കിൽ പുരുഷൻ എന്തു ചെയ്യണം?

ബഹുഭത്തൃത്വം പ്രായോഗികമല്ല എന്നാണ് എനിക്ക് തോന്നുന്നത്.

സാമൂഹ്യനീതി നടപ്പിലാക്കൽ സ്വന്തം കുടുംബത്തിൽ നിന്നുമാണ് തുടങ്ങേണ്ടതെന്നാണ് എൻെറ അഭിപ്രായം. പിറന്നുവീണ കുഞ്ഞിനെ ഉത്തമമനുഷ്യനായി വളത്തുന്നതിൽ പിതാവിനേക്കാം മാതാവിനുള്ള പങ്ക് പ്രസ്താവ്യമാണ്. സ്വന്തം കുഞ്ഞുങ്ങളെ നല്ല മനുഷ്യരാക്കി വളത്തുന്നത് സാമൂഹ്യപ്രവത്തനത്തിൻെറതന്നെ ഭാഗമാണെന്ന് തോന്നുന്നു.

സ്ത്രീയുടെ വസ്ത്രം ഉരിച്ചെടുത്ത് അവളെ വിൽപനചരക്കാക്കുന്നവർ അവളുടെ സ്വാതന്ത്ര്യത്തെ കൊല്ലുകയാണെന്നതിൽ സംശയമില്ല. ഫ്യൂഡലിസത്തിൻെറ ഒരുരൂപം തന്നെയാണിത്. പത്ദസമ്പ്രദായത്തോട് പൊരുത്തപ്പെടാൻ പ്രയാസമുണ്ട്. എന്നാൽ മാന്യമായി വസ്ത്രം ധരിക്കേണ്ടത് സ്വയംരക്ഷയ്ക്കും സൗന്ദര്യസംരക്ഷണത്തിനും അവശ്യമാണ്.

കാമ്പസ് ജീവിതത്തിൽ പല കാര്യങ്ങളും നിർബന്ധിപ്പിയ്ക്കപ്പെടുന്നുണ്ടോ എന്ന് തോന്നിപോകാറുണ്ട്. കോളേജ് കവാടത്തിന് പുറത്തു പോകാൻ പാടില്ല എന്ന നിയമം വെറുതെ അടിച്ചേൽപ്പിക്കുന്നതാണെന്ന് തോന്നുന്നു. ഇതിൻെറ കാരണമെന്തെന്ന് മനസ്സിലാവുന്നില്ല.

അത്യാവശ്യസാധനങ്ങാം വാങ്ങുന്നതിനും മററും കോളേജ് കവാടത്തിന് പുറത്തു പോകേണ്ടിവരും ആദ്യം ചെറിയൊരു പേടിതോന്നിയെങ്കിലും പിന്നീടതൊരുതെററായി തോന്നാതിരുന്നതുകൊണ്ട് ഒരു കൂസലും കൂടാതെ പോയിതുടങ്ങി പെൺകുട്ടികാം ആയതുകൊണ്ട് മാത്രം ആരെങ്കിലും എവിടെയെങ്കിലും — ഓഫീസ് മുതൽ കാൻറിൻവരെ — പോവുന്നത് അതികൃതർ ഇത്രമാത്രം ജാഗരൂകമായി നോക്കിനിൽക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. മുൻവിധികളോടെയുള്ള ഏത് സമീപനവും വികൃതമായി പോകുമെന്ന്തന്നെ വിശ്വസിക്കുന്നു.

കലാവാസനയുള്ള പലപെൺകുട്ടികളുടേയും കഴിവുകാം സാധ്യതകാം നൽകാത്തതുകൊണ്ട് മുരടിച്ചു പോവുന്നതായി അനുഭവപ്പെട്ടിട്ടുണ്ട് മൊത്തം വിദ്യാത്ഥികാംക്ക് വേണ്ടി നടത്തുന്ന പല പരിപാടികളിലും ഹോസ്റ്റൽവിദ്യാത്ഥനികാംക്ക് പങ്കെടുക്കാനുള്ള അവസരം നൽകാറില്ല. കോളേജ് റീഡിംഗ് റൂമിൽ പെൺകുട്ടികാംക്ക് പ്രവേശനവുമില്ല.

സ്ത്രീ ഒരു ഉപഭോഗവസ്തു മാത്രമായ് ഇവിടെ അധ:പതിച്ചിരിക്കുന്നു. താത്വികമായി സ്ത്രീ സ്വതന്ത്രയാകുന്നത് സാമൂഹ്യ. രാഷ്ട്രീയ, സാമ്പത്തിക വ്യവസ്ഥയുടെ മാററത്തിലൂടെതന്നെയാണ്. ഇന്നുനിലവിലുള്ള സംസ്കാരം മുതലാളിത്ത സ്വഭാവമുള്ളതാണ്.

സ്ത്രീ വിമോചനം എന്നത് സദസ്സുകളിലും സെമിനാറുകളിലും വിളിച്ചുകൂവേണ്ടതോ കടലാസ്സുകളിൽ ഉണങ്ങിക്കിടക്കേണ്ടതോ അല്ല ക്രിയാത്മകമായ പ്രവത്തനം ആവശ്യപ്പെടുന്ന ഒന്നാണ് അതുകൊണ്ട്തന്നെ അത്തരം സ്വഭാവം വെച്ചുപുലത്തുന്ന സ്ത്രീവിമോചന സംഘടനകളുടെ വളച്ച്യെ ഹാർദമായി സ്വാഗതം ചെയ്യേണ്ടതുണ്ട്.

## ചോദ്യാവലി മറുപടി

**താഹിറ എം. കെ.**

ഏതുബന്ധവും തരംതാണു പോകുന്നതിന് കാരണക്കാർ പ്രധാനമായും അടിസ്ഥാനപരമായും ബന്ധപ്പെട്ട വ്യക്തികാം തന്നെയാണ്. 'സ്ത്രീസ്വാതന്ത്ര്യം' എന്നൊരു വാക്ക് സൃഷ്ടിച്ച് അതിനുമേൽ മുതലെടുക്കാൻ ശ്രമിക്കുകയാണ് ചിലർ.

ഇന്നത്തെയെന്നല്ല എന്നത്തെയും, ഇന്ത്യയിലെ എന്നല്ല ലോകത്തെവിടെയും സ്ത്രീ അടിസ്ഥാനപരമായും ഒരു വ്യക്തിയാണ്. വ്യക്തിയുടെ സ്വാതന്ത്ര്യം അവനവൻെറ മേലാണ് ആശ്രയിച്ചിരിക്കുന്നത്. വിലങ്ങുകാംക്കോ മനുഷ്യനിമ്മിത വ്യവസ്ഥകാംക്കോ അവിടെ പ്രസക്തിയില്ല. സ്ത്രീകാം അവരുടെ വ്യക്തിത്വത്തിനനുസരിച്ച പെരുമാറുകയാണെങ്കിൽ അവാംക്ക് കച്ചവടച്ചരക്കാകേണ്ട നിർബന്ധം ഉണ്ടാവാൻ ഒരു സാദ്ധ്യതയുമില്ല.

യാഥാത്ഥ പ്രണയം കേവലം ശാരീരികമായത് അല്ല. വ്യക്തികളുടെ ചിന്തകാംക്ക് പരസ്പര വൈരുദ്ധ്യമുണ്ടാവുന്നിടത്ത് പ്രണയം എന്നതോ, സ്നേഹം എന്നതോ നിലനില്ക്കുന്നില്ല.

'മതചിന്തകളുടെ ആധിപത്യ'മെന്നാൽ ആശയം ചില കുടില ചിന്തകളാൽ നിർമ്മിതമാണ്. 'ഇസ്ലാം' എന്നത് ഒരു ജീവിതരീതിയാണ്. 'ഖുർആൻ' ചിന്തിക്കുന്നവർക്കുള്ള ദൃഷ്ടാന്തവും [മതമെന്നത്കൊണ്ട് ഇസ്ലാമിനെയാണ് ഇവിടെ ഉദ്ദേശിക്കുന്നതെങ്കിൽ – അതല്ലെങ്കിലും എനിക്ക് അഭിപ്രായം ആ വിഷയത്തിൻമേൽ മാത്രമെ പറയാനർഹതയുള്ളൂ.]

'ശരീയത്ത് നിയമങ്ങളും' അവ അർഹിക്കുന്നതിലധികം പ്രാധാന്യം അനുഭവിച്ച് കഴിഞ്ഞു. വീണ്ടു വീണ്ടും പ്രതിപാദിക്കേണ്ടത്ര പ്രധാനമല്ല ആ ഒരു പ്രശ്നം. ബഹുഭാര്യാത്വം ചില അപൂർവ്വ സാഹചര്യങ്ങളിൽ, (മനുഷ്യർ പരസ്പരം സഹായിച്ചു സഹകരിച്ചു കഴിയേണ്ടതായതിനാൽ) സ്വീകരിക്കുന്നതിൽ തെറ്റുകാണുന്നില്ല – മറിച്ച് അന്ധമായ എതിർപ്പും സ്വാർത്ഥതയും കൊണ്ട് അതിനെ എതിർക്കുന്നതിൽ അർത്ഥമില്ല.

രക്ഷിതാക്കൾ തീരുമാനിക്കുന്ന വിവാഹത്തെ 'കണ്ണടച്ച്' ഒരിക്കലും അംഗീകരിക്കരുത്. പക്ഷെ കണ്ണടച്ച് പരസ്പരം പരിചയപ്പെടുകയുമരുത്.

ജീവിതത്തിൽ ഗൗരവമായി ഒരു കാര്യവും എടുക്കാതെ ഒരു രസത്തിന് വേണ്ടി ആദർശവും, അഭിപ്രായങ്ങളും പ്രസംഗിച്ച് നടക്കുന്നവർക്ക് മിശ്രവിവാഹം അനിവാര്യമാകുന്നു.

സമൂഹമെന്നത് സ്ത്രീയും പുരുഷനുംകൂടി ചേർന്നതായതിനാൽ സാമൂഹ്യ'നീതി' നടപ്പാക്കാൻ പുരുഷൻമാരെകൊണ്ട് മാത്രം കഴിയുകയില്ല. പക്ഷെ സ്ത്രീ പുരുഷനാകാൻ ശ്രമിക്കുന്നതിലും തീരെ ന്യായമില്ല. സ്ത്രീകൾക്ക് പുരുഷൻമാരിൽ നിന്നും ശാരീരികമായും മാനസികമായും വിത്യാസമുണ്ട് – സ്ത്രീകൾക്ക് വളരെ ഭംഗിയായി കൃത്യമായി ചെയ്തുതീർക്കാൻ സമൂഹത്തിൽ വളരെയേറെ ജോലികളുണ്ട്. അവ അവഗണിച്ച് പുരുഷൻമാരാകാൻ ശ്രമിക്കുന്നത് പ്രകൃതിക്ക് എതിരെ പോരാടുകയാണ് – ആ പോരാട്ടം നാശത്തിലേക്ക് നയിക്കുന്നു എന്നത് ഇപ്പോൾ ഒരു നഗ്നസത്യമാണ് സ്ത്രീകൾ അടുക്കളയിൽ മാത്രം കഴിയേണ്ടവരാണെന്ന് ചിലർ കരുതുന്നുണ്ടെങ്കിൽ അവരുടെ അഭിപ്രായവും കരുതലും മറ്റും അവഗണിക്കുകയാണ് ബുദ്ധി.

സ്ത്രീയെ വില്പനചരക്കാക്കുന്നവർ അടിസ്ഥാനപരമായും സ്ത്രീകൾ തന്നെയാണ്. ഓരോ വ്യക്തിയുടെയും സ്വാതന്ത്ര്യത്തിൻെറ കടിഞ്ഞാൺ പിടിക്കുന്നത് അവൻെറ മനസ്സ്തന്നെയാണ്. ഭൂരിപക്ഷം പ്രശ്നങ്ങളും കാതലില്ലാത്ത പ്രചരണങ്ങളാൽ സ്ത്രീകളുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട അപകർഷതാബോധത്തിൽ നിന്ന് ഉണ്ടാകുന്നതാണ്. ഇന്ന് സ്ത്രീ ഒരു കമ്പോളഉൽപ്പന്നം എന്ന നിലയിൽ അധ:പതിച്ചിട്ടുള്ളതാണ്. സ്ത്രീയുടെ അടിമത്വത്തിൻെറ ഒരേയൊരു തെളിവും കാരണവും. മാന്യമായി വസ്ത്രം ധരിച്ചത്കൊണ്ട് ആർക്കും വീർപ്പുമുട്ടുന്നതായി അറിവില്ല. സ്ത്രീകൾ സംസ്കാരശൂന്യമായ താഴ്ന്നതരം ചിന്തകൾക്ക് അടിമകളാവുമ്പോഴാണ് അവരും ഒരു 'മനുഷ്യൻ' എന്ന നിലയിൽ ഏറ്റവും അടിമത്വം അനുഭവിക്കുന്ന അവസ്ഥ – ആ നിലയിൽ വീർപ്പുമുട്ടാത്ത ഒരു സ്ത്രീക്ക് ചിലപ്പോൾ വസ്ത്രങ്ങൾ ധരിച്ചാൽ വീർപ്പുമുട്ടിയേക്കാം.

പരസ്യകമ്പനികളുടെ പാവകളായി മാറിയ ഒരു സ്ത്രീ സമൂഹത്തിൻെറ വിലകുറഞ്ഞ അനുകരണമാണ് ഉത്തമമായ വസ്ത്രധാരണം എങ്കിൽ സ്ത്രീകൾ ഏറ്റവും 'മോശമായി' വസ്ത്രങ്ങൾ ധരിക്കുന്നത് തന്നെ നല്ലത്. ശരീരഭാഗങ്ങളിൽ കഴിയുന്നതും മറച്ച് നടക്കുന്നത് കൊണ്ടാണ്, മറിച്ച്, 'ഫാഷൻഭ്രമമെന്ന്' മറ്റു ചിന്തകളെ അടിമത്വത്തിലേക്ക് നയിക്കുന്ന അവസ്ഥയെയല്ല അസ്വാതന്ത്ര്യമെന്ന് കരുതുന്നവർക്ക് ചിലപ്പോൾ സ്ത്രീകളുടെ മാന്യമായ വസ്ത്രധാരണം വീർപ്പുമുട്ടലിന് കാരണമായേക്കാം.

കാമ്പസ്സ് ജീവിതത്തിൽ മറ്റുള്ള കോളേജുകളിലോ ഇവിടെയോ അനുഭവിക്കുന്ന 'അസ്വാതന്ത്ര്യത്തിന് സ്ത്രീകൾ തന്നെയാണ് കാരണക്കാർ – ഉപരിവിപ്ലവമായ, സ്വയം നിർമ്മിതമായ ഒരു വ്യക്തിത്വം' അവരെ അസ്വസ്ഥരാക്കുന്നതിന് പ്രതിവിധി അവരുടെ ചിന്തയിൽ ഉണ്ടാകുന്ന മാറ്റമാണ് – ചിന്താവൈരുദ്ധ്യം അടിമകളാക്കുന്ന അവസ്ഥയിൽ ബാഹ്യമായ പ്രതിവിധികളൊന്നും തന്നെ പര്യാപ്തമല്ല.

സമൂഹത്തിൻെറയോ രാഷ്ട്രീയബന്ധങ്ങളുടെയോ പരിധികളിൽ നില്ക്കുന്ന ഒന്നല്ല സ്ത്രീയുടെയോ, അല്ലെങ്കിൽ ഒരു വ്യക്തിയുടെയോ കാതലായ പ്രശ്നങ്ങൾ – അങ്ങിനെ ഒരു പരിവേഷം അതിന് കൊടുക്കുന്നത് പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കാൻ മാത്രമെ ഉപകരിക്കുകയുള്ളൂ. സ്ത്രീധനപ്രശ്നമെന്നത് ചിലരുടെ വിവരക്കേടും അത്യാഗ്രഹവും കൊണ്ട് ഉണ്ടാകുന്ന ഒരു പരിതസ്ഥിതിയാണ് –

ഉദ്ദേശ്യപൂർണ്ണമായ ഒരു സ്ത്രീവിമോചനപ്രസ്ഥാനം ഓരോ സ്ത്രീകളുടെയും മനസ്സിൽ നിന്നുതന്നെയാണ് ഉയർന്നു വരേണ്ടത് വ്യക്തികളുടെ മനസ്സ് പ്രകൃതിനിയമങ്ങൾക്ക് വിധേയമായിട്ടാണ് ഉള്ളത്. മനസ്സ് അടിമപ്പെടുന്നത് ഏറ്റവും ഉയർന്ന ശക്തിക്കാവുമ്പോഴാണ്, എല്ലാ കെട്ടുപാടായ ചിന്തകളിൽനിന്നും വ്യക്തി മോചനം പ്രാപിക്കുന്നത്. ഏററവും ഉയർന്ന ശക്തിയെന്നുള്ളതിന്ന് നാം മാനുഷിക പരിവേഷങ്ങൾ കൊടുത്ത്, ഒരു നാട്ടുരാജാവോ ഒരു അധികാരിയോ ആക്കി, താഴെ ഇറക്കികൊണ്ടു വന്ന്, താഴ്ന്ന ചിന്തകൾ കല്പിച്ച് വെച്ച് ,വിലക്കുകൾക്കുള്ളിൽ, ഒരു പ്രത്യേക മതത്തിന്റെ മേധാവിയായി ആ ശക്തിയെ നിയോഗിച്ച് പുതിയ അർത്ഥങ്ങൾ കണ്ടെത്തുമ്പോഴാണ് ചിന്തകൾക്ക് സഞ്ചരിക്കാൻ നേർവഴിയില്ലാതാവുന്നത് ഏററവും വലിയത് എന്നതിന് മാററം ഉണ്ടാവുന്നില്ല; ഉണ്ടാവരുത്. മാററം വന്നാൽ അത് 'ഏററവും വലിയത്'' എന്ന നിർവ്വചനത്തിന് അർഹമല്ലാതാവുന്നു.

സ്ത്രീവിമോചനം ഒരു അടിസ്ഥാന പ്രശ്നമാകുന്നത് അത് ഒരു അവ്യക്തമായ പൊതുപ്രശ്നമായി എടുക്കുന്നതാണ്. ഒരു വ്യക്തിയെന്നതിലുപരിയായി സ്ത്രീയെ വീക്ഷിക്കുമ്പോൾ എന്തു തന്നെയായാലും ചിലകാര്യങ്ങളിൽ പ്രതിബന്ധങ്ങൾ ഉണ്ടായേക്കാം. ശാരീരികമോ മാനസികമോ ആയ പരിമിതികൾ. ആ പ്രതിബന്ധങ്ങൾ നീക്കുന്നത്കൊണ്ട് അവൾ സ്വതന്ത്രയാവുകയല്ല ചെയ്യുന്നത് സ്ത്രീയല്ലാതാവുകയാണ്.

## ...ാദ്യാവലി മറുപടി

### ...ീനാ മാത്യു

പരസ്പര സ്നേഹത്തിലധിഷ്ഠിതമായിരിക്കേണ്ട സ്ത്രീപുരുഷബന്ധം എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഭാര്യാഭർത്തൃബന്ധമാണെങ്കിൽ അത് പൂർണ്ണമായും കച്ചവടമായി തരംതാണുപോയിട്ടുണ്ട് എന്ന് പറയുക വയ്യ. ഒരു ജോലി കിട്ടണമെങ്കിൽ കനത്ത കൈക്കൂലി കൊടുക്കണം അപ്പോൾ കാശുകിട്ടാനുള്ള എളുപ്പമാർഗ്ഗം ചിലർക്ക് കല്യാണം കഴിയ്ക്കലാണ്. ഇത്തരമൊരു സാമൂഹ്യചുററുപാടിലാണ് നാം ജീവിക്കുന്നത് എന്ന കാര്യം വിസ്മരിച്ചുകൂടാ.

— യഥാർത്ഥപ്രണയം — അങ്ങിനെ പേരിട്ടുവിളിയ്ക്കുന്നതിന് വല്ല അർത്ഥവുമുണ്ടെങ്കിൽ അങ്ങിനെയൊന്നിന് സാമ്പത്തിക പരിഗണകളോ മതസ്വാധീനമോ ഒരു പ്രശ്നമാവുന്നില്ല. പക്ഷെ പ്രണയം എത്താത്ത ഒരവസ്ഥയിൽ മേൽ പറഞ്ഞവ ആ ചാലിന്റെ ഗതിമാററാൻ കഴിവുള്ളവ തന്നെയാണ്.

ഇസ്ലാംമതം സാമ്പത്തികശേഷിയുള്ളവനും ഭാര്യമാരെ തുല്ല്യരായി കാണാൻ പ്രാപ്തിയുള്ളവനുമായ പുരുഷന് നാലു വിവാഹംവരെ കഴിയ്ക്കാനുള്ള അവകാശം നൽകുന്നുണ്ട്. എന്നാൽ ഇവിടെ അങ്ങിനെയല്ല സംഭവിക്കുന്നത് എന്നാണ് തോന്നുന്നത്. ഈ അവകാശത്തെ ദുരുപയോഗപ്പെടുത്തുകയും സ്ത്രീയെ വഴിയാധാരമാക്കുകയും ചെയ്യുന്ന ആളുകൾ ഏറെയുണ്ട്.

പുരുഷൻ അസാൻമാർഗ്ഗികമാർഗ്ഗത്തിലേക്ക് നീങ്ങാതിരിക്കാനാണ് ഈ നിയമങ്ങളെന്ന് ചിലർ വാദിച്ചുകേൾക്കാറുണ്ട്. മതം അനുശാസിക്കുന്നില്ലെങ്കിൽപോലും പുരുഷന് തോന്നുന്നതുപോലെ മൊഴിചൊല്ലുകയും മററും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം ഇവിടെയുണ്ട്. ഇതിന്റെ ബലിയാടുകളായ ധാരാളം സ്ത്രീകളെ നമുക്ക് ചുററും കാണാം.

സാമാന്യവിദ്യഭ്യാസം പോലും പെൺകുട്ടികൾക്ക് നൽകാൻ മടികാണിക്കുന്ന ഒരുസമൂഹമാണ് നമ്മുടേത്. ''പെൺകുട്ടികളല്ലെ, പഠിപ്പിച്ചിട്ടെന്താ കാര്യം ആ കാശുകൊണ്ട് കെട്ടിച്ചു വിടാം'' എന്നുപറയുന്ന രക്ഷിതാക്കളുടെ എണ്ണം വളരെ കൂടുതലാണ്. വളരെ ചുരുക്കിപറയുകയാണെങ്കിൽ നമ്മുടെ സമുദായത്തിൽ സ്ത്രീക്ക് രണ്ടാം സ്ഥാനമാണ് കൽപ്പിയ്ക്കപ്പെട്ടിട്ടുള്ളത്.

വിവാഹിതരാവുന്നവർ നേരത്തെ പരിചയപ്പെടുന്നത് വളരെ നല്ലതാണ്. വർദ്ധിച്ചുവരുന്ന വിവാഹമോചനത്തെ നിയന്ത്രിക്കുവാൻ അതുപകരിക്കും. അതിന് കുടുംബബന്ധങ്ങൾക്ക് ഉറപ്പുനൽകാൻ കഴിയുമെന്ന് തോന്നുന്നു.

"ഓരോ മതത്തിലും ഓരോതരത്തിലുള്ള ആചാരങ്ങളാണ് നടപ്പിലുള്ളത്. പുരുഷന്മാ പോലെ സ്ത്രീകാംക്ക് സ്വത്തുവീതിച്ചുകിട്ടാത്ത കൃസ്തമതാചാരപ്രകാരം സ്ത്രീധനം എതിർ ടേണ്ട ഒന്നല്ല. എന്നാൽ മററു മതങ്ങളുടെ സ്ഥിതി ഇങ്ങിനെയല്ല എന്നാണറിയുന്നത്. ഇത്ത ണത്തിലാണ് ഏകസിവിൽകോഡ് എന്നത് ചിന്തനീയമാകുന്നത്.

മിശ്രവിവാഹത്തിന് ഗുണങ്ങളോടൊപ്പം ദോഷങ്ങളുമുണ്ട്. മിശ്രവിവാഹം നടത്തുന്ന ദ തികാംക്ക് പൊരുത്തപെട്ടുപോകാൻ കഴിയും എന്നാൽ ആചാരങ്ങാം വ്യത്യസ്ഥമായിരിക്കുമ്പോ സംഘർഷം ഉണ്ടാകാവുന്നതാണ്.

രക്ഷിതാക്കാം തീരുമാനിക്കുന്ന വിവാഹം കണ്ണുമടച്ച് അംഗീകരിക്കുക ഒരിക്കലും ആരോഗ കരമല്ല.

വിദ്യാലയങ്ങളിൽ വിദ്യാർത്ഥി വിദ്യാർത്ഥിനികാം തമ്മിൽ സംവാദം നടത്തുന്നത് ഇരു രുടേയും വ്യക്തിത്വവികാസത്തിന് സഹായകമാകുകയേയുള്ളു.

ഉദ്ദേശ്യങ്ങാം എന്തുതന്നെയായാലും ഇവിടെ സ്ത്രീവിമോചന പ്രസ്ഥാനങ്ങാം സ്ത്രീയുടെ വി ചനത്തിനുവേണ്ടി യാതൊന്നും ചെയ്യുന്നില്ല. കുറെസെമിനാറുകളും സിമ്പോസിയങ്ങളും സർ കളും നടത്തിയതുകൊണ്ടുമാത്രം സ്ത്രീവിമോചനം പ്രാബല്യത്തിൽ വരികയില്ല. ബഹുഭാര്യ ത്വവും ബഹുഭർതൃത്വവും ഒരു പോലെ എതിർക്കപ്പെടേണ്ടതാണ്.

സാമൂഹ്യനീതി നടപ്പിലാക്കാൻ പുരുഷന്മാരെയേല്പിച്ച് അടുക്കളയിൽ ഒതുങ്ങികഴിയു യാണ് ഭൂരിപക്ഷം സ്ത്രീകളും ചെയ്യുന്നതു്. അധികം സ്ത്രീകളും ഭാരിച്ച ഉത്തരവാദിത്തങ്ങാം ഏറ്റെ ടുക്കുവാൻ ഇഷ്ടപ്പെടാത്തവരാണ്. അഭയത്തിൻെറ ചിറകിൻകീഴിൽ സൗഖ്യത്തിൻെറ സോമരസ നുകരുവാനേ അവാം ആഗ്രഹിക്കുന്നുള്ളു. സ്ത്രീകാം അടുക്കളയിൽതന്നെ ഒതുങ്ങിക്കൂടുവാനുള്ളകാരണ നിലനില്ക്കുന്ന ചിട്ടകളെ അതിലംഘിക്കുന്നതിലുള്ള വൈഷമ്യമാകാം പക്ഷേ ഇന്നു് സ്ത്രീസ ഹത്തിൽ വളരെയധികം മാററം സംഭവിച്ചിട്ടുണ്ട്. ഭാര്യയും ഭർത്താവും ഒരുപോലെ സഹകരി പ്രവർത്തിച്ചെങ്കിൽ മാത്രമേ കുടുംബജീവിതം ധന്യമാകുകയുള്ളു. പകൽ മുഴുവൻ ഓഫീസുകളി ഒരുപോലെയുള്ള അദ്ധ്വാനത്തിനുശേഷം വീട്ടിലെത്തിയാൽ പുരുഷൻ ചാരുകസേരയിൽ വിശ്ര ക്കുകയും സ്ത്രീ വീട്ടുവേലയിൽ മുഴുകയും ചെയ്യുകയെന്നതു് സ്ത്രീപുരുഷ സമത്വമെത്ര വിദൂരതയില ണെന്നാണ കാണിക്കുന്നതു്.

ദാരിദ്ര്യം പലപ്പോഴും സ്ത്രീകളെ വ്യഭിചാരത്തിലേയ്ക്കു് വലിച്ചിഴയ്ക്കാറുണ്ട്. ഗർഭം ധരി കയും പ്രസവിക്കുകയും ചെയ്യുന്നതു് സ്ത്രീകളാണെങ്കിലും പുരുഷനു് അതിൻെറ ഉത്തരവാദി ത്തിൽനിന്നു് ഒഴിഞ്ഞു മാറുവാൻ സാധ്യമല്ല. എന്നാൽ അവിവാഹിതയായ ഒരു സ്ത്രീ ഗർഭവ യായെന്നിരിക്കട്ടെ. അതിനുള്ള ഉത്തരവാദിത്തവും കുററങ്ങളും മുഴുവൻ അവളുടെ തലയിലിറ വെച്ച് പീഢിപ്പിക്കുന്നതു് നീതിക്കു നിരക്കുന്നതാണോ?

സ്ത്രീയെ വസ്ത്രംകൊണ്ടു വീർപ്പുമുട്ടിക്കുന്നവർ അവളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നു. ത പ്രൗഢി ഭാര്യയുടെ വസ്ത്രങ്ങളിലൂടെയും ആഭരണങ്ങളിലൂടെയും വേണം ലോകമറിയാൻ എ ധരിച്ചുവെച്ചിട്ടുള്ള ചില ഭർത്താക്കന്മാരുണ്ട്. അവർ ഭാര്യയെ ഒരു അലങ്കാരവസ്തുവായി കാണുന എന്നാൽ ചില സ്ത്രീകാം സ്വയം പ്രദർശനവസ്തുക്കായി ചമയാറുണ്ട് ഈ സ്ഥിതിവിശേഷത്തിന ബലിയാടുകളായ ധാരാളം സ്ത്രീകളെ നമുക്കു കാണാം. കുടുംബത്തിൻെറ സമ്പദ്‌വ്യവസ്ഥയി സ്ത്രീ കാര്യമായ പങ്കുവഹിക്കുന്നുണ്ടെങ്കിൽ ആ സ്ത്രീകാംക്ക് അല്പം രക്ഷയുണ്ട്; അല്ലാത്തവർ പ പ്പോഴും പീഢിപ്പിക്കപ്പെടുന്നു.

വിവാഹിതരാകുന്നവർ നേരത്തെ പരിചയപ്പെടുന്നത് വളരെ നല്ലതാണ്. വദ്ധിച്ച വരു വിവാഹമോചനത്തെ നിയന്ത്രിക്കുവാൻ പരസ്പരമുള്ള ഈ അറിവ് സഹായകമാകും. വിവാ ത്തിനുമുമ്പ് പരസ്പരം അറിയാതിരുന്നാൽ കാപട്യങ്ങളുടെ മുഖം മൂടികളുയുന്നതോടെ കുടുംബബ ത്തിനു ശൈഥില്യം അനുഭവപ്പെടും.

മിശ്രവിവാഹത്തിനു് ഗുണങ്ങളോടൊപ്പം പലങ്ങദോഷങ്ങളുമുണ്ട്. മിശ്രവിവാഹം നടത്തു ദമ്പതികാംക്ക് പൊരുത്തപെട്ടുപോകുവാൻ കഴിയും. എന്നാൽ നിരീശ്വരവാദികളല്ലാത്തവ ആചാരങ്ങാം ബുദ്ധിമുട്ടിച്ചുകൊണ്ടേയിരിക്കും ഒററപ്പെട്ടുജീവിതം നയിക്കാൻ ആരാലും സാധ്യമ ജാതിനിർമ്മാർജ്ജനം മിശ്രവിവാഹംകൊണ്ടു സാധിക്കുമെന്ന് വിശ്വസിക്കുകവയ്യ. എന്നാൽ സാ രണ ഗതിയിൽ ഭാവിയിലെ കഷ്ടപാടുകളോർത്തു പലരും മിശ്രവിവാഹത്തിൽനിന്നു് പിന്തിരി കയാണ് പതിവ്.

രക്ഷിതാക്കാം തീരുമാനിക്കുന്ന വിവാഹത്തെ കണ്ണുമടച്ച് അംഗീരിക്കയെന്നുള്ളതു് ഒരിക്ക ആശ്വാസകരമല്ല. രക്ഷിതാക്കാം തീരുമാനിച്ചതുകൊണ്ടുമാത്രം ആ തീരുമാനത്തെ എതിർത്തു ള്ളണമെന്നില്ല. ഈ പ്രശ്നത്തിൽ സ്ത്രീയുടെ തീരുമാനവും അതുപോലെതന്നെ അവളുടെ ഭാവി നാം പരിഗണിക്കേണ്ടതുണ്ട്.

**ജിത**

പരസ്പര സ്നേഹത്തിലധിഷ്ഠിതമായിരിക്കേണ്ട സ്ത്രീപുരുഷബന്ധം കേവലം കച്ചവടമായി തരംതാണുപോകാൻ അനുകൂലമായ സാഹചര്യങ്ങളാണ് ഇന്നുനിലവിലുള്ളത്. ഇതിൽ നിന്നുള്ള മോചനത്തിന് ഒറ്റമൂലിയില്ല. സ്ത്രീപുരുഷബന്ധം മാത്രമല്ല മറ്റെല്ലാ മാനുഷിക ബന്ധങ്ങളും കച്ചവടമായി കൊണ്ടിരിക്കുന്ന ഒരു വ്യവസ്ഥിതിയിൽ സ്ത്രീപുരുഷബന്ധത്തെ വേർപെടുത്തി കൈകാര്യം ചെയ്യാമെന്ന് ഞാൻ കരുതുന്നില്ല. സ്വകാര്യസ്വത്ത് സമ്പാദനത്തിന്റെ മൂല്യങ്ങൾ സമൂഹത്തിൽനിന്ന് നിർമ്മാർജ്ജനം ചെയ്യപ്പെടുമ്പോൾ മാത്രമേ എല്ലാ മാനുഷിക ബന്ധങ്ങൾക്കും പരസ്പരസ്നേഹത്തിന്റേതായ ഒരു അടിത്തറ കൈവരൂ.

സർഗ്ഗാത്മകവിപ്ലവത്തെ സംബന്ധിച്ചുള്ള ചോദ്യം വളരെ ലളിതവല്ക്കരിക്കപ്പെട്ടതാണ്. യഥാർത്ഥ പ്രണയം എന്നുദ്ദേശിക്കുന്നത് എന്തിനെയാണ്? നിത്യജീവിതത്തിന്റെ കയ്പുനിറഞ്ഞ യാഥാർത്ഥ്യവുമായി ഏറ്റുമുട്ടുമ്പോൾ ആദർശപ്രണയം ഒരു മിഥ്യാബോധമായി ഗണിക്കപ്പെടേണ്ടതുണ്ട്. അതേ സമയം സ്ത്രീപുരുഷന്മാർക്ക് പരസ്പരം സ്നേഹിക്കാനാവില്ല എന്ന ധാരണയും തെറ്റാണ്. ആദർശപ്രണയത്തിനും പരസ്പര സ്വാർത്ഥതയ്ക്കും നടുവിലെങ്ങോ ആണ് യാഥാർത്ഥ്യം കിടക്കുന്നത്. മനുഷ്യൻ ഒരു സാമൂഹ്യ ജീവിയായതിനാൽ സ്നേഹവും പരിഗണനയും അവൾക്ക് അയാൾക്ക് ആവശ്യമാണ്. സംഘർഷം നിറഞ്ഞ ജീവിതാന്തരീക്ഷത്തിന്റെ ക്രൂരതകൾ നേരിടുമ്പോൾ ഭാവിയെ കുറിച്ച് ശുഭപ്രതീക്ഷ നല്കുന്നത് ഇത്തരം ബന്ധങ്ങളാണ്.

ശരി – അത്ത് പ്രശ്നത്തെ കുറിച്ച് അത്രയേറെ പഠിച്ചിട്ടില്ല. എങ്കിലും മുസ്ലീംപെൺകുട്ടികൾക്കിടയിൽ ധാരാളമായി കാണുന്ന ശൈശവ വിവാഹം എന്നെ അസ്വസ്ഥയാക്കിയിട്ടുണ്ട്. ബഹുഭാര്യത്വവും ബഹുഭർത്തൃത്വവും ഒരുപോലെ സ്ത്രീയ്ക്കും പുരുഷനും അടിമ, ലൈംഗികവസ്തു എന്നീ പദവിയേ നല്കിയിട്ടുള്ളു. രണ്ടും സ്വകാര്യസ്വത്ത് സംരക്ഷണത്തിന്റെ താല്പര്യങ്ങളുമായി ബന്ധപ്പെട്ടതുകൊണ്ടാണ് ഓരോ ചരിത്രഘട്ടത്തിലും ഉയർന്നു വന്നിട്ടുള്ളത്. ഒരിണയോടൊത്തല്ലാതെ, ഒന്നിലധികം ഇണകളോടൊത്ത് കഴിയാൻ, അന്യോന്യം തുല്യരായി കരുതുകയും ബഹുമാനിക്കുകയും ചെയ്യുന്ന സ്ത്രീയ്ക്കോ പുരുഷനോ സാധ്യമാവുകയില്ലെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. sex-ന് വേണ്ടിയുള്ള പരസ്പരബന്ധങ്ങളും പരസ്പര സ്നേഹത്തിന്റെ പാരമ്യമായുണ്ടാകുന്ന ലൈംഗിക ബന്ധങ്ങളും തമ്മിൽ സാരാംശത്തിൽ വ്യത്യാസമുണ്ട്.

സ്വന്തം കാര്യങ്ങൾ നോക്കുവാൻ കഴിവുള്ള മുതിർന്ന സ്ത്രീപുരുഷന്മാർക്ക് അവരുടെ ഇണയെ തിരഞ്ഞെടുക്കാനുള്ള കഴിവുണ്ടെന്ന് അംഗീകരിച്ച് അവരുടെ തീരുമാനത്തെ മനസ്സിലാക്കാനുള്ള സന്മനസ്സ് രക്ഷിതാക്കൾ കാണിക്കേണ്ടതുണ്ട്. പക്ഷെ ഇന്നത്തെ യാഥാർത്ഥ്യം നേരെ മറിച്ചാണല്ലോ. ദീർഘകാലമായി ബോധമണ്ഡലത്തിലുള്ള പ്രവർത്തനഫലമായി സ്ത്രീപുരുഷന്മാർ സ്വന്തം ജീവിതത്തിന്റെ ഉത്തരവാദിത്തം ബോധപൂർവ്വം സ്വയമേറ്റെടുക്കാൻ തയ്യാറാകുമ്പോൾ മാത്രമേ സ്വന്തം താല്പര്യപ്രകാരമുള്ള വിവാഹബന്ധങ്ങളിൽ ഏർപ്പെടാനുള്ള സാഹചര്യമുണ്ടാവുകയുള്ളു.

മിശ്രവിവാഹങ്ങൾക്ക് ജാതി – മതസംഘർഷങ്ങളൊഴിവാക്കുന്നതിലും സാംസ്കാരികമായി പരസ്പരം ധന്യമാക്കുന്നതിലും ഒരുവലിയ പങ്കുവഹിക്കാനാവും. പക്ഷേ, ഇന്ന് മിശ്രവിവാഹിതർക്ക് അനുഭവിക്കേണ്ടിവരുന്ന സാമൂഹ്യവും വൈകാരികവുമായ സംഘർഷങ്ങൾ അധികം പേരെയും അത്തരമൊരു സാഹസത്തിൽനിന്നു പിന്തിരിപ്പിക്കുന്നു.

സ്വാതന്ത്ര്യബോധമൊട്ടുംകൊള്ളാത്ത സ്ത്രീ ഒരു മനുഷ്യനെന്ന പരിഗണനപോലും അർഹിക്കുന്നവരല്ലെന്നാണ് എന്റെ പക്ഷം. സമൂഹത്തിൽ സ്വന്തം പദവി അംഗീകരിക്കപ്പെടാൻ അവളിനിയും ഉണരേണ്ടിയിരിക്കുന്നു സാമൂഹ്യനീതീനടപ്പിലാക്കാനുള്ള സമരത്തിൽ അവളും (ഒറ്റയ്ക്കും കൂട്ടായും) തീർച്ചയായും പങ്കു ചേരേണ്ടതുണ്ട്.

വസ്ത്രം ഉരിച്ചെടുക്കുന്നവരും വസ്ത്രം കൊണ്ട് വീർപ്പുമുട്ടിക്കുന്നവരും അത്യന്തികമായി അവളുടെ സ്വാതന്ത്ര്യത്തെ കൊല്ലുകതന്നെയാണ്. നമ്മുടെ സ്ത്രീകൾ ധരിക്കുന്ന വസ്ത്രം ചിലപ്പോൾ പുരുഷന്മാർക്ക് കണ്ടാസ്വദിക്കാൻ പോരുന്നവയാണ് ഉദാഹരണത്തിന് സാരിതന്നെ ശരീര

ത്തിന്റെ പലഭാഗങ്ങളും പുറത്തുകാണിക്കുന്ന സാരി വേഗത്തിൽ സഞ്ചരിക്കുന്നതിനും സ്വാതന്ത്ര്യം തോന്നിക്കുന്നതിനും തടസ്സമാണ്. ലളിതവും സ്വാതന്ത്ര്യം തോന്നിക്കുന്നതുമായ, കാലാവസ്ഥയ്ക്ക് യോജിച്ച വസ്ത്രങ്ങളാണ് തങ്ങൾ ധരിക്കേണ്ടുന്നതെന്ന പുതിയ വസ്ത്രബോധം ഉയർന്നുവരേണ്ടുന്നതുണ്ട്.

നിലവിലുള്ള സാമൂഹ്യ രാഷ്ട്രീയ ബന്ധങ്ങൾ സ്ത്രീ സ്വാതന്ത്ര്യമെന്ന ലക്ഷ്യത്തെ ഒരു പടി പോലും മുന്നോട്ട് കൊണ്ടുപോയിട്ടില്ല. എന്നിരിക്കിലും അത് സമൂഹത്തെ ഒന്നാകെ ബാധിച്ചിട്ടുള്ള മാരകമായ രോഗത്തിന്റെ symptom മാത്രമാണ് എന്നാണ് എന്റെ പക്ഷം. സമൂഹത്തിന്റെ ബോധം ഉയർത്തുന്നതിലൂടെ മാത്രമേ അതിന് പരിഹാരം കാണനാവൂ.

നിലവിലുള്ള സ്ത്രീ സംഘടനകളിൽ നിന്ന് വ്യത്യസ്ഥമായി ഇടതുപക്ഷപ്രസ്ഥാനങ്ങൾക്കിടയിലും അല്ലാതെയും പാശ്ചാത്യനാടുകളിലും ലാററിനമേരിക്കയിലും ഉണ്ടായി കഴിഞ്ഞിട്ടുള്ള സ്ത്രീവിമോചനപ്രസ്ഥാനങ്ങളിൽനിന്ന് സൈദ്ധാന്തികമായ വെളിച്ചം ലഭിച്ച അതേസമയം ഇന്ത്യൻ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതുമായ ഒരു സ്ത്രീവിമോചനപ്രസ്ഥാനം ആവശ്യമാണ്. സാമൂഹ്യമാററത്തിനായുള്ള വലിയ സമരത്തിൽ സ്ത്രീവിമോചനത്തിന്റെ പ്രശ്നമുൾക്കൊള്ളുന്നില്ലെങ്കിൽ ആ സമരം എവിടെയുമെത്താതെ സ്തംഭിച്ചുപോകും.

കഥ

# താഴ്‌വരക്കാററുകളേ വിട

"അപ്പുണ്ണീ നാളെ അമ്പലത്തില് കൊടികേററാട്ടോ. പോവ്വാൻ മറക്കരുതേ കുട്ടി" .... ചെറിയമ്മാവൻ കോലായിലിരുന്നുകൊണ്ട് നീട്ടിത്തുപ്പി. നാലും കൂട്ടിയുള്ള അമ്മാവന്റെ ആ മുറുക്കിത്തുപ്പിന് മാത്രം ഇന്നും യാതൊരു മാററവുമില്ല. "പറയെഴുന്നള്ളിപ്പിന് സമയമുണ്ടെങ്കിൽ പോവാൻ മറക്കരുതെട്ടോ" .... അമ്മാവന്റെ നിർദ്ദേശങ്ങൾ ഒന്നിനു പിറകെ മറെറാന്നായി വന്നുകൊണ്ടിരുന്നു .... അമ്മാവനെന്നും അങ്ങിനെയായിരുന്നല്ലോ?.

അമ്മാവനെ കാണുവാൻ മാത്രമായിരുന്നല്ലോ അങ്ങ് ദൂരെയുള്ള നഗരത്തിന്റെ ബഹളത്തിൽനിന്നും ഒരാഴ്ചത്തെ ലീവെടുത്ത് വന്നത്. എന്റെ ഉന്നതിയിലേക്ക് വേണ്ടി കഷ്ടപ്പാടുകൾ സഹിച്ച അമ്മാവന്റെ വാക്കുകളെ മറികടക്കാൻ മനസ്സിന് ചെറുതായി വിങ്ങലനുഭവപ്പെടുന്നതായി തോന്നി.

പെയ്തൊഴിഞ്ഞ മഴയുടെ അവശിഷ്ടംപോലെ മുററത്ത് തളം കെട്ടികിടക്കുന്ന ചെളിവെള്ളം നോക്കി നാലുകെട്ടിന്റെ ചുമരും ചാരി ഞാനിരുന്നു. അസ്തമയ സൂര്യന്റെ വിളറിയ കിരണങ്ങൾ കരിമേഘക്കൂട്ടങ്ങൾക്കിടയിലൂടെ എന്നെ നോക്കി സഹതപിക്കുന്നതുപോലെ തോന്നി.

ഇടിഞ്ഞുപൊളിഞ്ഞനാലുകെട്ടിന്റെ ചുവരുകൾക്കുള്ളിൽ സ്വപ്നങ്ങൾക്ക് നിറം പകർന്നുകൊടുത്തുകൊണ്ട് കഴിഞ്ഞുപോയ ആ നല്ല നാളുകൾ ഇന്നും ഞാനോർക്കുന്നു. ഓർമ്മകളുടെ ചുരുൾ നിവരുകയായിരുന്നു.

എല്ലാപ്രതാപൈശ്വര്യങ്ങളും ഉണ്ടായിരുന്ന തറവാടായിരുന്നു ഞങ്ങളുടേത് കൊല്ലിനും കൊലയ്ക്കും യാതൊരുമടിയുമില്ലായിരുന്നു. അച്ഛന്റെ ആജ്ഞകൾ ശിരസാവഹിക്കാൻ കാര്യസ്ഥന്മാരുടെ ബഹളമയിരുന്നു.

പോക്കളത്തെ പറമ്പീന്നും, പീടികപറമ്പീന്നും തേങ്ങഇടുന്ന ദിനങ്ങൾ എന്നെ സംബന്ധിച്ചിടത്തോളം ഉത്സവതുല്യമായിരുന്നു. വടക്കേപ്പുറത്ത് കുന്നുപോലെ കൂട്ടിയിട്ടിരുന്ന തേങ്ങകണ്ട് ഒച്ചവെച്ചതിന് അമ്മാവൻ തന്ന അടിയുടെ ചൂട് ശരീരത്തിലൂടെ ഇപ്പോഴും അരിച്ച് നടക്കുന്നതുപോലെ തോന്നുന്നു.

കൊയ്ത്തുപാടത്തെ ആരവവും, മെതിക്കളത്തിലെപൊട്ടിച്ചിരികളും എത്ര പെട്ടെന്നാണ് ഈ തറവാട്ടിൽനിന്നും പൊയ്പ്പോയത്. എല്ലാത്തിനും മൂകസാക്ഷിയായി നിന്നിട്ടുള്ള തുളസിത്തറയും, നാലുകെട്ടും നഷ്ടപ്പെടാതിരിക്കാൻ കാരണം അമ്മാവനായിരുന്നല്ലോ....

അകത്തളത്തിൽനിന്നും ഉയർന്ന്കേട്ട ജാനുചിററമ്മയുടെ കുട്ടിയുടെ കരച്ചിൽ എന്റെ ഓർമ്മകൾക്ക് താല്കാലികമായെങ്കിലും വിടനല്കി.

"അപ്പൂ.... മംഗലത്തറവാട്ടിൽനിന്നും നല്ലൊരു കല്യാണാലോചന വന്നിട്ടുണ്ട്. നീ പോവുന്നതിനു മുമ്പ് മറുപടികൊടുക്കണം" .... അമ്മാവന്റെ സ്നേഹത്തോടെയുള്ള വാക്കുകൾക്ക് തടസ്സം പറയാൻ എനിക്ക് കഴിയില്ല. എന്റെ ദുഃഖങ്ങളും, സ്വപ്നങ്ങളും പങ്കിടാൻ ആരും ഇല്ലാതെ പോയല്ലോ? അച്ഛനുമമ്മയും മരിച്ചിട്ടും ഏകസന്തതിയെ അല്ലലില്ലാതെ വളർത്തിയ അമ്മാവനെ വിഷമിപ്പിച്ചുകൂടാ .... ഇനിയെങ്കിലും ഒരുറച്ച തീരുമാനം എടുക്കണം.

നീലക്കരയൻ തോർത്ത് തോളിലിട്ടും കൊണ്ട് ഞാൻ തൊടിയിലേക്കിറങ്ങി. സന്ധ്യപതിയെ കടന്നു വന്നുകൊണ്ടിരുന്നു. ആകാശത്ത് നിലാവ് ഉദിച്ച്കഴിഞ്ഞിരിക്കുന്നു. നക്ഷത്രക്കുരുന്നുകൾ കണ്ണ് ചിമ്മിക്കൊണ്ടേയിരുന്നു. ഒരു പററം വെള്ളി മേഘങ്ങൾ എന്നെപ്പോലെ ലക്ഷ്യമില്ലാതെ എങ്ങോട്ടെന്നില്ലാതെ നീങ്ങികൊണ്ടിരുന്നു. നടന്ന് നടന്ന് പുഴയുടെ തീരത്തെത്തിയതറിഞ്ഞില്ല. കോണിയ്ക്കാലിപുഴയിൽ കുളിക്കാൻ വന്ന പണിക്കാരുടെ ബഹളമാണ് ....

പുഴയിലൊന്ന് മുങ്ങികുളിച്ചപ്പോൾ എന്ത്നല്ല സുഖം! മനസ്സിനും ശരീരത്തിനും പുത്തനുണർവ്വ് കിട്ടിയതു പോലെ ....!

കൽക്കത്താ നഗരത്തിലെ തിക്കിലും, ഓഫീസിലെജോലിത്തിരക്കിലും പെട്ട് വിഷമിച്ച് ലോഡ്ജിലുള്ള ഷവറിന്റെ കീഴിൽ നില്ക്കുമ്പോൾ ഓർക്കാറുള്ള എന്റെ കോണിയ്ക്കാലിപുഴ .... നിന്റെ തീരത്തിരുന്ന് ഞാനെത്രയെത്ര മനക്കോട്ടകൾ കെട്ടിയിരുന്നു. പുഴയോരത്തുള്ള കരിമ്പാറകെട്ടിൽ നിന്നെ നോക്കി ഞാനും ലിസയും എത്രനേരം ഇരുന്നിരുന്നു. ഞങ്ങളുടെ ഇണക്കവും, പിണക്കവും, കളിതമാശകളും ഒളിച്ചുനിന്ന് നീ എത്രതവണ കാണുകയും, കേൾക്കുകയും ചെയ്തിരിക്കുന്നു. അവസാനം നീ തന്നെ എന്റെ ലിസയെ അപഹരിച്ചത് എന്നോടുള്ള അസൂയകൊണ്ടായിരുന്നുവോ?

ഓഫീസിലുള്ള എല്ലാവക്കം എൻേറയും ലിസയു ടേയും ബന്ധത്തെപ്പററി അറിയാമായിരുന്നു. നാലു കെട്ടും, അറപ്പുരയും, പിന്നെ തറവാടിത്തവുമുള്ള ഞാൻ മററൊരു മതത്തിലെ പെൺകുട്ടിയെ സ്നേഹിച്ചതും, വിവാഹത്തീയതി ഉറപ്പിച്ചതും എല്ലാവക്കം അത്ഭുതമായിരുന്നു. പക്ഷേ, ഓഫീസിലുള്ള ജാഫറിക്കായുടെയും, രാമേട്ടൻേറയും അനുഗ്രഹാശംസകൾ എനിക്ക് വേണ്ട വിധം കിട്ടിയിരുന്നു. ആംഗ്ലോ-ഇന്ത്യനായ മാക്കിലിനു ഇതിലൊന്നും യാതൊരു താത്പര്യവുമില്ലായിരുന്നു.

ഞാനിന്നും ഓക്കുന്നു .... ഓഫീസിൽ ഓഡിററുന ടന്നുകൊണ്ടിരിക്കയായിരുന്നു. രാമേട്ടനാണ് എനിക്ക് ടെലഗ്രാം തന്നത് നാട്ടിലെത്തിയപ്പോഴാണറിയുന്നത് .... പുഴയ്ക്കക്കരെയുള്ള പള്ളിയിലെതിരുന്നാളിന് പോയി മടങ്ങുമ്പോൾ പുഴയിൽ വഞ്ചിമുങ്ങിയെന്നും.... എൻെറ ലിസയെ .... എനിക്ക് എന്നന്നേയ്ക്കുമായി നഷ്ടപ്പെട്ടുവെന്നും.

''അല്ലാ, ഇതാരാണ് .... അപ്പുവല്ലേ, നീ എന്നാണ്‌വന്നത് .... എത്രദിവസത്തെ അവധിയുണ്ട്'' .... കൊപ്രാക്കച്ചവടക്കാരൻ അവറാച്ചനാണ്. സംസാരം തുടങ്ങിയാൽ പിന്നെ നിത്തുകയില്ല പെട്ടെന്ന് തന്നെ തലയും തുവത്തി വീട്ടിലേക്ക് നടന്നു.

ഉമ്മറത്തെ നിലവിളക്കിൽ നിന്നും ചൊരിത്തി തന്ന പ്രകാശം അവിടമാകെനിറഞ്ഞിരുന്നു. അമ്മാവനോട് സംസാരിച്ചിരിക്കുന്നത് മംഗലത്തെ കാര്യസ്ഥനാണെന്ന് ദൂരെ നിന്നേ തിരിച്ചറിഞ്ഞു.

''കേട്ടോ അപ്പുണ്ണീ, മംഗലത്തെ രാരിക്കുഞ്ഞിൻേറയും നിൻെറയുംജാതകമൊക്കെ നല്ല ചേച്ച്ചയുള്ളതാണ്. ഇനി ഒട്ടും താമസിപ്പിക്കേണ്ടാ, ട്ടൊ'' .... കാര്യസ്ഥൻ വിടാനുള്ള ഭാവമല്ലായിരുന്നു. എന്നിൽനിന്നും പ്രതികരണമൊന്നും ഇല്ലാത്തതുകൊണ്ടാണെന്ന് തോന്നുന്നു, കാര്യസ്ഥൻ മററൊന്നും ഉരിയാടാതെ അവിടെനിന്നും എഴുന്നേററു.

നഗരജീവിതത്തിൻെറ അസ്വാസ്ഥ്യത്തിൽനിന്നും മോചനം തേടി എത്തിയത് അതിലും രൂക്ഷമായ ഒരു ഊരാക്കുടുക്കിലേക്കായിരുന്നുവെന്ന് തോന്നി.

ആശകളുടെ കുരുതിക്കളമായിരുന്നു മനസ്സ് ....

ജീവിതത്തിൻെറ കാലടിപ്പാടുകൾ ചിതറുന്നു .... ഇല്ല. എനിക്കിവിടെ സ്വസ്ഥതലഭിക്കില്ല. ഈപുഴയോരത്തിനും, നെൽവയലോലകൾക്കും, നാലുകെട്ടിനും എന്നെ ഓമ്മകളുടെ ക്രൂരമായ വിപത്തിലേക്ക് തള്ളിവിടുന്നതിനേ കഴിഞ്ഞിട്ടുള്ളു. ഈ ബന്ധനത്തിൽനിന്നും മോചനം വേണം .... അനുഭവങ്ങൾ ആഴത്തിൽ ചാലുകിറിയമനസ്സിനെ ഇനിയും വിണ്ടുകീറാൻ അനുവദിച്ചുകൂടാ ....!

പുഴയോരത്ത് നിന്നും, നെൽവയലോലകളെ തഴുകിവന്നിരുന്ന ഇളം തെന്നലിനു് കുടുത്തരൂക്ഷഗന്ധം. അങ്ങകലെ ഇല്ലിമുളങ്കാടുകൾക്കപ്പുറത്തുള്ള പാലപൂത്തതാവാം. മേഘങ്ങളുടെ ഞൊറിവുകളിൽ ഒരുപിടിനക്ഷത്രമലരുകൾ കൂടി പൊട്ടിവിരിഞ്ഞിരിക്കുന്നു. അടുത്ത യാമിനിയുടെ വരവിനുവേണ്ടി അകലേനിന്നും പൂങ്കോഴികളുടെ ചിറകടിച്ചുള്ള കൂവൽ മുഴങ്ങികൊണ്ടിരുന്നു. അതേ .... രാവിലെതന്നെയുള്ള വണ്ടിക്ക്തന്നെ, ഒരിക്കൽ മധുരസ്മരണകൾ മാത്രം നുകന്നുതന്നിരുന്ന എൻെറ ഗ്രാമം വിടണം ....

കാതുകളിൽ ഗാർഡിൻെറ നീണ്ടവിസിൽ മുഴങ്ങി .... എനിക്ക് യാത്രാമംഗളങ്ങൾ നേരാൻ ഇന്ന് ആരുമില്ലല്ലോ! ഉള്ളിലുണന്ന തേങ്ങലോടെ ഒരിക്കൽകൂടി ഞാനെൻെറ ഗ്രാമത്തെ കണ്ണുനിറയെ നോക്കി. എൻെറ തപ്തനിശ്വാസങ്ങൾ വായുവിൽ പെട്ട് ഞെരിഞ്ഞുടഞ്ഞപ്പോൾ വണ്ടിനേരിയ ചലനങ്ങളോടെ പാളങ്ങളിൽ അമന്നുപൊങ്ങുകയായിരുന്നു.

**സുബൈർ പി. എ.**

> തിന്നുന്ന ചോറിൽ ചൂഷണത്തിന്റെ ചോരയുണ്ടെന്ന് തിരിച്ചറിയുമ്പോൾ ചൂഷക വ്യവസ്ഥ തകർക്കാൻ അപകടം പിടിച്ച വഴിയിലൂടെ സാഹസികമായി സഞ്ചരിക്കുന്നവനാകുന്നു 'ബുദ്ധൻ'. ഇന്നു ബുദ്ധനെന്നത് അന്വേഷകരുടെ വംശപ്പേരാകുന്നു.

കെ. ഇ. എൻ. കുഞ്ഞഹമ്മത്

# തീപിടിച്ച മനസ്സുകൾക്കൊരാമുഖം

മനുഷ്യനെ കേന്ദ്രമാക്കിയുള്ള ഏതൊരന്വേഷണവും ഓരോ മനുഷ്യനും അനന്തമായ സാധ്യതകളിലേക്ക് തുറന്നുവെക്കപ്പെട്ട ഓരോ ആത്മീയ പ്രപഞ്ചമാകുന്നു എന്നതിൽനിന്നുമാണ് ആരംഭിക്കുന്നതു്. വലിച്ചു കീറുന്ന ചോദ്യങ്ങളുടെ ക്രൂരതയിൽ നിന്നും അന്വേഷകൻ കാരുണ്യം തേടി യാത്ര പോകുന്നു. അപ്പോഴുമയാൾക്കുള്ളിൽ ചോദ്യങ്ങളുടെ മഹാസമുദ്രം ഒളിച്ചിരിക്കുന്നു. തന്റെ കാലുകൾ നിൽക്കുന്നതു് കബന്ധങ്ങൾക്കിടയിലാണെന്നും, താൻ ചാരിനിൽക്കുന്ന ചുമരുകളിലെല്ലാം മനുഷ്യന്റെ ചോര പുരണ്ടിരിക്കുന്നുവെന്നും അറിയുന്ന ഒരന്വേഷകന്ന് അസ്വസ്ഥജനകമായൊരസംതൃപ്തിയിൽനിന്നും മോചനമില്ല. സ്വസ്ഥതയുടെ സമതലങ്ങൾ അയാൾക്ക് കൗമാരകൗതുകം മാത്രമാവുന്നു.

സുഖസമൃദ്ധിയിൽ നിന്നും നിത്യദുരിതത്തിന്റെ നരകത്തിലേക്കു് സിദ്ധാർത്ഥൻ എന്തിനാണ് എടുത്തുചാടിയതു്? ശാക്യവംശനായകനായ ശുദ്ധോദന മഹാരാജാവിന്റെ പ്രിയപുത്രന്ന് സമ്പൽ സമൃദ്ധമായ കൊട്ടാരവും, സുന്ദരിയായ യശോധരയും പൊന്നുമകൻ രാഹുലനും ഒരു രാത്രിയുടെ ദുരന്തമുഹൂർത്തത്തിൽ എങ്ങനെയാണ് അന്യരായിത്തീരുക? 'തിന്നുന്ന ചോറിൽ ചൂഷണത്തിന്റെ ചോര'യുണ്ടെന്നു് തിരിച്ചറിയുമ്പോൾ ചൂഷക വ്യവസ്ഥ തകർക്കാൻ അപകടം പിടിച്ച വഴിയിലൂടെ സാഹസികമായി സഞ്ചരിക്കുന്നവനാകുന്നു 'ബുദ്ധൻ.' ഇന്നു് ബുദ്ധനെന്നതു് അന്വേഷകരുടെ വംശപ്പേരാകുന്നു. രക്ഷപ്പെടാമായിരുന്നിട്ടും സോക്രട്ടീസ് മധുരപാനീയംപോലെ മാരകമായ വിഷം മൊത്തിക്കുടിച്ചു, ആരോടോ പക വീട്ടുന്നതു പോലെ! പീഡനങ്ങളുടെ പ്രളയത്തിലും ചിന്തകർ വംശത്തിന്റെ രക്ഷകാക്കുന്ന നോഹയുടെ പെട്ടകമായി സ്വയം രൂപാന്തരപ്പെടുന്നു. കാരഗൃഹത്തിലേക്ക് വലിച്ചെറിഞ്ഞാൽ നാവ് കൊണ്ട് നക്കി അവിടെയും ചിത്രങ്ങൾ വരക്കുമെന്ന് പറയാൻ പിക്കാസോക്ക് ഭ്രാന്തുണ്ടായിരുന്നുവോ?

സ്വന്തം ഉത്തരവാദിത്വത്തെ തന്റേടത്തോടെ അഭിമുഖീകരിക്കാൻ ധീരതകാട്ടുന്ന കവിയും കല്ലുളിക്കാരനും തുന്നൽക്കാരനും തത്വചിന്തകനും വ്യാപകമായ അർത്ഥത്തിൽ അന്വേഷകരാവുന്നു. ബുദ്ധിജീവി എന്ന പദവി സ്വന്തമാക്കിയ എഴുത്തുകാരോട് ശാസ്ത്രജ്ഞന്മാർക്കുകൂടി അതു് പതിച്ചേകാൻ ആവശ്യപ്പെട്ട സി പി സ്നോവിന്റെ മാധ്യസ്ഥ്യം സർഗാത്മകതയെ ബുദ്ധിപരതലത്തിൽ മാത്രം തളച്ചിടുന്ന ബൂഷ്വാ പരിമിതിയുടെ സൂചനയാകുന്നു. ഗ്രാംഷി നിരീക്ഷിച്ചതിൻപടി സർവരും ബുദ്ധി ജീവികളാണ്. സർഗാത്മകമായ ഏതു് തൊഴിലും ബുദ്ധിപരതയുടെ പ്രായോഗിക രൂപമാണ്. എന്നാലിത്തരമൊരു സാമാന്യ പ്രസ്താവന ബുദ്ധിജീവികളുടെ സവിശേഷ പങ്കിനെ നിരാകരിക്കുന്നില്ല. 'എല്ലാവരും ബുദ്ധിജീവികളാണ്, പക്ഷേ ബുദ്ധിജീവികൾക്ക് സമൂഹത്തിലുള്ള കർത്തവ്യം എല്ലാവർക്കുമില്ല. നമുക്കെല്ലാം എപ്പോൾ വേണമെങ്കിലും രണ്ട് മുട്ട പൊരിക്കുകയോ പിന്നിക്കീറിയ ഒരു തുണി തയ്ക്കുകയോ ചെയ്യാം. എന്നുവെച്ച്, നാമെല്ലാം പാചകക്കാരോ തുന്നൽക്കാരോ ആണെന്ന് ആരും പറയാറില്ലല്ലോ.

സുരക്ഷിതത്വത്തിൽ മാത്രം സുഖം കാണുന്നവന് ഇന്നൊരന്വേഷകനാവുക അസാദ്ധ്യമാണ്. കപട ബന്ധങ്ങളൊരുക്കുന്ന സുരക്ഷിതത്വത്തെ നിരാകരിച്ച് 'അരക്ഷിതത്വത്തെ' ആഹ്ലാദപൂർവ്വം വരിക്കുന്നവനാണ് അന്വേഷകനാവുന്നതു്. അയാൾക്ക്, അയാൾ തന്നെയും നിരന്തരമായ വിചാരണക്ക് വിധേയമാക്കി സ്വീകരിക്കുകയോ തള്ളുകയോ ചെയ്യേണ്ട ഒരു പ്രക്രിയ മാത്രമാവുന്നു. കിരീടങ്ങൾ കാത്തുകെട്ടിക്കിടക്കുന്ന രാജപാതകളിൽ മോക്ഷം തേടിച്ചെല്ലുന്നവർ മന്ദൻ മഹാരാജാക്കന്മാരാകുന്നു. കരിശ്ശുകൾ നൃത്തം വെക്കുന്ന പ്രേതഭൂമികളിൽ നിന്നും പോയ്പ്പോയ തലമുറകളുടെ 'ഫോസിലുകൾ' ചികഞ്ഞെടുത്തു്, അന്വേഷകൻ അക്ഷരക്കൂട്ടങ്ങൾക്കിടയിൽ നിന്നും അഗ്നി തോറ്റിയെടുക്കുന്നു. പൂതലോടിയ ആശയങ്ങൾക്ക് കാവൽ നിൽക്കുന്ന മഹാരാജാക്കന്മാരുടെ അംഗരക്ഷകന്മാരോടേറ്റുമുട്ടൽ അയാൾക്ക് ശ്വസിക്കൽപോലെ ഒരു ജൈവപ്രശ്നമാകുന്നു. 'സാംസ്കാരിക പ്രശ്നങ്ങളെ' ജൈവപ്രതികരണങ്ങളാക്കി മാറ്റുന്നതിൽ അന്വേഷകൻ ജയിക്കുമ്പോൾ, അന്വേഷണം സർഗാത്മകമാവുന്നു. മനുഷ്യനെ ജൈവയന്ത്രമാക്കിച്ചുരുക്കുന്ന സകലരും സർഗാത്മകതയുടെ കൊലയാളികളാവുന്നു. അവർ എല്ലാവിധ അന്വേഷണങ്ങൾക്കും വിരാമമിടാൻ സ്വതന്ത്രചിന്തക്ക് ചിതയൊരുക്കുന്നു.

തയ്യാറാക്കപ്പെട്ട എല്ലാ ഉത്തരങ്ങൾക്കും അപ്പുറത്തുള്ള ആകാശത്തിലേക്ക് അപ്രത്യക്ഷനാകുന്ന അന്വേഷകൻ അറിവിന്റെ ഉറവകളുമായി തിരിച്ചെത്തുന്നു. സത്യത്തിന്റെ ശാശ്വതമായ വിശുദ്ധധ്വംസനം വാദത്തം ചെയ്യുന്ന ഒരു സിദ്ധാന്തത്തോടും അയാൾക്ക് സന്ധിയാവുക സാധ്യമല്ല. ഉത്തരങ്ങൾക്കുള്ളിൽ ഉറങ്ങുന്നവർക്ക് ഉറകുത്തിയ സിദ്ധാന്തത്തിന്റെ സൂക്ഷിപ്പുകാരനായിരിക്കുക എന്ന ദുർഗതിയിൽനിന്നും മോചനം നേടുക അസാദ്ധ്യമാവുന്നു. പിറക്കാനിരിക്കുന്ന ഉത്തരങ്ങളുടെ ഗർഭത്തിലേക്കുപോലും തുളച്ചുചെല്ലുന്ന അന്വേഷകന്റെ കണ്ണുകൾക്കുമുമ്പിൽ സർവ 'ഉത്തരപൂജ'കരും വെറും പൂജ്യങ്ങളാവുന്നു. ഉത്തരങ്ങൾക്കുള്ളിൽ സ്ഥിരമായ കിടപ്പറമാത്രം കാണുന്നവർ എന്നും ചോദ്യങ്ങൾക്കു മുമ്പിൽ ചൂളിപ്പോയവരാണ് എന്നതാകുന്നു ചരിത്രം. ഉരുകിത്തിളക്കുന്ന ഉൽകണ്ഠകളിൽ കിടന്ന് ഇളകിമറിയാത്തവനും, നിലനില്പിന്റെ ഏതെങ്കിലുമൊരു നിമിഷത്തിലെങ്കിലും അറിയപ്പെടാത്ത അസ്വസ്ഥതകളുടെ ആഴത്തിലേക്ക് താണുപോകാത്തവനും, സാംസ്കാരികാസ്തിത്വം വെച്ചുനീട്ടുന്ന വീണ്ടും വീണ്ടും ജനിച്ചുകൊണ്ടേയിരിക്കുക എന്നത് അസാദ്ധ്യമായിത്തീരുന്നു. ഒരിക്കൽമാത്രം മരിക്കാൻ നിരന്തരമായി ജീവിക്കുമ്പോഴാണ് മനുഷ്യൻ യഥാർത്ഥത്തിൽ ജീവിക്കുന്നത്. നിരന്തരമായി മരിക്കാൻ ഒരിക്കൽമാത്രം ജീവിക്കുന്നവൻ മൃഗമാകുന്നു.

സ്വന്തം നിലനില്പിന്റെ കേന്ദ്രത്തിൽനിന്നും അതിന്റെ പ്രാന്തപ്രദേശങ്ങളിലേക്ക് അഭയാർത്ഥിയായി മാറിനില്ക്കുന്ന മനുഷ്യൻ, അസ്തിത്വമുയർത്തുന്ന ബാധ്യതകളെ അഭിമുഖീകരിക്കുന്നതിൽ തോററുപോയവനാകുന്നു. നിധിപേടകങ്ങൾ നിറഞ്ഞുനില്ക്കുന്ന സ്വന്തം മനസിന്റെ നിലവറകളിലേക്ക് ഇറങ്ങിപോകാൻ തുനിയുന്നവനു് അതിനു് കാവൽ നിൽക്കുന്ന വന്യജന്തുക്കളോട് യുദ്ധം ചെയ്യേണ്ടിയിരിക്കുന്നു. നരകത്തിലെ ഭീകരതകൾകണ്ട് നിലവിളിക്കുന്നവരെ സാന്ത്വനിപ്പിക്കുവാൻ സ്വർഗത്തിലെ സൗകര്യങ്ങൾ അപര്യാപ്തമാണെന്നു് തിരിച്ചറിയാത്തവൻ അന്വേഷകനല്ല. നരകം നിലനി

ത്തികൊണ്ട് സ്വർഗ്ഗം നിർമ്മിക്കുമെന്ന് പറയുന്നതു് പൊളിയാണെന്നു് അയാൾ വിളിച്ചുപറയുന്നു. നിലവിളികളുടെ നടുവിൽനിന്നും ചിരിക്കുന്നവനെ മനുഷ്യനെന്ന് വിളിക്കുന്നവൻ കംപ്യൂട്ടറാവുന്നു. കൊട്ടാരങ്ങളിൽനിന്നും ഇറങ്ങിയോടുന്നവനല്ല, മനസ്സിൽനിന്നും കൊട്ടാരങ്ങളെ മുഴുവൻ അടിച്ചോടിക്കുന്നവനാണ് അന്വേഷകൻ. ആരോ ദാനമായി നൽകിയ മേൽവിലാസത്തിൽ നിന്നും അയാളോടുന്നതു് സ്വന്തമായ മേൽവിലാസം കണ്ടെത്താനാകുന്നു. എവിടെയോമറഞ്ഞു് കിടക്കുന്ന സ്വന്തം മേൽവിലാസം പരതുന്ന ഏതൊരന്വേഷ

---

**രക്ഷപ്പെടാമായിരുന്നിട്ടും സോക്രട്ടീസ് മധുരപാനീയംപോലെ മാരകമായ വിഷം മൊത്തിക്കുടിച്ചു, ആരോടോ പകരം വീട്ടുന്നതുപോലെ! പീഡനങ്ങളുടെ പ്രളയത്തിലും ചിന്തകർ വംശത്തിന്റെ രക്ഷകാക്കുന്ന നോഹയുടെ പെട്ടകമായി സ്വയം രൂപാന്തരപ്പെടുന്നു. കാരാഗൃഹത്തിലേക്ക് വലിച്ചെറിഞ്ഞാൽ നാവ്കൊണ്ട് നക്കി അവിടേയും ചിത്രങ്ങൾ വരയ്ക്കുമെന്നു് പറയാൻ പിക്കാസോക്ക് ഭ്രാന്തുണ്ടായിരുന്നോ ?**

---

കനും ആദ്യം അനാഥനാവുകയും അവസാനം രക്തസാക്ഷിയാവുകയുംചെയ്യുന്നു. അനാഥമാക്കപ്പെടുമ്പോഴും, രക്തസാക്ഷിയായിത്തീരുമ്പോഴും അയാൾ ജീവിക്കുന്നു. അനാഥമാക്കപ്പെടലിനും, രക്തസാക്ഷിത്വത്തിനും ഇടയിലാകട്ടെ അയാൾ ഒരുമദ്ധ്യാഹ്ന സൂര്യനെപ്പോലെ ജ്വലിച്ച് കത്തുന്നു, ചരിത്രത്തിന്റെ ഉരുളുന്ന രഥചക്രങ്ങളുടെ ശബ്ദംകേൾക്കാൻ മണ്ണിൽ കാതു് ചേർത്തിരിക്കുമ്പോഴും അയാൾനക്ഷത്രപഥങ്ങൾക്കിടയിലൂടെ സഞ്ചരിക്കുന്നവനാകുന്നു. അയാൾ മനുഷ്യപ്രപഞ്ചത്തിനുമപ്പുറമുള്ള പ്രപഞ്ചങ്ങളിലേക്ക് സാഹസികമായി യാത്രതിരിക്കുന്നതു്, മനുഷ്യപ്രപഞ്ചത്തിലേക്കു തന്നെ ആഴത്തിൽ തിരിച്ചെത്താനാകുന്നു.

ജനപഥങ്ങൾ കാടുകളേക്കാളും കഷ്ടമായപ്പോഴായിരിക്കണം മഹർഷിമാർ യഥാർത്ഥകാടുകളിലേക്ക് യാത്രപോയിട്ടുണ്ടാവുക അവർ ജീവിതം വിട്ടെറിഞ്ഞുപോയ പരിത്യാഗികളോ, ഏകാന്തതയിൽ സ്വകാര്യസുഖം കണ്ടെത്തിയ സ്വാർത്ഥരോ ആയിരുന്നില്ല. അവർ നമ്മുടെ ആദ്യത്തെ അന്വേഷകരായിരുന്നു. അപഹാസ്യമായ അനുകരണത്തിന്റെ ദുർഗന്ധം ശ്വസിക്കുന്ന അന്വേഷകൻ എന്നും പകപ്പുകളേക്കാൾ അതിന്റെതന്നെ അസ്സലുകളെ ബഹുമാനിക്കുന്നവനാകുന്നു. മൃഗതുല്യരായി ജീവിക്കുന്ന ജനപദങ്ങളിലെ മനുഷ്യരേക്കാൾ, അതുകൊണ്ടുതന്നെ അയാൾക്ക് കാട്ടിലെ മൃഗങ്ങൾ മാന്യരായ സുഹൃത്തുക്കളാവുന്നു. മൃഗസമാനരായ ജനതയിൽനിന്നും അയാൾ അകന്നുനില്ക്കുമ്പോഴും, സർഗാത്മകമായൊരു സമൂഹത്തിന്റെ സജീവമായ സാന്നിദ്ധ്യം അയാൾക്കുള്ളിൽ നിറഞ്ഞ്നില്ക്കുന്നു. ഒററക്ക് ജീവിക്കുന്നവൻ മൃഗമോ ദൈവമോ ആവുന്നു എന്ന അരിസ്റ്റോട്ടിലിയൻ ചൊല്ലിനു് അയാൾ തത്വചിന്തകനാകുന്നു എന്നു് നീച്ചേ മൂന്നാം ഭാഷ്യം ചമച്ചതു് ഓർക്കുന്നു.

സമൂഹവും വ്യക്തിയും ആഹ്ലാദത്തോടെ പരസ്പരം തിരിച്ചറിയുന്ന വേദിയാകുന്നു അന്വേഷണം. അതിനു്മുമ്പിലുള്ള വഴി എവിടെയും ചെന്നെത്താനാവുന്നതാകുന്ന ഭീകരമായ ഗർത്തത്തിൽ അവസാനിക്കുന്ന അന്വേഷകൻപോലും നിയമം നടപ്പിലാക്കുന്ന 'അധികാരി'യേക്കാൾ എന്തുകൊണ്ടും മുകളിലാവുന്നു. അധികാരത്തിന്റെ അസ്തമനം സ്വപ്നം കാണാത്ത ഏതൊരന്വേഷണവും വന്ധ്യമാകുമെന്നു് അറിയുമ്പോഴും, 'ദ്രോഹിയുടെ ദുഷ്ടചിന്തകൾക്കു് പോലും സ്വർലോകാത്ഭുതങ്ങളേക്കാൾ മഹത്വമുണ്ട്' എന്നുള്ളതു് അയാൾ ഉള്ളത്തിൽ ഭദ്രമായി സൂക്ഷിക്കുന്നു. മഹാസമുദ്രങ്ങളുടെ ആഴവും

കൊടുമുടികളുടെ ഔന്നത്യവും അന്വേഷകന്റെ ചിന്തകളിൽ ഒത്തുകൂടുന്നു. ഉദിക്കാനൊരിടം കിട്ടാതെ ഉഴലുന്ന സ്വാതന്ത്ര്യത്തിന്റെ സൂര്യന്നുമുമ്പിൽ അന്വേഷകൻ സ്വയം ആകാശമായിത്തീരുന്നു.

മനുഷ്യനിൽനിന്നാരംഭിക്കുന്ന ഏതൊരന്വേഷണവും ആത്യന്തികമായി അവനിലേക്ക് തന്നെ ശക്തമായി തിരിച്ചുവരുന്നു. അന്വേഷണം സ്വയം നിർമ്മിക്കുന്ന മനുഷ്യന്റെ വേദമാണ്. വിമശിക്കപ്പെടാതെ സ്വീകരിക്കാനാവശ്യപ്പെടുന്ന എല്ലാ തത്വങ്ങളേയും നിർദയം നിരാകരിക്കുക എന്നതു് അന്വേഷകന്റെ പ്രാഥമിക ബാധ്യത മാത്രമാകുന്നു. അപ്പോൾ മാത്രമാണ് 'പ്രത്യയശാസ്ത്രം' ആയുധപ്പുരയായി മാറുന്നതു്. അല്ലാത്തപ്പോഴൊക്കെയും അതൊരു ആശ്വാസകേന്ദ്രമായി അധഃപതിക്കുകയാണ്. അന്വേഷകന്നു് തത്വചിന്ത ഇരുട്ടുമുറിയിൽ ഇല്ലാത്ത കരിംപൂച്ചയെ തപ്പുന്ന തലതിരിഞ്ഞ ഏർപ്പാടല്ല, മനുഷ്യന്റെ തല ഉയർത്തിപ്പിടിക്കാനുള്ള സജീവമായ പ്രവർത്തനത്തിന്റെ ഭാഗമാണ്. ''എനിക്ക് ഈ ദൈവങ്ങളെയെല്ലാം വെറുപ്പാണ്'' എന്ന പ്രോമിത്തിയൂസിന്റെ ഏററുപറച്ചിലിൽ, ''മനുഷ്യന്റെ ആത്മബോധത്തെ ഏററവും വലിയ ദിവ്യശക്തിയായി കാണാത്ത ഭൂമിയിലേയും സ്വർഗ്ഗത്തിലേയും എല്ലാ ദൈവങ്ങൾക്കുമെതിരായ തത്വശാസ്ത്രത്തിന്റെ നീതിവാക്യം'' അയാൾ കാണുന്നു. അയാൾ കാഴ്ചകൾക്കുള്ളിൽനിന്നും വീണ്ടും കാണുന്നവനും അവയെ കാഴ്ചപ്പാടുകളാക്കി മാററുന്നവനുമാകുന്നു.

തന്നുള്ളിലെ തീ കാണാത്തവനോ ആരെങ്കിലും വിരട്ടുമ്പോഴേക്കും വിറക്കുന്നവനോ ഇന്നത്തെ സാഹചര്യത്തിൽ അന്വേഷകനാവുക സാധ്യമല്ല. സംശയിക്കാനുള്ള സ്വാതന്ത്ര്യം അധികാര സ്ഥാപനത്തിന്നു മുമ്പിൽ സമർപ്പിക്കുന്നവനു് അന്വേഷണത്തിന്റെ ലോകത്തിലേക്ക് ഒരിക്കലും പ്രവേശനം ലഭിക്കുന്നില്ല.

> മനുഷ്യനിൽ നിന്നാരംഭിക്കുന്ന ഏതൊരന്വേഷണവും ആത്യന്തികമായി അവനിലേക്കു് തന്നെ ശക്തമായി തിരിച്ചുവരുന്നു. അന്വേഷണം സ്വയം നിർമ്മിക്കുന്ന മനുഷ്യന്റെ വേദമാണ്. വിമർശിക്കപ്പെടാതെ സ്വീകരിക്കാനാവശ്യപ്പെടുന്ന എല്ലാ തത്വങ്ങളേയും നിർദയം നിരാകരിക്കുക എന്നതു് അന്വേഷകന്റെ പ്രാഥമിക ബാധ്യത മാത്രമാകുന്നു.

## മുളയ്ക്കാനിട്ട ഹൃദയം



വരും കാലങ്ങളിലേക്ക് ചാരിയിട്ട വാതിൽ തുറന്ന്
സുഹൃത്ത് കടന്നു വരുന്നു
പൊട്ടിയ കണ്ണാടി ചില്ലുകൾ കൊണ്ട്
മൗനത്തിന്റെ മുഖക്കുരു പൊട്ടിക്കുന്നു.
വിപ്ലവം
കവിത
പ്രണയം
നിശ്ചലമായിക്കിടക്കുന്ന ഘടികാര സൂചികൾനോക്കി
അവൻ പിറുപിറുക്കുന്നു.
നമ്മുടെ കാലത്ത് അക്ഷരങ്ങൾ അഗ്നിയായ് മാറാത്ത
തെന്ത്
അവൻ ചോദിക്കുന്നു.
ചോദ്യങ്ങളുടെ ഇടവേളയിൽ
തുരുമ്പെടുത്ത ജനലഴികളിൽ ഉററുവീണത്
കണ്ണീരാണോ....?
നീയെനിക്കെന്താണ് കൊണ്ടുവന്നിരിക്കുന്നത്?
വിഷയം മാററുകയായിരുന്നു ഞാൻ.
കണ്ണിന്റെ ആഴങ്ങളിൽ
ഒരിത്തിരി തീ കൂടി
അണയാതിരിപ്പുണ്ടത്രെ!
ഒരാപ്പിൾക്കഷ്ണം രണ്ടായ് പങ്കിടുന്നതിനിടയിൽ
അവൻ സഞ്ചി തുറന്നു.

# വേനൽക്കുറിപ്പുകൾ

അനിയത്തിയുടെ നേർത്ത നെടുവീപ്പുകൾ....
അമ്മയുടെ അർബുദം തിന്ന മോണകൾ
അനിയന്റെ നീണ്ടു നീണ്ടുവരുന്ന ഞരമ്പുകൾ
എല്ലാററിനും മേലെ
മുളക്കാനിട്ട ഒരു ഹൃദയവും ഒരു ചോദ്യവും!!
വേനലിലേക്ക് തന്നെ വാതിൽ തുറന്നിട്ട്
സുഹൃത്ത് തിരിച്ചു പോവുന്നു.

## ദൈവവും സുഹൃത്തും

കോൺക്രീററ് മന്ദിരങ്ങളിൽ
ദൈവം ഉറങ്ങിക്കിടക്കുകയാണ്.
എന്റെയും നിന്റെയും ദൈവം
ഇന്നൊന്നും പറയാത്ത ഒരുഭിക്ഷുവാണ്.
പടിഞ്ഞാട്ടുനോക്കി കണ്ണുതുടയ്ക്കുന്ന അമ്മ
ഇന്ന് എന്റെയും നിന്റെയും മാത്രമല്ല.
വേദനയറിയാത്ത കാൽമുട്ടുകളിൽ തഴമ്പുകയറുന്നു.
ദൈവം പണക്കാരന്റെ മാന്ത്രികച്ചെപ്പാണെന്ന്
പറഞ്ഞവന്
പകരം നൽകേണ്ടിവന്നത് സ്വന്തം ജീവിതംതന്നെ
യാണ്.
നമുക്ക് നഷ്ടപ്പെടാൻ എന്താണുള്ളത്?
ഏതു ചൂടിനും തണുത്തു കിടക്കുന്ന
ഒരു മാംസപിണ്ഡം മാത്രമല്ലാതെ!

## പ്രണയത്തിന്റെ കുതിരകൾ

സ്വപ്നം ചവച്ചുതിന്നുന്ന പ്രണയത്തിന്റെ കുതിരകൾ
സന്ധ്യയിലേക്ക് കുതിക്കുന്നു
സന്ധ്യ
വിഹ്വലതകൾ പൂവം കെട്ടിയ ഒരു തുരുത്താണ്.
കരയുന്ന കാററാടി മരങ്ങളുടെ
തുളവീണതണലിൽ നിന്നു കിതയ്ക്കുന്ന പെൺകുട്ടി
സന്ധ്യകളെയോർത്ത് നെടുവീർപ്പിടുന്നു.
ഇന്ന് പ്രണയത്തിന്റെ തിരുനാളാണല്ലൊ!
നിനക്ക് സമ്മാനമായികൊണ്ടുവന്ന കുപ്പിവളകളെല്ലാം
പൊട്ടിപോയതായി ഞാനറിയുന്നു
മറവാക്കില്ലാതെ തിരിച്ചു പോരുന്നു.

## ഒരു യുദ്ധവാർത്ത

മനുഷ്യന്റെ പവിത്രമായ ചിരിയിൽ
സിഫിലിസുപോലെ യുദ്ധം പടർന്നുകയറുന്നു.
നാട്ടറിവുകളിലൂടെ
ചാരമായിപ്പോയ പതിനായിരം പട്ടാളക്കാർ മാർച്ചു
ചെയ്യുന്നു.
കുഞ്ഞുങ്ങളുടെ അടഞ്ഞുപോയ ശ്വാസനാളങ്ങൾ....
ചോരയൊഴുകുന്ന മുലക്കണ്ണുകളിലിപ്പോൾ വാത്സല്യമില്ല
ജീവിതം വിശുദ്ധമായതാണെന്നാരും പറയുന്നില്ല.
പുനർജന്മങ്ങളെക്കുറിച്ച് ആരും വിലപേശുന്നില്ല
എല്ലാ ഉറവകളും വററിച്ച്
നമുക്കിവിടെയൊരു ബോംബുകയിച്ചിടാം.

## മാപ്പു സാക്ഷി

ഒന്നമായിത്തീരാത്ത എൻെറ ജീവിതമിന്ന്
എട്ടുകാലിയുടെ ചിറിയിൽ ഉണങ്ങാതെ കിടക്കുന്ന
ഇയാംപാററയുടെ ചിറകാണ്.
പകലറുതികളിൽ ഒരു മാലാഖയെ പോലെ
നീയെൻെറ ജീവനുള്ള ശവം കാണാനെത്തുന്നു.
നിൻെറ സ്വകാര്യതകളിലെവിടെയോ
എന്നെങ്കിലും പൊട്ടിത്തെറിച്ചേക്കുമെന്ന പ്രതീക്ഷയോടെ
എൻെറ യൗവനവും ഓമനിയ്ക്കപ്പെടുന്നുണ്ടാവാം.
വികാരങ്ങൾക്ക് തിരിച്ചറിവ് നഷ്ടപ്പെട്ട
എൻെറ വൃത്തികെട്ട സംഭാഷണങ്ങളിൽ
നീ നാളെയെക്കുറിച്ച് വേദിക്കുന്നുണ്ടാവാം.

## തഴുതിട്ട വാതിലുകൾ

എൻെറ വീടിന്നെനിക്കൊരു പരിഹാരമല്ല
എല്ലാ മുറികളും തഴുതിട്ടിരിക്കുന്നു
എൻെറ കവിതകളെനിക്കൊരു മറുപടിയല്ല
എല്ലാ വരികളിലും ഉറമ്പുകൾ ചത്തുകിടക്കുന്നു.
ഇളം മഞ്ഞനിറമുള്ള ചുമരിൽ
ആരോ വരച്ച സ്ത്രീയുടെ അഢിരൂപത്തിനു താഴെ
ഒരു മുറിഞ്ഞ കൈപത്തിയാണുള്ളത്.
അരണ്ട വെളിച്ചം മാത്രം വീഴുന്ന ഇടനാഴികകളിൽ
പല്ലികളുടെ മോങ്ങലുകൾ മാത്രമാണ് കേൾക്കുന്നത്.
ഒഴിഞ്ഞ മനസ്സും ഒന്നുമെഴുതാത്ത കടലാസുമായി
ഞാൻ തിരിച്ചു പോവുന്നു.
എൻെറ വീടിന്നെനിക്കൊരു പരിഹാര മാകുന്നില്ല
എൻെറ കവിതകളെനിക്കൊരു മറുപടിയാകുന്നില്ല.

## ചുവന്ന കുന്നുകൾ

(വേലായുധന്)

— അകലെ
ചുമന്ന മെയ്മരങ്ങളുടെയും ദുസ്വപ്നങ്ങളുടെയും കുന്നിൽ
ഏകാന്തത ചട്ടിച്ച് കടന്നുപോവുന്ന
ഒഴിഞ്ഞസായഹ്നങ്ങളിൽ
നീയെന്നെകുറിച്ചോർക്കുന്നുണ്ടാവും.
സുഹൃത്തേ
എൻെറജനനതിയ്യതിക്കും ദിനാന്ത്യകുറിപ്പുകൾക്കുംതാഴെ
നിൻെറ വാക്കുകൾ കൂടി ഞാൻ എഴുതിച്ചേർക്കുന്നു.
കറുപ്പുതുവാലകൊണ്ട് പൊതിഞ്ഞുകെട്ടിയ എൻെറ സ്വാതന്ത്ര്യത്തിനും
വിലപേശപ്പെട്ട എൻെറ പ്രണയത്തിനും മേലെ
നിൻെറ അട്ടഹാസങ്ങൾ കൂടി തുന്നിചേർക്കുന്നു.

നീ —
സൂര്യനിലേക്ക് കൈകൾനീട്ടുന്ന കരുത്തനാണല്ലോ.
നീ —
പ്രാതുഹഞാവിൻെറ കരങ്ങളിലേക്ക്
സ്വന്തം ഹൃദയം പറിച്ചെറിയുന്നവനാണല്ലൊ.
നീ —
തീവണ്ടികളുടെ പരുക്കൻ കുതിരകൾക്കും
താഴ്വരകളുടെ തീരാത്ത ശവദാഹത്തിനും
സ്വാന്തംചോര പിഴിഞ്ഞുകൊടുക്കുന്നവനാണെല്ലൊ ....

## കവിതയും കുരിശും

കെ. ഇ. എന്ന്

കവിത ഇന്ന് അറുത്തിട്ട കൈകളാണ്
അത് കല്ലുടയ്ക്കുന്നവൻെറ കരളിലേക്ക് പറന്നുപോവുന്നില്ല.
സുഹൃത്തിൻെറ വരണ്ട മനസ്സിന് തണുപ്പുകൊടുക്കുന്നില്ല
അമ്മയുടെകുത്തിയൊലിക്കുന്ന കണ്ണീർ തുടച്ചുമാററുന്നില്ല
അധികാരിയുടെ മിന്നുന്ന വാളിനുമേതെ
പൊതിഞ്ഞുകെട്ടിയ അപ്പവും കിലുങ്ങുന്ന വെള്ളിയും—
കലാപകാരിയുടെ കത്തുന്ന കണ്ണുകളിൽ
ചാരനിറമാന്ന ആകാശവും ചലം നിറഞ്ഞ സ്വപ്നവും—
ഏഴുശൂലങ്ങളും കവിയുടെ നെഞ്ചിലേക്ക് തന്നെ തിരിച്ച് വരുന്നു
ആത്മഹത്യയുടെ മരങ്ങളെവിടെയെന്ന് ചോദിക്കുന്നു.
ഒററയ്ക്കാവുക എന്നത് ഭീഭൽസമാണ്
വാക്കു തെററിച്ചവർ പിരിഞ്ഞുപോയിരിക്കുന്നു.
ഒരു മുഖത്തിനു മുമ്പിൽ വേറൊന്ന്
ഒരു വാക്കിനുള്ളിൽ മററൊന്ന്
ഒററക്ക് നിൽക്കുന്നവൻ കുരിശേറേണ്ടവനാണ്
കുരിശ് സ്വാതന്ത്ര്യത്തിൻെറ സാക്ഷാത്കാരമാണല്ലൊ

## അഞ്ചാം മുറിവിൻെറ വേദന

മറിയമേ
കുരിശേററപെടുന്നവൻെറഹൃദയം
നിൻെറ പ്രണയം പോലെ വിശുദ്ധമാണ്.
ഈമെഴുകുതിരിക്കാലുകൾ അണയ്ക്കാതിരിക്കുക.
പങ്കുവെച്ച അത്താഴവും
നിൻെറ കണ്ണീരുപോലെ പവിത്രമായസ്നേഹവും
ലക്ഷ്യത്തിൻെറ അപൂർണ്ണതയിൽ
ബലിയായിപോയ ആടിൻെറ ചോരയും
ഇതാനിനക്ക് സാക്ഷിപറയുന്നു.
മറിയമേ, ഈമെഴുകുതിരികാലുകൾ അണയാതിരിക്കുക

— സുരേഷ് ബാബു എം.